കൊണ്ടിരിക്കുക'യാണ്. കൂട്ടത്തിൽ മാവോ ചിന്തയും മററ് മാർക്സിസ്റ്റ് സാഹിത്യങ്ങളും പഠിക്കുകയും. അദ്ദേഹത്തിന് ഇനിയും 'ഒരുപാട് ദൂരം പോകേണ്ടിയിരിക്കുന്നു'.

നാൽപ്പതിലേറെ വയസ്സുള്ള ലിയ വെൻ യുവാൻ 1950 ലാണ് പാർടിയിൽ ചേർന്നത്. 1960ൽ അദ്ദേഹം യൂണിവേഴ്സിററി ബിരുദമെടുത്തു. അതിനുശേഷം സിയാനിലെ 24–ാംമിഡിൽ സ്കൂളിലെ ഡീൻ സ്ഥാനം വരെ ഉയരുകയും ചെയ്തു. പക്ഷെ, കർഷകൻ എത്ര കഠിനമായാണ് അധ്വാനിക്കുന്നത് എന്ന കാര്യം അദ്ദേഹം ഒരിക്കലും മനസ്സിലാക്കിയിരുന്നില്ല. പിന്നെ അദ്ദേഹത്തിനെങ്ങനെ പഠിപ്പിക്കാൻ കഴിയും? ഇപ്പോൾ അദ്ദേഹം 'പാടത്തു്' കായികാധ്വാനം ചെയ്യുന്ന ഒരു വൃചി ചാൻഷിഹ്—മെയ് ഏഴ് പോരാളി — ആണ് അദ്ദേഹം ഇപ്പോഴും 'സമര'ത്തിൻെറയും (ദുഷിച്ച വർഗ പാരമ്പര്യത്തിൽ നിന്നു സ്വയം മോചിപ്പിക്കുന്നതിനു വേണ്ടിയുള്ള സമരം) സ്വയം വിമർശനത്തിൻെറയും ഘട്ടത്തിലാണ്. നൂതനമായ ലോക വീക്ഷണമുള്ള ഒരു സഖാവായി സ്വയം മാററിയെടുക്കാനാവുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

അദ്ദേഹത്തിൻെറ തൊട്ടടുത്ത് ഇരുന്നത് 38 വയസ്സുകാരനായ വാങ്ങ്യിപിങ്ങ് ആണ്. സിയാൻ യുവകമ്യൂണിസ്ററ് ലീഗിൻെറ—അതിപ്പോൾ പുനസംഘടിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്—മുൻ സെക്രട്ടറിയാണ് വാങ്ങ്. 1948 കാലത്ത് യെനാൻ സമരത്തിൽ പങ്കെടുത്ത ഒരു വിപ്ലവവിദ്യാർഥിയാണദ്ദേഹം. സ്വച്ഛജീവിതവും റിവിഷനിസ്റ്റ് നേതൃത്വത്തിലുള്ള പാർടിയിൽ നിന്നു ലഭിച്ച പ്രത്യേക പരിഗണനകളും അദ്ദേഹത്തെ നഗരത്തിൻെറ ദുഷിച്ച മാർഗങ്ങളിലേക്ക് തള്ളിവിട്ടു. കഷ്ടപ്പാടുകളെ അയാൾ വിസ്മരിച്ചു. അയാൾഒരു ബ്യൂറോക്രാററ് ആയി മാററിയിരുന്നു. ബ്യൂറോക്രാററുകളെക്കുറിച്ച് മാവോ പറയുന്നതിങ്ങനെയാണ്: ''ബ്യൂറോക്രാററുകളും തൊഴിലാളികളും ദരിദ്രരും ഇടത്തരക്കാരുമായ കർഷകരും ശത്രുതാപരമായ വൈരുധ്യങ്ങളോടുകൂടിയ വർഗങ്ങളാണ്. ബ്യൂറോക്രാററുകൾ, തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മുതലാളിത്ത കഴുകന്മാരായി മാറുകയായിരുന്നു. അവർക്കെങ്ങനെയാണ് കാര്യങ്ങളെക്കുറിച്ച് വേണ്ടത്ര ഗ്രാഹ്യമുണ്ടാവുക? വാങ്ങ് സ്കൂളിൽ

വന്നിട്ട് രണ്ടുവർഷമായി. ഇതുവരെയും അയാൾ ഒരു ആക്ററിവിസ്ററായി കഴിഞ്ഞിട്ടില്ല. പക്ഷെ, അയാൾ സ്കൂളിലെ ഒന്നാം നമ്പർ നെൽകൃഷി കമ്പനിയുടെ നേതാവായി കഴിഞ്ഞിരിക്കുന്നു. അതുതന്നെ പുരോഗതിയാണ്.

''തുടക്കത്തിൽ ഞങ്ങൾക്ക് നിരവധി 'ഒടിവുകളും വളവുകളും' നിവർക്കേണ്ടതായി വന്നു.'' സ്കൂളിന്റെ ഡയറക്ടറായ ലി പറഞ്ഞു. സിയാനിൽ നിന്ന് 800 ലി (240 മൈൽ) അകലെ കാട്ടിൽ ഒരു വിദ്യാലയം സ്ഥാപിക്കുന്നതെന്തിനാണ്? വിദ്യാർഥികളിൽ ചിലർക്ക് കഷ്ടപ്പാടുകളെ അഭിമുഖീകരിക്കാൻ ഭയമായിരുന്നു. അവരെ മനക്കട്ടിയുള്ളവരാക്കിത്തീർക്കുന്നതിന് ഞങ്ങൾ ഒരേർപ്പാടുണ്ടാക്കി. സ്കൂളിൽ ചേർന്ന ഉടനെ എല്ലാവരും 180 ലി അകലെയുള്ള യെനാനിലേക്കും അവിടെ നിന്നു തിരിച്ചും കാൽനടയായി മാർച്ച ചെയ്യണം എന്നതു് ഒരു പതിവാക്കി മാററി. 359–ാം ബ്രിഗേഡിലെ വന്ദ്യവയോധികരിൽ പലരെയും ഞങ്ങൾ ഇങ്ങോട്ടു ക്ഷണിച്ചു. അവർ തങ്ങൾക്ക് അനുഭവിക്കേണ്ടി വന്ന ''കഠിന യാതന'' കളെക്കുറിച്ച് വിദ്യാർഥികളോട് സംസാരിച്ചു. ക്രമത്തിൽ, ഇവിടുത്തെ അന്തേവാസികളുടെ മനസ്സിൽ ചെയർമാൻ മാവോയുടെ നേർക്ക് ശക്തമായ ഒരു തൊഴിലാളി വർഗ മനോഭാവം സൃഷ്ടിച്ചെടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാലയം സ്ഥാപിക്കുന്നതിന് നന്നിവാൻ തന്നെ തെരഞ്ഞെടുത്തതിന്റെ ഔചിത്യം ഇപ്പോൾ മനസ്സിലായല്ലോ.

''ഞങ്ങൾ ഇവിടെ പഴയകാലത്തെ പുനർജനിപ്പിക്കുകയാണ്. തുടക്കത്തിൽ കാര്യങ്ങൾ വളരെ മോശമായിരുന്നു. പൊളിഞ്ഞ ഗൃഹങ്ങളും ചുരുക്കം ചില കെട്ടിടങ്ങളുമാണ് ഞങ്ങൾക്കുണ്ടായിരുന്നതു്. കാട് പിടിച്ചു കിടക്കുന്ന കൃഷി നിലങ്ങൾ, ഞങ്ങളുടെ പക്കൽ വളരെച്ചുരുക്കം കാർഷികോപകരണങ്ങളെ ഉണ്ടായിരുന്നുള്ളു. സിയാനിൽ നിന്ന് സഹായം ആവശ്യപ്പെടണോ? ഭൂരിഭാഗമാളുകളും വേണ്ടെന്നു പറഞ്ഞു. ഞങ്ങൾ 359-ാം ബ്രിഗേഡ് കാണിച്ച ഉജ്ജ്വലമായ സ്വാശ്രയത്തിന്റെ മാതൃക പിൻതുടർന്നു. ഞങ്ങൾ മരത്തടികളുപയോഗിച്ച് കട്ടിലുകളും മേശകസേരകളുമുണ്ടാക്കി. വീടുകൾ നിർമിച്ചു. ഉപകരണങ്ങളും കുട്ടകളുമുണ്ടാക്കി. ഓടും ഇഷ്ടികയും നിർമിക്കാൻ പഠിച്ചു.

''ഞങ്ങൾ സ്വന്തമായി ഒരു ജനറേററും നിർമിക്കുകയുണ്ടായി—അതിൻെറ നിർമാണത്തിനു് ഞങ്ങൾക്കൊരു വാസ്തു ലഭിക്കുകയുണ്ടായി. കഴിഞ്ഞ കൊല്ലം വസന്തകാലത്തുണ്ടായ വെള്ളപ്പൊക്കത്തിൻെറ ഫലമായി അണക്കെട്ടിൻെറ സ്പിൽവേ മുഴുവൻ 4 ഇഞ്ച് ഉയരത്തിൽ മണ്ണുവന്നടിഞ്ഞു. പാടങ്ങളിലും മണ്ണു നിറഞ്ഞു. 'മലകൾ കിളച്ചുമാററിയ വിഡ്ഢിയായ കിളവനെക്കുറിച്ച്'' ഞങ്ങൾഓർത്തു. അതേ ആവേശത്തോടെ ഞങ്ങൾ സ്പിൽവേയിൽ നിന്നും വയലുകളിൽ നിന്നും കൈകൊണ്ടു് മണ്ണ് നീക്കം ചെയ്തു. ഏതാണ്ടു് 500 ഘനമീററർ മണ്ണാണ് ഇങ്ങനെ നീക്കം ചെയ്തതു്. അതിനുശേഷം ഞങ്ങൾ പാടത്തു് പുതുതായി ഞാറുനട്ടു. അത്തവണ ഒന്നാന്തരം വിളവുകിട്ടി. സ്വാശ്രയബോധം ഞങ്ങളുടെ മാനസികകാഴ്ചപ്പാടിനെ തന്നെ ആകെ മാററിമറിച്ചു. ''രണ്ടുകൈകൾ കൊണ്ടു് നേടാനാവാത്തതൊന്നുമില്ല.'' അതായിരുന്നു ഞങ്ങളുടെ മുദ്രാവാക്യം.

അതങ്ങനെ. ഉച്ചയ്ക്കുശേഷമുള്ള സമയം വയലുകളൊക്കെ നടന്നു കാണാനാണു് ഞങ്ങൾ വിനിയോഗിച്ചതു്. അവിടെ വച്ചു് ഞങ്ങൾ കൂടുതൽ 'പോരാളി'കളെ കണ്ടുമുട്ടി. വൃത്തിയായി തയാറാക്കിയിട്ടുള്ള വയലുകളും ഉറപ്പുള്ള പുത്തൻ കെട്ടിടങ്ങളും കണ്ടു. മലഞ്ചെരിവിലുള്ള ഗ്രഹകളിൽ, വൃത്തിയായി നിർമിച്ചിട്ടുള്ള പന്നിവളർത്തൽ കേന്ദ്രങ്ങളാണു് ഞങ്ങൾ അവസാനമായി സന്ദർശിച്ചതു്. കർഷകരെപ്പോലെ, ലളിതമായ ജോലികൾ ചെയ്യുന്നതിൽ സംതൃപ്തരായ ഒരു വിഭാഗം ആളുകൾ. അന്നു്, അവിടെ വച്ചു് അവരുടെ പ്രശംസാർഹമായ ആവേശത്തെക്കുറിച്ചു് എനിക്കു മതിപ്പു തോന്നുകയുണ്ടായി. അവർ ഉപയോഗിക്കുന്ന ശക്തമായ സമൂഹ ചികിത്സയെക്കുറിച്ചു് എനിക്കെന്തായ തോന്നുകപോലും ചെയ്തു. ഇപ്പോൾ, മടങ്ങിവന്നു് ബൂർഷ്വാ ചുററുപാടുകളിലിരുന്നുകൊണ്ടു്, അന്നുകണ്ട കാര്യങ്ങളെക്കുറിച്ചു് എഴുതുമ്പോഴാണു് ഞാൻ ആലീസിൻെറ അത്ഭുതലോകത്തിലെ 'വെള്ളത്തറാണി'യെ ഓർത്തുപോകുന്നതു്. ''എനിക്കതു വിശ്വസിക്കാൻ കഴിയുന്നില്ല''. ആലീസ് പറഞ്ഞു. ''ഇല്ലേ?'' സഹതാപാർദ്രമായ സ്വരത്തിൽ റാണി ചോദിച്ചു. ''നിനക്കു് വേണ്ടത്ര പരിശീലനം ലഭിച്ചിട്ടില്ല. അതാണു് കാര്യം. എനിക്കു നിൻെറ പ്രായമായിരുന്നപ്പോൾ ഞാൻ

എന്നും അരമണിക്കൂർ നേരം അതു് പരിശീലിക്കുമായിരുന്നു. എന്തിനു്, ചിലപ്പോഴൊക്കെ പ്രാതലിനു സമയമാകുന്നതിനു മുൻപ് ആറുവരെ അവിശ്വസനീയമായ കാര്യങ്ങൾ മെനഞ്ഞെടുത്തു് വിശ്വസിക്കുമായിരുന്നു.''

അനേകലക്ഷമാളുകൾ മെയ് ഏഴ് സ്കൂളുകളിൽ പരിശീലനം നേടിയിട്ടുണ്ട്. ഭാവിയിൽ പാർടി പ്രവർത്തകരെല്ലാം ഇത്തരം പരിശീലനത്തിനു് വിധേയരാവുമെന്നാണ് പറയപ്പെടുന്നതു്. എന്റെ ദ്വിഭാഷി, യാവൊ വെയി, ഒരു വർഷക്കാലം അത്തരമൊരു കമ്യൂൺ സ്കൂളിൽ പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യയും—അവർ ഒരു റഷ്യൻ ഭാഷാ വിദഗ്ധയാണ്—അവിടെയുണ്ടായിരുന്നു. എന്റെ പഴയ സുഹൃത്തുക്കളിലൊരാളും ഇപ്പോൾ ഐക്യരാഷ്ട്ര സഭയിൽ ചൈനയുടെ സ്ഥിരം പ്രതിനിധിയുമായ ഹുവാങ്ങ് ഹുവയും അദ്ദേഹത്തിന്റെ ഭാര്യയും—അവരും ഒരു പാർടി നേതാവാണ്—1969ൽ ഇത്തരം 'പരും വരുത്തൽ' പ്രക്രിയയ്ക്കു് വിധേയരായിട്ടുണ്ട്. വിദേശ കാര്യാലയങ്ങളിൽ നിന്നു് തിരിച്ചു വിളിച്ച് ചൈനീസ് നയതന്ത്ര പ്രതിനിധികളെയും കമ്യൂണുകളിലോ അത്തരത്തിലുള്ള മററു സ്ഥാപനങ്ങളിലോ അയച്ചിട്ടുണ്ട്.

കലാകാരന്മാരോ? മാവോ ഒരിക്കൽ ഇങ്ങനെ പറഞ്ഞുവത്രെ ''നമുക്കു് ഓപ്പറാ ഗായകന്മാരെയും കവികളെയും നാടകകൃത്തുക്കളെയും എഴുത്തുകാരെയുമൊക്കെ നഗരങ്ങളിൽ നിന്നു് ആട്ടിയോടിക്കാം; അവരെ ഗ്രാമപ്രദേശങ്ങളിലേയ്ക്കയക്കാം. അവർ പല ഗ്രൂപ്പുകളായി, പല സമയങ്ങളിലായി ഉൾപ്രദേശഗ്രാമങ്ങളിലേക്കും ഫാക്ടറികളിലേക്കും നീങ്ങട്ടെ. മുഴുവൻ സമയവും ഓഫീസുകളിൽ ചടഞ്ഞു കൂടാൻ അവരെ ഒരിക്കലും അനുവദിക്കരുതു്; അവർക്കു് അവിടെയിരുന്നു് ഒന്നും എഴുതാനാവില്ല''[3] അങ്ങനെ അവരും പോവുകയുണ്ടായി. പട്ടണങ്ങളിൽ ചിലരെപ്പററി അന്വേഷിച്ചപ്പോൾ അവരിൽ പലരും ഇപ്പോഴ 'പതപ്പെടുത്തലിനു്'' വിധേയരക്കൊണ്ടിരിക്കുകയാണെന്നു് എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞു.

ഇവരെല്ലാവരും ആത്മാർഥമായി 'ശുദ്ധീകരിക്കപ്പെട്ടിട്ടുണ്ടോ'? തീർച്ചയായും എല്ലാവരും ഇച്ഛ.ബലം പ്രയോഗിച്ചാണ്

[3] ജെറാം ചെൻ, Mao Papers. നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്.

ഇക്കൂട്ടരെ 'കീഴോട്ടയക്കുന്നതെങ്കിൽ' ഇതിലും വളരെക്കുറച്ചുപേർ മാത്രമേ പരിവർത്തനത്തിനു വിധേയരാവൂ. ഈ പ്രത്യേക വ്യവസ്ഥ കുറെക്കൂടി സങ്കീർണമായ രീതിയിലാണ് പ്രവർത്തിച്ചു വരുന്നത്. ഒരു സീസൺ മുഴുവൻ വെയിലത്ത് ജോലിചെയ്യാനവസരം ലഭിച്ച എന്റെ ഒരു പഴയ സുഹൃത്ത് ഇക്കാര്യം വിശദീകരിച്ചു തരുകയുണ്ടായി.

''ഇങ്ങനെയാണതു നടക്കുന്നത്. സാധാരണയായി നിങ്ങൾ ഏതു ജോലിയിലേർപ്പെട്ടിരുന്നാലും, നിങ്ങൾ ഒരു സ്ക്വാഡിലെ അംഗമായിരിക്കും; സ്ക്വാഡ് ഒരു കമ്പനിയുടേയും. ആഴ്ചയിൽ രണ്ടോ മൂന്നോവട്ടം ദിവസത്തിൽ രണ്ടു മണിക്കൂർ വീതം നിങ്ങൾ സ്റ്റഡീക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതുണ്ട്. ആഴ്ചയിലൊരിക്കലോ മറ്റോ നിങ്ങൾ മററ് സ്ക്വാഡുകളുമായി കൂടിചേർന്ന് പഠനം നടത്തുന്നു. മാവോ സൂക്തങ്ങൾ വെറുതേ ഉരുവിട്ട് മനപ്പാഠമാക്കുകയല്ല നിങ്ങൾ ചെയ്യുന്നത്. ഏതെങ്കിലുമൊരു വിഷയത്തെക്കുറിച്ച് മാവോ ഏഴുതിയിട്ടുള്ള കാര്യങ്ങൾ നിങ്ങൾ ഉച്ചത്തിൽ വായിക്കുന്നു. അതിനുശേഷം, പ്രായോഗികതലത്തിൽ എന്താണതിന്റെ പൊരുൾ എന്നതിനെക്കുറിച്ച് ചർച്ചചെയ്യുന്നു. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ദൈനംദിന പ്രവർത്തനങ്ങളുടെ രംഗത്ത് യാഥാർഥ്യത്തിൽ നിന്ന് എത്ര വിട്ടുമാറിയാണ് നിങ്ങൾ നിലക്കൊള്ളുന്നത് എന്നതിനെക്കുറിച്ച് വിമർശനങ്ങളിലും സ്വയം വിമർശനങ്ങളിലും ഏർപ്പെടുന്നു. ചിലപ്പോൾ രംഗം വളരെ ചൂടാവും. നിങ്ങളുടെ അഹംഭാവത്തിന് ഉലച്ചിൽ തട്ടും; ആത്മാവ് ശുദ്ധമാകും. ഒരു ആത്മശുദ്ധീകരണത്തിന് സമയമായിരിക്കുന്നു എന്ന് നിങ്ങൾക്ക് സ്വയം തോന്നും. ഇപ്രകാരമാണ് ഓരോരുത്തരും ഗ്രാമപ്രദേശങ്ങളിലേക്ക് പോകാൻ സന്നദ്ധത പ്രകടിപ്പിക്കുന്നത്.''

മതാന്ധയായിത്തീരുന്നതുപോലെ?

''ഇത്തരത്തിലൊരു തോന്നലേഉണ്ടാവുന്നില്ല എങ്കിൽ?''

''അങ്ങനെയും വരാം. പക്ഷെ അൽപ്പകാലം കഴിഞ്ഞ്, നിങ്ങളൊഴികെ മറെറല്ലാവരും പോയിക്കഴിയുമ്പോൾ, നിങ്ങളെ ചൂണ്ടിക്കാണിച്ചു കൊണ്ട്, കൂട്ടുകാർ ഓരോന്നു പറഞ്ഞു തുടങ്ങും. എല്ലാ കണ്ണുകളും നിങ്ങളിൽ കേന്ദ്രീകരിക്കപ്പെടുന്ന

ലെ തോന്നും. പിന്നെ നിങ്ങളുടെ ഊഴമായി. അവർ നിങ്ങളെ സഹായിക്കാൻ ശ്രമിക്കുകയാണെന്ന് നിങ്ങളറിയുന്നു. ചില സന്ദർഭങ്ങളിൽ ഒരു ഗ്രൂപ്പ്, അല്ലെങ്കിൽ സ്ക്വാഡ് ഒന്നടങ്കം, ഗ്രാമപ്രദേശങ്ങളിലേക്കു പോകാനുള്ള അനുവാദം തേടിയെന്നു വരും. നിത്യേന ചെയ്യുന്ന ജോലികളിൽ നിന്ന് അൽപ്പകാലത്തേക്ക് വിട്ടു നിൽക്കുക, എന്താണ്. അധ്വാനമെന്ന് മനസ്സിലാക്കുക, അതു് എല്ലാവർക്കും നല്ലതാണ്. ഞങ്ങളെല്ലാം അനുഭവങ്ങളിലൂടെ കൂടുതൽനല്ലവരായി തിരിച്ചു വന്നവരാണ്.''

നിങ്ങൾക്ക് ചെറുപ്പമാണെങ്കിൽ ഈ പ്രക്രിയ കൂടുതൽ എളുപ്പവും രസകരവുമായി അനുഭവപ്പെടും. കുറേക്കൂടി പ്രായമായ ഒരാളെയോ, അല്ലെങ്കിൽ ഒരു വിദഗ്ധനെയോ സംബന്ധിച്ചിടത്തോളം, ആകെക്കൂടി അവശേഷിച്ചിരിക്കുന്ന ഒരിത്തിരി സമയം വൃഥാ നഷ്ടപ്പെടുത്തുന്നതുപോലെയല്ലേ തോന്നുക? മുൻപ് കായികാധ്വാനത്തിൽ ഏർപ്പെടുകയേ ചെയ്തിട്ടില്ലാത്ത ആളുകളെ സംബന്ധിച്ചിടത്തോളം ഇതു് തികച്ചും ദുസ്സഹമായിരിക്കും. സ്ക്വാഡ് നേതൃത്വം 'ചീത്ത'യാണെങ്കിൽ പറയുകയും വേണ്ട, തങ്ങളുടെ കായികശേഷിക്ക് നിരക്കാത്ത ജോലികളിൽ ഏർപ്പെട്ട് — മാസങ്ങളോളംവയലുകളിൽ മുട്ടുകുത്തിയിഴയുകയും മാറാം ചുമക്കുകയും ചെയ്ത്, ഏറെ കഷ്ടപ്പെട്ട പലരെയും എനിക്കറിയാം. ബുദ്ധിജീവികളെസംബന്ധിച്ചു പറയുകയാണെങ്കിൽ, അവർക്കനുഭവിക്കേണ്ടി വരുന്ന മനോവ്യഥയാണ് ഏറെ ദുസ്സഹം—കായികാധ്വാനത്തെ പുച്ഛിച്ചു തള്ളുന്ന കാര്യത്തിൽ ചൈനീസ് ബുദ്ധിജീവികളോളം ഔദ്ധത്യം മററാരും കാണിച്ചിട്ടില്ല എന്നോർക്കുക—വായിക്കാനോ എഴുതാനോ പിടിപ്പില്ലാത്ത കർഷകനെയോ യോദ്ധാവിനെയോ തനിക്ക് സമനായി കാണുക എന്നതിനെക്കുറിച്ച് ചൈനീസ് ബുദ്ധിജീവിക്ക് ഓർക്കാനേ കഴിയില്ല.

കായികാധ്വാനവും ബുദ്ധിപരമായ ജോലികളും സംയോജിപ്പിക്കുക എന്നതു്, ചൈനീസ് ബുദ്ധിജീവികളെ സംബന്ധിച്ചിടത്തോളം തികച്ചും പുതിയ ഒരനുഭവമായിരുന്നു. അമേരിക്കൻ ബൂർഷ്വാ സമൂഹത്തിൽ പോലും ഈ രീതി നിലവിലുണ്ട് എന്ന വസ്തുത—ഈ സ്ഥിതിക്ക് ഇപ്പോൾ മാററം വന്നിട്ടുണ്ട്—അവർക്ക് വിശ്വസിക്കാൻ കഴിഞ്ഞിരുന്നില്ല. എന്റെ കാര്യം തന്നെയെടുക്കാം. ഇരുപത്തിമൂന്നു വയസ്സ് തികയുന്ന

തിനു മുൻപു തന്നെ ഞാൻ പ്രൂഫ്റീഡറായും വെയ്റ്ററായും കൃഷിപ്പണിക്കാരനായുമൊക്കെ പ്രവർത്തിക്കുകയുണ്ടായി (സ്കൂളവധിക്കാലത്തും സ്കൂൾ സമയത്തിനുശേഷവുമായി). പിന്നീട് ഞാനൊരു നാവികനായി. അതിൽ എനിക്കഭിമാനമുണ്ട്. അങ്ങനെ, അധ്വാനത്തിന്റെ മഹത്വം മനസ്സിലാക്കാനും നിഷ്ക്രിയത്വത്തെ വെറുക്കാനും ഞാൻ പഠിച്ചു. പക്ഷെ, ഇപ്പോൾ അത്തരം ജോലികൾ എന്നെ ആകർഷിക്കാറില്ല. മാത്രമല്ല, ധനസമ്പാദനത്തിനോ പരിചയസമ്പാദനത്തിനോ വേണ്ടി അധ്വാനിക്കുന്നതും രാഷ്ട്രീയോദ്ദേശ്യത്താൽ പ്രചോദിതരായി അധ്വാനിക്കുന്നതും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും ഇന്ന് ഞാൻ ബോധവാനാണ്. ഞാൻ ഒരിക്കലും കർഷകരുടെയോ തൊഴിലാളികളുടെയോ ''തുല്യ നിലയിലാവാൻ'' പരിശ്രമിച്ചിട്ടില്ല. അത്രത്തോളം, എന്റെ അധ്വാനത്തിൽ ആത്മീയബലം കുറവുമായിരുന്നു. മുതലാളിത്ത രാജ്യങ്ങളിലെയെല്ലാം അധ്വാനത്തിന്റെ സ്ഥിതി ഇതുതന്നെയാണ്.

ഈ വിഷയത്തിൽ നിന്ന് മാറും മുൻപ് മററു ചിലകാര്യങ്ങൾ കൂടി സൂചിപ്പിക്കേണ്ടതുണ്ട്. റിവിഷനിസ്റ്റുകൾ, പ്രതിവിപ്ലവകാരികളായി മുദ്രകുത്തപ്പെടുന്നവർ മുതലായവരുടെ വളരെ ഗുരുതരമായ കുറ്റങ്ങൾക്ക്, മെയ് ഏഴ് പോരാളികളാകാൻ സന്നദ്ധരാവുക എന്നതിനേക്കാൾ കഠിനമായ ശിക്ഷകൾ ലഭിക്കും. നിരവധി കുമിന്താങ് ചാരന്മാർ, അട്ടിമറിക്കാർ തുടങ്ങിയവരെ തങ്ങൾ പിടികൂടിയിട്ടുണ്ടെന്നാണ് റെഡ്ഗാർഡുകൾ അവകാശപ്പെടുന്നത്. 'ജനങ്ങളുടെ ശത്രുക്കളെ പ്പോലും' അടിക്കുകയോ മററുവിധത്തിൽ ദേഹോപദ്രവമേൽപ്പിക്കുകയോ ചെയ്യരുതെന്ന് ചെയർമാൻ മാവോ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരുന്നുവെങ്കിലും നിരവധി സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ ഉപദേശം ശ്രദ്ധിക്കപ്പെടാതെ പോവുകയാണുണ്ടായത്. സാംസ്കാരിക വിപ്ലവത്തിന്റെ ആദ്യനാളുകളിൽ കഴമ്പില്ലാത്ത ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് റെഡ്ഗാർഡുകൾ അറസ്റ്റു ചെയ്ത ആളുകളുടെ എണ്ണം നിരവധിയാണ്. കസ്റ്റഡിയിലായിക്കഴിഞ്ഞാൽ ഏതൊരാളുടേയും രാഷ്ട്രീയവും കുടുംബപരവുമായ മുഴുവൻ പശ്ചാത്തലവുംപരിശോധിക്കേണ്ടതുണ്ട്. വിപ്ലവക്കമ്മററികൾ രൂപം കൊള്ളുകയും

തകരുകയും ചെയ്തുകൊണ്ടിരുന്ന ആദ്യഘട്ടത്തിൽ, ഒരുകൂട്ടക്കാർ അറസ്റ്റു ചെയ്തവരെ മറുകൂട്ടക്കാർ പുറത്തുവിടുകയും തങ്ങളെ കുററപ്പെടുത്തിയവരോട് പകപോക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പതിവ് തുടർന്നു പോന്നിട്ടുണ്ടാകാം. സായുധസേന ഇടപെട്ട വിഭിന്ന വിഭാഗക്കാരെ ഒതുക്കിത്തീർക്കുമ്പോഴേക്കും മേൽപറഞ്ഞ തരത്തിലുള്ള ആയിരക്കണക്കിന് കേസുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടിവന്നു. ഈ പരിവർത്തനഘട്ടങ്ങളിലെല്ലാം തങ്ങളുടെ ശത്രുക്കളിൽ ചിലരെ, ആത്മഹത്യാപരമായ നടപടികളിലേക്ക് വലിച്ചിഴയ്ക്കും വിധം ക്രൂരമായി കുററപ്പെടുത്തുന്ന ഒരു വിഭാഗമാളുകളുണ്ടായിരുന്നു. കുററാരോപണത്തിന് പാത്രമായവരിൽ ഏറിയ പങ്കും ''നല്ലകമ്യൂണിസ്റ്റുകളെ''കുന്നതിനുള്ള നിയമങ്ങൾ നടപ്പാക്കാനുള്ള വ്യഗ്രതയിൽ, ചില ചില്ലറ തെററുകൾ ചെയ്തുപോയ, കൊള്ളാവുന്നവരും പ്രധാനികളുമായ വിപ്ലവകാരികളായിരുന്നു എന്നോർക്കണം.

സാംസ്കാരിക വിപ്ലവത്തെ സംബന്ധിച്ചുള്ള രണ്ടു കാര്യങ്ങളിൽ തനിക്ക് വിയോജിപ്പു തോന്നിയിട്ടുണ്ട് എന്ന് മാവോ സെതുങ്ങ് എന്നോടു പറയുകയുണ്ടായി. അതിലൊന്ന് നുണ പ്രചാരണമായിരുന്നു (വാച്യമായ ചതിവിനെക്കാൾ ഭേദമാണ് തുറന്ന യുദ്ധം.) ...

മാവോയെ ഒട്ടുവളരെ വേദനിപ്പിച്ച രണ്ടാമത്തെ കാര്യം, തടവുകാരുടെ നേർക്കുള്ള മോശമായ പെരുമാററമായിരുന്നു. മുൻകാലങ്ങളിൽ റെഡ് ആർമിയും ജനകീയ വിമോചന സേനയും പിൻതുടർന്നു വന്ന രീതി അതല്ല....

ഞാൻ ലൂയിസ് കരോളിന്റെ വാക്കുകൾ ഒരിക്കൽ കൂടി ഉദ്ധരിക്കുകയാണ്: ''ഞാൻ നിന്നോട് മൂന്നുവട്ടം ആവർത്തിച്ചു പറയുകയാണ്: അത് സത്യമാണ്''. പക്ഷെ തന്റെ പേരുപയോഗിച്ച് അധികാര സ്ഥാനങ്ങളിൽ കടിച്ചു തൂങ്ങുന്നവർക്കിടയിൽ, താൻ മുന്നൂറു വട്ടം പറഞ്ഞാലും മനസ്സിലാക്കാത്തവരുണ്ട് എന്ന വസ്തുത മററാരെക്കാളും കൂടുതൽ അറിയുന്നത് മാവോയ്ക്കായിരുന്നു. അല്ലെങ്കിലും, ആരോ പറഞ്ഞിട്ടില്ലേ, ''വിപ്ലവം ഒരു വിരുന്നു സൽക്കാരമല്ലെന്ന്....?''. ആരായിരുന്നു അത്?

18

സായുധസേനയും ജനങ്ങളും

യൂണിഫോറം ധരിച്ച ആളുകളെ, ചൈനയിലെല്ലായിടത്തും കാണാം. പക്ഷെ, അവരിൽ ഭൂരിഭാഗവും ജനങ്ങളുടെ ഇടയിൽ ആയുധം ധരിച്ചല്ല നടക്കുന്നതു്. അവരുടെ പെരുമാററമാണെങ്കിൽ തികച്ചും മാതൃകാപരമായിരുന്നു. ചൈനയിൽ സായുധസേനാംഗങ്ങൾക്കു് വമ്പിച്ച ജനപ്രീതി നേടാൻ കഴിഞ്ഞിട്ടുണ്ടു് എന്ന വസ്തുത ഏതൊരു സന്ദർശകനും വളരെപ്പെട്ടെന്നു് കാണാൻ കഴിയും. പബ്ലിക്കു് സ്ഥലങ്ങളിൽ നിരവധി കൊച്ചു ചെമപ്പു ഭടന്മാരെ കാണാം. ഞാൻ കാണാനിടയായ മിക്കവാറും കുടുംബങ്ങളെല്ലാം തങ്ങളുടെ ഒരു മകനോ മകളോ എങ്കിലും ജനകീയ വിമോചന സേനയിൽ പ്രവേശനം ലഭിക്കുന്നതിനാവശ്യമായ ഉന്നത നിലവാരത്തിലെത്തിക്കാനാൻ ആഗ്രഹിക്കുന്നവരാണു്. ഭരണഘടനയിൽ, പൗരന്മാരുടെ 'അവകാശങ്ങളുടെയും കടമകളുടെയും' കൂട്ടത്തിൽ സായുധസേനാ സേവനവും ഉൾപ്പെടുത്തിയിട്ടുണ്ടു്. ബാരക്കുകളിലും പുറമെയുമായി ഞാൻ കാണാനിടയായ സായുധസേനാംഗങ്ങളിൽ ആരും തന്നെ സൈനിക സേവനം 'തന്റെ മനസ്സാക്ഷിക്കു് എതിരായ ഒരു പ്രവൃത്തി'യാണെന്നു് അഭിപ്രായപ്പെടുകയുണ്ടായില്ല. ഭാവിയിൽ താൻ ഏർപ്പെടാനിടയുള്ള യുദ്ധങ്ങളിൽ ഒന്നിൽ ''തെററുകാരൻ'' തന്റെ രാജ്യമായേക്കാം എന്നു് സ്വപ്നത്തിൽ പോലും അവർക്കു് വിചാരിക്കാൻ പററിയിരുന്നില്ല[1].

തികഞ്ഞ അച്ചടക്കവും ജനാധിപത്യ സ്വഭാവവും പുലർത്തുന്ന ഒരു തൊഴിലാളി—കർഷക സായുധ സേനയാണ്

---

1 **Red China Today** എന്ന പുസ്തകം കാണുക. നേരത്തെ ഉദ്ധരിച്ചിട്ടുണ്ടു്.

ചൈനയിലുള്ളതു്. ചൈനീസ് സായുധ സേന അതിന്റെ പ്രൗഢിയുടെ പാരമ്യത്തിലെത്തിയിരിക്കുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ച നിരവധി ദിശകളിൽ അവർ നേതൃത്വപരമായ ചുമതലകൾ വഹിച്ചു വരുന്നുണ്ട്. മററു രാജ്യങ്ങളിലെ സായുധ സേനകളുമായി താരതമ്യപ്പെടുത്തുമ്പോൾ ചൈനയിലെ സായുധസേന ജനങ്ങളെ സംബന്ധിച്ചിടത്തോളം അത്ര വലിയൊരു ഭാരമായി തീരുന്നില്ല എന്ന കാര്യത്തിൽ സംശയമില്ല. അവർ സ്വയം സംരക്ഷിക്കുന്നു. അവർ ഉപഭോഗം ചെയ്യുന്ന ആഹാരസാധനങ്ങളിൽ ഭൂരിഭാഗവും അവർ തന്നെയാണു് ഉൽപ്പാദിപ്പിക്കുന്നതു്. അനാവശ്യമായ പരിവാരങ്ങളൊന്നും അവർക്കില്ല. ഫാക്ടറികളിലോ വയലുകളിലോ അടിയന്തിര സഹായമെത്തിക്കാൻ അവർ എപ്പോഴും സന്നദ്ധരാണു്.

1959നുശേഷം ജനകീയ വിമോചന സേനക്കു് യെനാൻ കാലഘട്ടത്തിലെ അതിന്റെ 'പ്രവർത്തനശൈലി' ഏതാണ്ടു് തിരിച്ചു കിട്ടി കഴിഞ്ഞിരിക്കുന്നു. റഷ്യൻ സായുധസേനയെ അനുകരിച്ചുകൊണ്ടു് ഏർപ്പെടുത്തിയ റാങ്കു് അടയാളങ്ങൾ—തോളിൽ ധരിക്കുന്ന ബാഡ്ജുകൾ, പ്രത്യേകമായി തയ്ച്ച യൂണിഫോറങ്ങൾ. കട്ടിത്തൊപ്പികൾ, മെഡലുകൾ—എല്ലാം അറുപതുകളുടെ ആദ്യഘട്ടത്തിൽ തന്നെ അപ്രത്യക്ഷമായി. ഓഫീസർമാരും സാധാരണ ഭടന്മാരും പരസ്പരം വിമർശിക്കുന്ന രീതിയും ഓഫീസർമാർ ഇടയ്ക്കൊക്കെ അണികളിൽ സേവനമനുഷ്ഠിക്കുന്ന രീതിയും പുനസ്ഥാപിതമായി. എല്ലാ ഓഫീസർമാരും അണികളിൽനിന്നു് ഉയർന്നു വന്നിട്ടുള്ളവരാണു്. വേതന നിരക്കു്, ജീവിതസൗകര്യങ്ങൾ എന്നിവയുടെ കാര്യത്തിൽ കൂടുതൽ തുല്യത നടപ്പാക്കപ്പെട്ടു. പക്ഷെ യെനാനിലെ കാലത്തുണ്ടായിരുന്ന 'തുല്യത'യുടെ അടുത്തൊന്നും ഇപ്പോഴും എത്തിയിട്ടില്ല.

സായുധസേനാംഗങ്ങളുടെ പരിശീലനത്തിൽ രാഷ്ട്രീയത്തിനു് വലിയ പ്രാധാന്യമുണ്ടു്, രാഷ്ട്രീയമാകട്ടെ ജനങ്ങളുമായുള്ള ബന്ധമാണു്. സായുധസേനാംഗങ്ങൾ മനപ്പാഠമാക്കുകയും (*പാടുകയും*) ചെയ്യേണ്ട എട്ടു് ശ്രദ്ധേയമായ നിയമങ്ങളുണ്ടു്—ഇതു് ആദ്യത്തെ ചെമപ്പു സേനയിലുണ്ടായിരുന്ന അതേ കാര്യങ്ങളാണു്: ഭവ്യതയോടെ സംസാരിക്കുക; ജനങ്ങളിൽ

നിന്നു് വാങ്ങിക്കുന്ന സാധനങ്ങൾക്കെല്ലാം ന്യായമായ വില കൊടുക്കുക; ജനങ്ങളിൽ നിന്നു് വായ്പ വാങ്ങുന്ന വസ്തുക്കളെല്ലാം തിരിച്ചു നൽകുക; നിങ്ങൾ കേടുവരുത്താനിട വരുന്ന സാധനങ്ങളുടെയെല്ലാം വില നൽകുക; ജനങ്ങളെ മർദിക്കുകയോ ചീത്ത വിളിക്കുകയോ ചെയ്യാതിരിക്കുക; വിളകൾ നശിപ്പിക്കാതിരിക്കുക; സ്ത്രീകളോട് അമിത സ്വാതന്ത്ര്യം കാണിക്കാതിരിക്കുക; തടവുകാരോട് അപമര്യാദയായി പെരുമാറാതിരിക്കുക. ഇതിനു പുറമെ പ്രധാനമായ മൂന്നു് 'അച്ചടക്ക നിയമ'ങ്ങളുണ്ട്. എല്ലാ പ്രവർത്തനങ്ങളിലും കല്പനകൾ അനുസരിക്കുക; പൊതുജനങ്ങളിൽ നിന്നു് ഒരു സൂചിയോ ഒരിഴ നൂലോ പോലും അപഹരിക്കാതിരിക്കുക; പിടിച്ചെടുത്ത വസ്തുക്കളെല്ലാം തിരിച്ചു കൊടുക്കുക.

ഇതിനു പുറമെ ''മൂന്നുക്കു് എട്ട് പ്രവർത്തന ശൈലി'' എന്നറിയപ്പെടുന്ന ഒരേർപ്പാടുണ്ട്. ചൈനീസ് ഭാഷയിൽ മൂന്നു വാക്യങ്ങളും എട്ട് അക്ഷരങ്ങളും ഉപയോഗിച്ചാണ് ഇതു് വിശദീകരിക്കുന്നതു്. ഉറച്ചതും ശരിയായതുമായ രാഷ്ട്രീയ സ്വഭാവം, സരളവും കഠിനവുമായ പ്രവർത്തന ശൈലി, അയവുള്ള അടവും തന്ത്രങ്ങളും എന്നിവയാണ് മൂന്നു വാക്യങ്ങൾ. എട്ട് അക്ഷരങ്ങൾ കുറിക്കുന്നതാകട്ടെ: ഐക്യം, ജാഗ്രത, ആത്മാർഥത, ഊർജസ്വലത എന്നീ ഗുണങ്ങളെയാണ്. ചില വ്യക്തികൾക്കും കമ്പനികൾക്കും ''നാലു്നന്മ'' സർട്ടിഫിക്കറ്റുകൾ ലഭിക്കാറുണ്ട്. അതിനർഥം ആ വ്യക്തി അല്ലെങ്കിൽ കമ്പനി, ''മൂന്നുക്കു് എട്ട്'' പ്രവർത്തന ശൈലിയിലും രാഷ്ട്രീയവും സൈദ്ധാന്തികവുമായ പ്രവർത്തനത്തിലും സൈനിക പരിശീലനത്തിലും നിത്യജീവിതത്തിലും മാതൃകാപരമായിത്തീർന്നിരിക്കുന്നു എന്നാണ്.

ഒരു കുടുംബത്തിൽ ആർക്കെങ്കിലും ''നാലു നന്മ'' അവാർഡ് ലഭിച്ചാൽ കുടുംബമാകെ അതിൽ അഭിമാനം കൊള്ളുകയും അവാർഡ് ചില്ലിട്ട് പെയർമാൻ മാവോയുടെ ചിത്രത്തിനു സമീപം തൂക്കുകയും ചെയ്യുന്നു.

ചുരുക്കിപ്പറഞ്ഞാൽ ആശയപരമായ ഉറപ്പിനു് താഴെയാണ് സൈനിക പരിശീലനത്തിന്റെ സ്ഥാനം. 'രാഷ്ട്രീയത്തെ അമരത്തിലിരുത്തുക' എന്നു മാവോ വാക്യമാണ് ഇതിനു നിദാനം. ''നാലു് പ്രഥമങ്ങൾ'' എന്നറിയപ്പെടുന്ന നിർദേശക

തത്വം ശ്രദ്ധിക്കുക: ''മനുഷ്യനേയും ആയുധത്തേയും കണക്കിലെടുക്കുമ്പോൾ മനുഷ്യനാണ് ഒന്നാംസ്ഥാനം; രാഷ്ട്രീയ പ്രവർത്തനങ്ങളും മററു തരം പ്രവർത്തനങ്ങളുംതമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ഒന്നാം സ്ഥാനം രാഷ്ട്രീയത്തിനാണ്, രാഷ്ട്രീയ പ്രവർത്തനത്തിലെ ആശയപരമായ പ്രവർത്തനങ്ങളെയുംദൈനംദിന പ്രവർത്തനങ്ങളെയും കണക്കിലെടുക്കുമ്പോൾ ആശയപരമായ പ്രവർത്തനങ്ങൾക്കാണ് ഒന്നാം സ്ഥാനം; ആശയപരമായ പ്രവർത്തനങ്ങളുടെ കാര്യത്തിൽ തന്നെ പുസ്തകങ്ങളിലെ ആശയങ്ങളേയും ജനഹൃദയങ്ങളിൽ സ്ഥാനം പിടിപ്പിച്ചിട്ടുള്ള ജീവത്തായ ആശയങ്ങളെയും താരതമ്യപ്പെടുത്തുമ്പോൾ രണ്ടാമതു പറഞ്ഞതിനാണ് ഒന്നാം സ്ഥാനം നൽകേണ്ടത്.''

'ആയുധങ്ങളെക്കാൾ പ്രധാനം മനുഷ്യനാണ്'' എന്ന മാവോ തത്വമാണ് മേൽപ്പറഞ്ഞതിലെല്ലാം പ്രതിഫലിക്കുന്നത്. ധാർമികവും രാഷ്ട്രീയവുമായ ഘടകങ്ങൾക്ക് പ്രാമുഖ്യം നൽകാതെ മെച്ചപ്പെട്ട ആയുധങ്ങളോ നിരവധി നിരവധി ആളുകളോ ഉണ്ടായതുകൊണ്ട് ഫലമില്ല. പൗരാണിക ചൈനയിലെ പ്രമുഖ യുദ്ധതന്ത്രജ്ഞനായ സൺ ത്സുവിന്റെ (350–450 ക്രി.മു)ഉപദേശങ്ങൾ എത്രയോ മുൻപു തന്നെ മാവോ സ്വായത്തമാക്കിയിരുന്നു. അതിന്റെ പ്രതിഫലനം മാവോ തത്വത്തിൽ ഉടനീളം കാണാം. സൺത്സുവിന്റെ *യുദ്ധകല* എന്ന ഗ്രന്ഥം നിത്യനൂതനമാണ്; ജ്ഞാനനിബദ്ധമാണ്. സൺത്സുവിന്റെ അഭിപ്രായത്തിൽ തന്ത്രത്തിന് അഞ്ച് അടിസ്ഥാന ഘടകങ്ങളാണുള്ളത്. അതിൽ ഏററവും പ്രധാനം ധാർമികമായ സ്വാധീനത്തിനാണ്. ഈ ഘടകമാണ് ജനങ്ങളെ അവരുടെ നേതാക്കളുമായി സമരസപ്പെടുന്നതും മരണത്തിൽ പോലും ഒരു ഭയവും കൂടാതെ നേതാക്കളെ പിൻതുടരാൻ അവരെ പ്രേരിപ്പിക്കുന്നതും. [2]

'രാഷ്ട്രീയത്തെ അമരത്തിലിരുത്തുക' എന്നതിന്, ജനകീയ വിമോചനസേന ആധുനിക ആയുധങ്ങളേയും അവയുടെ വിദഗ്ധമായ ഉപയോഗത്തെയും വെറുക്കുന്നു എന്നൊന്നും അർഥമില്ല. മാവോ പറഞ്ഞു ''രാഷ്ട്രീയവും സാങ്കേതിക ശാസ്ത്രവും

---

2 Sun-Tzu, Art of War, തർജമ സാമുവൽ ഗ്രിഫിത്ത്. ന്യൂയോർക്ക്, 1963.

സമന്വയിപ്പിക്കേണ്ടതാണ്'''. ''ഇതാണ് ചെമപ്പനും വിദഗ്ധനുമാവുക എന്നതിന് അർഥം.'' ചൈനയുടെ ആയുധബലത്തെ വിലയിരുത്താൻ പാശ്ചാത്യ രാജ്യങ്ങളിലെ രഹസ്യാന്വേഷണ വിദഗ്ധർ നടത്തുന്ന ശ്രമങ്ങളുമായി മത്സരിക്കാൻ ഞാൻ ഇവിടെ ഒരുമ്പെടുന്നില്ല. പക്ഷെ, 3,000,000 ത്തിലധികം സ്ഥിരം സൈനികരടങ്ങുന്നതും ലക്ഷക്കണക്കിന് പരിശീലനം ലഭിച്ച റിസർവുകളുടെയും ഉപസൈന്യങ്ങളുടെയും പിൻബലമുള്ളതുമായ ജനകീയ വിമോചനസേന ഏഷ്യയിലെ ഏററവും അപ്രതിരോധ്യമായ കരസൈന്യമാണ് എന്ന വസ്തുതയെ ആരും ചോദ്യം ചെയ്യുമെന്നു തോന്നുന്നില്ല. ജനകീയ വിമോചനസേനയുടെ ലഘു ആയുധങ്ങളും ഘന ആയുധങ്ങളും വിമാനരോധതോക്കുകളും വിയത്നാം യുദ്ധത്തിൽ വളരെ ഫലപ്രദമായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. അത്തരത്തിലുള്ള ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും കാര്യത്തിൽ ജനകീയ വിമോചനസേന തികച്ചും സ്വയം പര്യാപ്തമാണ്. അറുപതുകളുടെ ആദ്യകാലം മുതൽക്കുതന്നെ, ചൈന, റഷ്യൻ മാതൃകയിലുള്ള മിഗ്—19 വിമാനങ്ങളുടെ എൻജിനുകൾ സ്വന്തമായി നിർമിച്ചു തുടങ്ങിയിരുന്നു. 1970 ആയപ്പോഴേക്കും അവർ സ്വന്തമായി ഡിസൈൻ ചെയ്ത ജെററ് വിമാനങ്ങൾ നിർമിച്ചു തുടങ്ങിയതായി പറയപ്പെടുന്നു. ഇവ, മിഗ് വിമാനങ്ങളേക്കാൾ മുന്തിയതാണത്രെ. ചുരുങ്ങിയ തോതിൽ ലഘു, ഇടത്തരം ജെററ് ബോമ്പർ വിമാനങ്ങളും അവർ നിർമിച്ചു വരുന്നുണ്ട്.

കര—വ്യോമ സേനകളുടെയും അന്തർവാഹിനികളുടെയും കാര്യത്തിൽ വൻശക്തികൾക്ക് വളരെ പുറകിലാണ് ചൈന. എങ്കിലും സാധാരണ മട്ടിലുള്ള ആയുധങ്ങൾ ഉപയോഗിച്ച് തങ്ങളുടെ മഹത്തായ പ്രതിരോധ ശക്തിയെ പരീക്ഷിക്കുന്നൊരു ങ്ങുന്ന ഏതൊരാക്രമിയേയും തിരിച്ചോടിക്കാൻ ആവശ്യമായ സംയുക്ത സൈനിക ബലം അവർക്കുണ്ട്. 1971 ആയപ്പോഴേക്കും ചെറുതെങ്കിലും മോശമല്ലാത്ത ഒരണുവായുധ ശേഖരവും അവയ്ക്കാവശ്യമായ വിതരണ സൗകര്യവും ചൈന സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. മുൻപ് അണ്വായുധ ഭീഷണികളെക്കുറിച്ചോർക്കുമ്പോൾ അനുഭവപ്പെട്ടിരുന്ന നിസ്സഹായവസ്ഥയ്ക്ക് ഇതുമൂലം ഒട്ടുവളരെ ശമനമുണ്ടാക്കി. ഇപ്പോൾ, ഒരുശക്തികൾ,

ന്വിച്ച തിരിച്ചടികളേൽക്കാതെ ചൈനയെ അണ്വാക്രമണ വിധേയമാക്കാൻ കഴിയുകയില്ല എന്ന സ്ഥിതി വന്നിരിക്കുന്നു. ഭൂഖണ്ഡാന്തര ബോംബുവാഹിനികൾ കൂടി ആയപ്പോൾ ജനകീയ റിപ്പബ്ലിക്കിനെ ഒരു യഥാർഥ്യമായി അംഗീകരിക്കാനും അതുമായി സഹകരിക്കാനും സമാധാനപരമായി സഹവർത്തിക്കുന്നതിനുമുള്ള യുക്തിസഹമായ ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ നിക്സൺ ഭരണകൂടം നിർബന്ധിതമായി.

ഇതെല്ലാം മിക്ക ''ജനങ്ങൾ''ക്കും മനസ്സിലായിട്ടുണ്ട് എന്നാണെന്റെ വിശ്വാസം. ജപ്പാൻകാരും പാശ്ചാത്യരുമായ ആക്രമണകാരികൾ വരുത്തിവച്ച അവമാനകരവും നാശോന്മുഖവുമായ ഒരു നൂററാണ്ടു കാലത്തെ ജീവിതത്തിനുശേഷം സ്വയം പര്യാപ്തതയും കരുത്തും ആർജിക്കുന്നതിനുവേണ്ടി ചൈനീസ് രാഷ്ട്രം നടത്തിയ പ്രവർത്തനങ്ങളിൽ തങ്ങൾ വഹിച്ച പങ്കിനെക്കുറിച്ച്, പ്രസന്നവദനരായ വൃദ്ധകർഷകർ പോലും അഭിമാന പൂർവം സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം, ചൈനീസ് രാഷ്ട്രത്തിന്റെ ആയുധങ്ങൾ തങ്ങളുടെ പൊതുവായ നേട്ടമാണ്. തങ്ങളുടെ വിലയേറിയ ആധ്വാനത്തിന്റെ ഫലമായി നേടിയിട്ടുള്ളതാണ്. ഈ ആയുധങ്ങൾ തങ്ങളുടെ 'സ്വന്തമായി' കണക്കാക്കാൻ പ്രചാരണ വിദ്യാഭ്യാസം അവരെ പഠിപ്പിക്കുന്നു. പക്ഷെ എല്ലാവരും അങ്ങനെ വിശ്വസിക്കുന്നുണ്ടോ? '5 ശതമാനം പേർ' ഇപ്പോഴും 'സോഷ്യലിസത്തിന് എതിരാണെന്ന്' മാവോ തന്നെ സമ്മതിക്കുകയുണ്ടായി. ഈ അഞ്ചു ശതമാനം പേർ— അതിൽ കൂടുതലോ കുറവോ?—തങ്ങളെ തങ്ങളുടെ പൈതൃക ഭൂമിയിൽ നിന്ന് അകററി നിറുത്തുന്ന, താവോയിസ്റ്റ് സന്യാസികളും ധനികരും, 'ഉയർന്ന ഉദ്യോഗസ്ഥ'ന്മാരുമാകുന്നതിൽ നിന്ന് തങ്ങളെ തടയുന്ന, സ്വേച്ഛാപരരായ കലാകാരന്മാരോ 'യാഥാർഥ്യവുമായി ബന്ധമില്ലാത്ത പുസ്തകങ്ങൾ രചിക്കുന്ന എഴുത്തുകാരോ ആകാനനുവദിക്കാത്ത, ഒരു മർദകനായാണോ സായുധസേനയെ കാണുന്നത്? മാസം തോറും ഹോങ്ങ്കോങ്ങിലേക്ക് പലായനം ചെയ്യുന്ന നൂറുകണക്കിന് ആളുകളിൽ ഭൂരിഭാഗത്തിനും പ്രേരണയായി വർത്തിക്കുന്നതു് പണമുണ്ടാക്കുക എന്ന പഴയ സ്വപ്നം തന്നെയാണ്. അവരുടെ കൂട്ട

ത്തിൽ പി.എൽ.എയിലെ തലമുതിർന്ന ആളുകളിലാരെയെങ്കിലും കാണുക സാധ്യമല്ല.

വ്യക്തിസമ്പത്തിനെ വെറുക്കാൻ സൈനികരെ പഠിപ്പിക്കുന്ന "ഒരു മഹാവിദ്യാലയമാണ് സായുധസേന" മാവോ ആവർത്തിച്ച് പറഞ്ഞു കൊണ്ടിരുന്ന ഒരു കാര്യമാണിത്. അവർ രാഷ്ട്രീയവും സൈനിക, സാംസ്കാരിക കാര്യങ്ങളും പഠിക്കുകയും കാർഷികോൽപാദന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യണം. സായുധസേനയ്ക്ക് സ്വന്തം ആവശ്യങ്ങൾക്കുള്ള വസ്തുക്കൾ നിർമിക്കുന്നതിന് (വസ്തുക്കൾ കൈമാറി തുല്യമുള്ള വസ്തുക്കൾ വാങ്ങുകയും ചെയ്യാം) ചെറുകിട, ഇടത്തരം പണിശാലകൾ സ്ഥാപിക്കാവുന്നതാണ്. ഇങ്ങനെ അനേകലക്ഷം സൈനികർ സൈനിക–വിദ്യാഭ്യാസ സൈനിക-കാർഷിക,-സിവിലിയൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നു. 3

'ആണികളുണ്ടാക്കാൻ നല്ല ഇരുമ്പ് ഉപയോഗിക്കരുത്, സൈനികരെ ഉണ്ടാക്കാൻ നല്ല മനുഷ്യരേയും' ഇതായിരുന്നു പഴയ ചൈനീസ് പഴംചൊല്ല്. കുമിന്താങ്ങ് ചൈനയിൽ നിർബന്ധ സൈന്യസേവനത്തിന് വിധിക്കപ്പെട്ട നിരക്ഷരകൃഷികളെ കുത്തിൽ കയറിട്ട് വലിച്ചിഴയ്ക്കുന്ന കാഴ്ച ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. ശമ്പളവും റേഷനുമൊക്കെ ഓഫീസർമാർ തട്ടിയെടുക്കുകയായിരുന്നു പതിവ്. ആക്ഷേപം പറഞ്ഞവരെയൊക്കെ അവർ തല്ലിച്ചതച്ചു. കരിഞ്ചന്തയും ബിസിനസ്സുമൊക്കെ ഓഫീസർമാർ തന്നെയാണ് നടത്തിവന്നിരുന്നത്. സ്വന്തം രാഷ്ട്രീയദേവിയും സ്വന്തം കുടുംബവുമായിരുന്നു അവരുടെ മുഖ്യപരിഗണനകൾ. സൈനികർ നിരന്തരമായി അവഗണിക്കപ്പെട്ടു (തെക്കൻ വിയത്നാമിലെ ഏ ആർ വി എൻ ഓഫീസർമാർക്കിടയിലെന്നപോലെ). പക്ഷെ ഇന്നത്തെ പി.എൽ.എ സൈനികന്റെ സ്ഥിതി അതല്ല. അയാൾക്ക് അക്ഷരാഭ്യാസമുണ്ട്. ഒരു നല്ല സൈനിക കമാണ്ടർ എങ്ങനെയായിരിക്കണം എന്നതിനെപ്പററി മാവോപറഞ്ഞിട്ടുള്ള കാര്യങ്ങൾ അയാൾ വായിക്കാറുണ്ട്. തന്റെ അവകാശങ്ങൾ എന്തെല്ലാമാണ് എന്നയാൾക്കറിയാം. സമര–വിമർശന സമ്മേളനങ്ങ

3 ജെറോം ചെൻ, Mao Papers നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്.

ളിൽവച്ച് തനിക്കുള്ള ആക്ഷേപങ്ങൾ ഉന്നയിക്കാൻ അയാൾക്ക് അവസരമുണ്ട്. അഴിമതിക്കാരായ ഓഫീസർമാർ തീരെ ഇല്ല എന്നൊന്നും പറഞ്ഞുകൂടാ. പക്ഷെ അത്തരക്കാരുടെ എണ്ണം തന്നെ കുറവ് വിവാഹ പൂർവ ലൈംഗിക ബന്ധങ്ങളേക്കാൾ കുറവാണ്.

ഗുണപരമായി ഇത്രയും മെച്ചപ്പെട്ട സായുധസേനയുടെ അടിസ്ഥാന ശമ്പളം—സംരക്ഷണച്ചെലവ് എന്നിവയ്ക്കായി ജനങ്ങൾ വഹിക്കേണ്ടിവരുന്ന മൊത്തം ചെലവ് അവിശ്വസനീയമാംവിധം കുറവാണ്. അതെത്രയാണ്?

1970ൽ ചൈന സന്ദർശിച്ചപ്പോൾ ഒരത്താഴവിരുന്നിൽ ഞാൻ ഇരുന്നത് നീ യുങ്ങ് ചെന്നിന്റെ തൊട്ടടുത്താണ്. 1936 ലാണ് ചെന്നിനെ ഞാൻ ആദ്യമായിപരിചയപ്പെടുന്നത്. പിന്നീട് അദ്ദേഹം ഒരു മാർഷലായിത്തീർന്നു. ഇപ്പോൾ അണുശാസ്ത്രവികസനക്കമീഷന്റെ തലവനാണ്. ബോംബ് സംബന്ധമായ രഹസ്യങ്ങളൊന്നും അദ്ദേഹം എന്നോട് പറയുകയുണ്ടായില്ല. പക്ഷെ, ജനകീയ വിമോചന സേനയെക്കുറിച്ച് വിശദമായി സംസാരിക്കുകയുണ്ടായി. ഓരോ സൈനികനും പ്രതിവർഷം മൂന്ന് ഷർട്ടുകളും ശൈത്യകാല/ഉഷ്ണകാല/പർവതാരോഹണ ഷൂസുകളും ശൈത്യ/ഉഷ്ണകാല യൂണിഫോറങ്ങളും ഇഷ്ടം പോലെ ഭക്ഷണവും ലഭിക്കുന്നു. കുടുംബാംഗങ്ങളെ സംരക്ഷിക്കാൻ ബാധ്യസ്ഥരായ ആരെയും സാധാരണഗതിയിൽ വിമോചന സേനയിൽ ചേർക്കാറില്ല. പക്ഷെ ചില പ്രത്യേക സാഹചര്യങ്ങളിൽ സായുധസേനാംഗങ്ങളുടെ കുടുംബങ്ങൾക്ക് അലവൻസ് നൽകാറുണ്ട്. സാധാരണ ഗതിയിൽ സൈന്യത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഒരുവിവാഹിതന് പരിശീലനവും വിദ്യാഭ്യാസവും ആരോഗ്യ ശുശ്രൂഷയും വിനോദ സൗകര്യങ്ങളും സൗജന്യമായി ലഭിക്കുന്നു. ഇതിനു പുറമെ ഭക്ഷണം, പാർപ്പിടം, മററ് ജീവിതാവശ്യങ്ങൾ എന്നിവയും സൗജന്യമാണ്. അതിനാൽ അയാൾക്ക് ഓരോ മാസവും അടിസ്ഥാന ശമ്പളമായി ലഭിക്കുന്ന ആറ് യുവാൻ ധാരാളമാണ് എന്നാണ് നീ യുങ്ങ് ചെന്നിന്റെ അഭിപ്രായം.

പിന്നീടൊരിക്കൽ ചെക്യാങ്ങിൽ വച്ച് ഞാൻ കാണാനിടയായ ജനറൽ ചൂ വെൻ ചിയാങ്ങ്, സായുധസേനാംഗങ്ങ

ളുടെ പ്രതിമാസവേതനം 12 മുതൽ 15 വരെ യുവാനാക്കി ഉയർത്തിയിരിക്കുന്നതായി എന്നോട് പറയുകയുണ്ടായി. ഭൂരിഭാഗം ഓഫീസർമാരും അടുത്തകാലത്ത് തങ്ങളുടെ ശമ്പളത്തിൽ സ്വയമേവ 30 ശതമാനം കുറവു വരുത്തിയ വിവരവും ജനറൽ ചൂ തന്നെയാണ് എന്നോടു പറഞ്ഞത്. ഇതനുസരിച്ച്, 1960ലെ വേതന നിരക്കുകളുടെ അടിസ്ഥാനത്തിൽ, ജനറൽമാരുടെ ശമ്പളം പ്രതിമാസം 350 യുവാനായി കുറഞ്ഞിട്ടുണ്ട് 4 (നീ യുങ്ങ്പെന്നിനെ ഞാൻ ആദ്യമായി കാണുമ്പോൾ, റെഡ് ആർമിയിലെ ഓഫീസർമാരുടെ പ്രതിമാസവേതനം കേവലം 5 യുവാനായിരുന്നു). സായുധസേനാ പ്രചാരണ വിഭാഗത്തിലെ ഒരു ലെഫ്റ്റനന്റ് കേണൽ, തന്റെ പ്രതിമാസവേതനം 70 യുവാനാണെന്ന് എന്നോടു സൂചിപ്പിക്കുകയുണ്ടായി—അതായതു് ഏതാണ്ട് 40 ശതമാനം കുറച്ചിരിക്കുന്നു. ഈ മാററങ്ങളൊഴിച്ചാൽ സാംസ്കാരിക വിപ്ലവത്തിന്റെ ഫലമായി ജനകീയ വിമോചനസേനാംഗങ്ങളുടെ വേതനത്തിൽ കാര്യമായ മാററമൊന്നും ഉണ്ടായിട്ടില്ല. ഇടത്തരം ഓഫീസർമാരുടെ വേതനം അതേപടി നില നിന്നു. അതേ സമയം കീഴണികളുടെ ശമ്പളം വർധിക്കുകയും മേലേത്തട്ടിലുള്ളവരുടേതു് കുറയുകയും ചെയ്തിട്ടുണ്ട്.

സിവിലിയൻ സംഘടനകളിലെന്ന പോലെ സായുധസേനയിലും സോഷ്യലിസ്റ്റ് ഭരണക്രമമാണ് പിൻതുടർന്നു വരുന്നതു്. പ്രായം, സേവനകാലം, കുടുംബ ബാധ്യതകൾ, റാങ്ക് എന്നിവ അടിസ്ഥാനമാക്കി ''ഓരോരുത്തരിൽ നിന്നും അവരവരുടെ കഴിവനുസരിച്ച്, ഓരോരുത്തർക്കും അവരവർ ചെയ്യുന്ന ജോലിയനുസരിച്ച്'' എന്ന സിദ്ധാന്തം നടപ്പാക്കപ്പെടുന്നു. എന്നാൽ ഭൂരിഭാഗം ഓഫീസർമാർക്കു ഇപ്പോഴും ക്വാർട്ടേഴ്സുകൾ, കാറുകൾ, തുടങ്ങിയ പ്രത്യേകാനുകൂല്യങ്ങൾ ലഭിച്ചു വരുന്നുണ്ട്.

ഇതെല്ലാം നല്ല കാര്യം തന്നെ. എങ്കിലും പാർട്ടിയുടെ ഉന്നതതലത്തിലുണ്ടായ പിളർപ്പിനെ തുടർന്ന് സായുധസേനക്ക് ലഭിച്ച നിയന്ത്രണാധികാരത്തെക്കുറിച്ച് എന്തോ ഒരു തരം അസ്വസ്ഥത ഇപ്പോഴും നിലനിൽക്കുന്നുണ്ടല്ലോ? പണ്ട് ഏതൊരു കർഷക കുടുംബവും തങ്ങളുടെ ആൺമക്കളിൽ ഒരാളെ ധനവാ

---

4 Red China Today എന്ന പുസ്തകം നോക്കുക.

നും ശക്തനുമാക്കിത്തീർക്കുന്നതിനു് ആഗ്രഹിച്ച്, അവനെ സ്ഥ ളിലയക്കുക പതിവായിരുന്നു. ''ഉയർന്ന നിലയിലുള്ള ഉദ്യോ സ്ഥനായി തീരുന്നതിനു്, കാഡറായിത്തീരുക'' എന്ന പഴ യ മനോഭാവം നിശിതമായി വിമർശിക്കപ്പെട്ടിരുന്നു. മെയ് ഏഴ് സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള കാരണവും അതായിരു ന്നുവെന്നാണ് പറഞ്ഞിരുന്നതു്. പക്ഷെ ''ഉന്നത നിലയിലു ള്ള ഒരു ഓഫീസറാകുന്നതിനുവേണ്ടി സായുധ സേനാംഗമാക ന്ന''മനോഭാവമോ?

നേരത്തെയുള്ള പാർടി അംഗങ്ങളുടെ പത്തിലൊന്നു പോ ലും വരില്ല സായുധസേനാംഗങ്ങൾ എന്നകാര്യം ഓർക്കുക. ഇ ളട്ടർക്കു് ഈ വിശാലമായ രാഷ്ട്രത്തെ—തങ്ങളുടേതായ ഉ ത്പാദന പ്രതിരോധ ചുമതലകൾ നിർവഹിക്കുത ന്നു പുറമേ, ഒററയ്ക്കു് നിയന്ത്രിക്കാനാവുമോ? പക്ഷെ, നേരത്തെ ''മുതലാ ളിത്ത മാർഗം സ്വീകരിക്കുന്നു'' വെന്നു് അപലിക്കപ്പെട്ട പാർ ടിയിലെ ഉന്നതന്മാരും 'വിരലിലെണ്ണാൻ' മാത്രമല്ലേ ഉണ്ടാ യിരുന്നുള്ളു? ഭരണ വിഭാഗത്തിലെ പഴയ പ്രമാണിമാരുടെ മാർഗം പിന്തുടരുന്നതിൽ നിന്നു് പാർടി സായുധസേനാ പ്രമാണി വർഗത്തെ തടയുന്നതെന്താണു്?

1967 മുതൽ താറുമാറായികിടന്ന രാഷ്ട്രത്തെയും പാർടി യുടെ ഉപരിഘടനയേയും പുനർനിർമിക്കുന്നതു സംബന്ധിച്ച ള്ള ഏററവും ഭാരമേറിയ ചുമതലകൾ വഹിക്കുന്ന മനുഷ്യൻ ഈ ചോദ്യത്തിനു് നൽകിയ മറുപടി, ഭാഗികമായി ഞാൻ നേരത്തെ ഉദ്ധരിച്ചു കഴിഞ്ഞു. ലിയു ഷാവോചിയുടെ ഭരണ സംവിധാനത്തിന്റെ പതനത്തിനുശേഷം, ഔദ്യോഗിക സ്ഥാ നത്തു് അവശേഷിച്ച,ഏററവും പരിചയ സമ്പന്നരും ഏററവും ഉന്നത സ്ഥാനം വഹിക്കുന്ന ആളും പ്രധാനമായും ചൂ എൻ ലായി ആയിരുന്നു. വിപ്ലവക്കമ്മററികളുടെ മൂന്നു വിഭാഗങ്ങളി ലും അദ്ദേഹത്തിനു് വമ്പിച്ച സ്വാധീനമുണ്ടായിരുന്നു. ഈ ക മ്മിററികളെ ഏകോപിത ഭരണസംഘങ്ങളാക്കി കൂട്ടിച്ചേർക്കേ ണ്ടിയിരുന്നു. സായുധസേനയുടെ നേതൃത്വത്തിൽ നടന്ന ശുദ്ധീ കരണ പ്രക്രിയയ്ക്കു് വിധേയരായ സാങ്കേതിക വിദഗ്ധന്മാരെ യും പരിചയ സമ്പന്നരായ മററു് പാർടി പ്രവർത്തകരെയും 'വിമോചിപ്പിക്കുക' എന്ന സങ്കീർണ്ണവും സൂക്ഷ്മവുമായ പ്ര

വർത്തനം ഇതിന്റെ ഭാഗമായിരുന്നു. അവരിൽ പലരും, അറിയപ്പെടാത്തവരായി കഴിഞ്ഞുകൂടാനോ, പുതിയ ചുമതലകളിൽ നിന്നു ഒഴിഞ്ഞുമാറാനോ ആണ് ഇഷ്ടപ്പെട്ടിരുന്നത്. അതുപോലെ തന്നെ പ്രയാസകരമായ ഒരു കർത്തവ്യമായിരുന്നു, ഈ പുതിയ സംഘങ്ങളിലേക്ക് തൊഴിലാളി കോൺഗ്രസ്സുകളിൽ നിന്നും (തൊഴിലാളി യൂനിയനുകളുടെ സ്ഥാനത്ത് രൂപം കൊണ്ട പുതിയ സംഘടനകൾ) കർഷക കമ്യൂണുകളിൽ നിന്നുമുള്ള 'പുതുരക്തം' ആവശ്യത്തിനു കലർത്തി, അവയെ പൊതുജനങ്ങളോട്—പാർട്ടേതരരും. സൈന്യേതരരുമായ ഭൂരിപക്ഷത്തോട്—കൂടുതൽ ഉത്തരവാദിത്തം പുലർത്തുന്നവരാക്കി തീർക്കുക എന്നതും.

ഒരു സായുധ സേനാ പ്രമാണി വർഗമോ? സായുധസേനാ ബ്യൂറോക്രാററിക്ക് വ്യവസ്ഥ നിലനിൽക്കുന്നുണ്ടോ? ''ഞങ്ങളുടെ ഈ സോഷ്യലിസ്റ്റ് രാജ്യത്തിൽ, പാർടിയ്ക്കകത്ത് ഞങ്ങളെല്ലാം സമന്മാരാണ്. ഗവണ്മെൻറിൽ ജോലി ചെയ്യുന്നവനും പാർടിയിലോ സായുധസേനയിലൊ സേവനമനുഷ്ഠിക്കുന്നവരും, എല്ലാം. സായുധസേനാംഗങ്ങൾ ധവണ്മെൻറ് സ്ഥാപനങ്ങളിൽ ജോലിക്കു പോയി തുടങ്ങിയാൽ പിന്നെ അവർ ഗവണ്മെൻറ് ജീവനക്കാരാണ്. അവർക്ക് സായുധ സേനാ ചുമതലകളൊന്നുമില്ല. യഥാർഥത്തിൽ അവർ സായുധസേനയിൽനിന്ന് മാററപ്പെടുകയാണ് ചെയ്യുന്നത്. അല്പം ചില വർഷങ്ങൾക്കകം അവർ ഞങ്ങളെപ്പോലെയായിത്തീരും'.''

'ഞങ്ങളെപ്പോലെ' ചൂ എൻ ലായിയെപ്പോലെ എന്നാണോ അർഥം? അൻപതുവർഷത്തെ വിപ്ലവാനുഭവം ചൂവിനെ എല്ലാ ചുററുപാടുകൾക്കും അനുയോജ്യനായ ഒരു വ്യക്തിയാക്കിത്തീർത്തിരിക്കുന്നു. പുതിയ സങ്കരവിഭാഗത്തിന്, തലമുതിർന്ന നേതാക്കൾ വിട്ടൊഴിയും മുൻപെ അവർക്കനുയോജ്യരായ പിൻഗാമികളെ വാർത്തെടുക്കാൻ കഴിയുമോ? കൂടുതൽ ഗ്രാമങ്ങൾ കാണാനായി ഇറങ്ങിത്തിരിക്കവേ ഞാൻ അതേപ്പററി ചിന്തിക്കുകയായിരുന്നു. ●

ഭാഗം അഞ്ച്

ജനകീയ കമ്യൂണുകൾ

19

തുടക്കം

''കൃഷി അസ്ഥിവാരവും വ്യവസായം നേതൃത്വശക്തിയുമാണ്'' എന്ന തത്വമാണ് 1960 മുതൽ ചൈനയുടെ സാമ്പത്തികരംഗത്തെ പ്രവർത്തനങ്ങൾക്ക് നിദാനമായി വർത്തിച്ചിരുന്നത്. ക്ഷാമത്തിന്റെയും പൊതുകുഴപ്പങ്ങളുടേതുമായ ആ കാലഘട്ടത്തിൽ ഘനവ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും കാർഷികമേഖലയിലെ മുതൽമുടക്ക് കുറയ്ക്കുകയും ചെയ്യുക എന്ന നയം ഉപേക്ഷിക്കപ്പെട്ടു. സോവിയററ് സഹായത്തിന്റെ അഭാവത്തിൽ 'സ്വയം പര്യാപ്തത കൈവരിക്കുക' എന്ന മുദ്രാവാക്യം സ്വീകരിക്കുകയല്ലാതെ മററു മാർഗങ്ങളൊന്നുമില്ലായിരുന്നു. കടമെടുത്തിരുന്ന സോവിയററ് ശൈലി ഉപേക്ഷിക്കപ്പെട്ടു. 'വ്യവസായത്തെ കൃഷിയെ സേവിക്കാൻ നിയോഗിച്ചു.' സ്വപരിശ്രമം വഴി ഉൾപ്രദേശങ്ങളിൽ വികസന പരിപാടികൾ നടപ്പാക്കാനും അങ്ങനെ, നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ കൂടുതൽ സംതുലനം കൈവരുത്താൻ പരിശ്രമിച്ചു.

എല്ലാത്തിനുമുപരി ചൈനയിൽ ജീവിക്കുന്ന മനുഷ്യരുടെ ചുററുപാടുകളെ—അതുവഴി മനുഷ്യരേയും—പുതുക്കിപ്പണിയുക എന്നതായിരുന്നു മാവോയുടെ ലക്ഷ്യം. നവീകരണ പ്രവർത്തനങ്ങൾ ഏററവും ശക്തമായി നടക്കേണ്ടത് ചൈനയിലെ ബഹുഭൂരിപക്ഷത്തിന്റെ ആവാസകേന്ദ്രങ്ങളായ ഗ്രാമങ്ങളിലായിരുന്നു.

1971 ആയപ്പോഴേയ്ക്കും കൃഷിക്കുപയുക്തമായ ഭൂമിയുടെ 95 ശതമാനവും കമ്യൂണുകളുടെ കീഴിലായിക്കഴിഞ്ഞിരുന്നു. ഇതിനിടയ്ക്കു ഇപ്പോഴും ചില കർഷകരുടെ സ്വകാര്യ സ്വത്താ

യി അവശേഷിക്കുന്ന ചില ചെറുകിടതോട്ടങ്ങൾ—ഇവ 5–7 ശതമാനം വരും—ഒഴിച്ച് ബാക്കിയുള്ളതെല്ലാം കൂട്ടുടമസ്ഥതയിലുള്ള നിലങ്ങളാണ്. മൊത്തം ഭൂമിയുടെ ഏതാണ്ട് 5 ശതമാനത്തോളം മാത്രമേ ദേശസാൽക്കരിക്കുകയോ സ്റ്റേററ് ഫാമുകളാക്കി മാററുകയോ ചെയ്ത് 'മുഴുവൻ ജനതയുടെയും' ഉടമസ്ഥതായിലാക്കിയിട്ടുള്ളു.

ഒരു വൻകരയോളം വലുപ്പമുള്ള രാഷ്ട്രമാണ് ചൈന. യൂറോപ്പും പടിഞ്ഞാറൻ റഷ്യയും കൂടിച്ചേർന്ന അത്രയും വലിപ്പമുണ്ടതിന്. പക്ഷെ ചൈനയിലെ മൊത്തം ഭൂമിയുടെ മൂന്നിൽ രണ്ടുഭാഗവും ചെങ്കുത്തായ പർവത പ്രദേശങ്ങളും തരിശുഭൂമിയും മരുപ്രദേശങ്ങളും ആണ്. ഭൂമി ഉപയോഗയോഗ്യമാക്കി മാററുന്നതിന് ഇപ്പോഴും കായികാധ്വാനത്തെത്തന്നെയാണ് ആശ്രയിക്കുന്നത്. കൃഷിക്കുപയുക്തമാക്കപ്പെട്ടിട്ടുള്ള ഭൂമിയുടെ മൊത്തം വിസ്തീർണ്ണം, ആകെയുള്ള ഭൂമിയുടെ ഏകദേശം 13 ശതമാനമേ വരൂ. കൃഷിചെയ്യപ്പെടുന്നതും ജനങ്ങൾ ഇടതിങ്ങി പാർക്കുന്നതുമായ പ്രദേശങ്ങൾ മുഴുവൻ ചൈനയുടെ കിഴക്കേ പകുതിയിലാണ് സ്ഥിതി ചെയ്യുന്നത്. ജനസാന്ദ്രത കൂടിയ ഈ പ്രദേശങ്ങളിൽ ലഭ്യമായ ഭൂമിയുടെ ആളോഹരി വിസ്തൃതി 700 ചതുരശ്ര മീററർ മാത്രമാണ്. പക്ഷെ ജൈവ, രാസവളങ്ങളുടെ വൻ തോതിലുള്ള ഉപയോഗം,—രണ്ടും പ്രാദേശികമായി ലഭിക്കുന്നു—ജലസേചന സൗകര്യങ്ങൾ, അത്യുൽപാദന ശേഷിയുള്ള വിത്തുകളുടെയും മെച്ചപ്പെട്ട കൃഷി രീതികളുടെയുംഉപയോഗം എന്നിവയുടെ ഫലമായി മിക്കസ്ഥലങ്ങളിലും രണ്ടും മൂന്നും പൂവൽ കൃഷി ചെയ്യാമെന്നായിട്ടുണ്ട്.

ചൈനയിലെ 1800ഓളം കൗണ്ടികൾ 70,000 ത്തോളം കാർഷിക കമ്യൂണുകളായും അവ, വീണ്ടും 750,000 ഉൽപ്പാദന ടീമുകൾ അഥവാ ഗ്രാമങ്ങളായും വിഭജിക്കപ്പെട്ടിരിക്കുകയാണ്. നിരവധി ഉൽപാദന ടീമുകൾ ചേർന്ന് ബ്രിഗേഡുകളുണ്ടാകുന്നു. കൃഷി ഭൂമിയുടെ ഉടമസ്ഥത വഹിക്കുകയും അതുസംബന്ധിച്ചുള്ള കണക്കുകൾസൂക്ഷിക്കുകയും ചെയ്യുന്ന അടിസ്ഥാന യൂണിററുകളാണ് ഉൽപ്പാദന ടീമുകൾ. ഘന ഉപകരണങ്ങളുടെയും ചെറുകിട വ്യവസായങ്ങളുടെയും ഉടമസ്ഥത വഹിക്കുന്നത് ബ്രിഗേഡുകളാണ്. വലുപ്പത്തിന്റെ കാര്യത്തിൽ ബ്രിഗേഡ്

ഒരു ഹ്സിയാങ് അഥവാ ജില്ലയ്ക്ക് സമാനമാണ്. ഭരണ സംവിധാനത്തിൽ കൗണ്ടികളുടെ ഉപഘടകങ്ങളാണ് കമ്യൂണുകൾ. ഓരോ കമ്യൂണിലും ഏതാനും ബ്രിഗേഡുകൾ ഉണ്ടായിരിക്കും.

കമ്യൂണുകളിൽ അധിവസിക്കുന്ന 55 കോടിയോളം ആളുകൾ തങ്ങളേയും നഗരങ്ങളിലേയും ഉപനാടൻ പട്ടണങ്ങളിലെയും നിവാസികളെയും പോററുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കേണ്ടിയിരിക്കുന്നു; ഏതാണ്ട് 10 കോടി ഏക്കർ സ്ഥലത്ത് ധാന്യവിളകൾ കൃഷിചെയ്യപ്പെടുന്നു. 2 കോടി ഏക്കർസ്ഥലത്ത് പരുത്തി, തേയില, എണ്ണക്കുരുക്കൾ പുകയില എന്നിവയുടെ കൃഷിയും അതിനുപുറമെ കന്നുകാലി വളർത്തലും നടക്കുന്നു. ഈ നിലകളിൽ നിന്ന്, തങ്ങൾക്കും ഗവണ്മെൻറിൻെറ മൊത്തവ്യാപാര ഏജൻസികൾക്കും ലാഭമുണ്ടാകാത്തക്കവണ്ണം മിച്ചവിളവുൽപ്പാദിപ്പിക്കുക എന്നതും തങ്ങളുടെ സ്വന്തം നവീകരണ പ്രവർത്തനങ്ങൾക്ക് (ഏററവും കുറഞ്ഞ ഗവണ്മെൻറ് സഹായത്തോടെ) ആവശ്യമായ മൂലധനം സ്വരൂപിക്കുക എന്നതും കമ്യൂണുകളുടെ ചുമതലയാണ്.

ചൈനയിലെ സോഷ്യലിസത്തിൻെറ മുഴുവൻ ഭാവിയും പരാജയ വിജയ സാധ്യതകളും, ബുദ്ധിപൂർവമായ മാനേജുമെൻറിൻെറയും ഊർജസ്വലമായ അധ്വാനത്തിൻെറയും ഫലമായി കമ്യൂണുകളുടെ സമ്പത്തിൽ ഉണ്ടാകുന്ന സ്ഥിരമായ വർധനവിനെ ആശ്രയിച്ചിരിക്കുന്നു.

1960നുശേഷം, ചൈന സന്ദർശിച്ചു മൂന്നവസരങ്ങളിലുമായി സൈബീരിയൻ അതിർത്തിയിലുള്ള ചൈനയുടെ വടക്കേ അററം മുതൽ വിയത്നാമിനുമുകളിലായി സ്ഥിതി ചെയ്യുന്ന യുനാൻ പ്രദേശംവരെയുള്ള പല സ്ഥലങ്ങളിലെ മുപ്പതോളം കമ്യൂണുകൾ സന്ദർശിക്കാൻ എനിക്കവസരം ലഭിച്ചിട്ടുണ്ട്. ഇത്തവണ ഞാൻ പതിനൊന്നു കമ്യൂണുകൾ സന്ദർശിച്ചു. ഇവയിൽ മൂന്നെണ്ണം 1960 മുതൽക്കുതന്നെ എനിക്കു പരിചിതമാണ്. ഇവ വീണ്ടും സന്ദർശിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണുണ്ടായത്. അവിടങ്ങളിലെ കൃഷിരീതികളിലും ജലസേചന പ്രവർത്തനങ്ങളിലും വൈദ്യുതീകരണം, യന്ത്രവൽക്കരണം, ഭൂമിവീണ്ടെടുക്കൽ, ഭവനനിർമാണം, ചെറുകിടവ്യവസാ

യങ്ങൾ തുടങ്ങിയ രംഗങ്ങളിലുമെല്ലാം പുരോഗതി ഉളവായിട്ടുള്ളതായി എനിക്കു കാണാൻ കഴിഞ്ഞു. കഴിഞ്ഞ എട്ടുവർഷക്കാലത്തെ കാർഷിക പുരോഗതിയുടെ ഫലമായി, അധ്വാനിക്കാൻ കെൽപ്പില്ലാത്തത്ര പ്രായം ചെന്നവർക്ക് പാർട്ടി നൽകിയിട്ടുള്ള 'അഞ്ചു വാഗ്ദാനങ്ങളിൽ' മിക്ക കർഷകരും വിശ്വസിച്ചു തുടങ്ങിയിരിക്കുന്നു. ആവശ്യത്തിന് ഭക്ഷണം, പാർപ്പിടങ്ങളും വസ്ത്രവും, ഇന്ധനം, വൈദ്യശുശ്രൂഷ, യഥാവിധിയുള്ള ശവസംസ്കരണ ഏർപ്പാടുകൾ-ഇവയാണ് അഞ്ചുവാഗ്ദാനങ്ങൾ.

''ആവശ്യത്തിന്?'' പാശ്ചാത്യരാജ്യങ്ങളിലെ ഭൂഉടമകളായ കർഷകരുടെ നിലവാരം വച്ചു നോക്കുമ്പോൾ ചൈനയിലെ കമ്യൂണുകൾ ഇപ്പോഴും വളരെ ദരിദ്രമാണ്. പക്ഷെ അവ നൽകുന്ന ഉപജീവനോപാധികൾ ആവശ്യത്തിനു മതിയാകും. വിപ്ലവത്തിനു മുൻപുള്ള ചൈനയിലെ നിർധനരും നിരക്ഷരരും പട്ടിണിക്കാരും അമിതാധ്വാനം കൊണ്ട് വീർപ്പുമുട്ടുന്നവരുമായ കർഷകർക്ക് സ്വപ്നം കാണാൻപോലും കഴിയാതിരുന്ന വിധത്തിലുള്ളതാണ് ഈ ഉപജീവനോപാധികൾ എന്നോർക്കണം. ●

20

ഹൃദയസ്പ്ർക്കായ ഒരു യാത്ര

വടക്കു പടിഞ്ഞാറൻ ചൈനയിലെ ഷെൻസി സംസ്ഥാനത്തിൻെറ ഉൾപ്രദേശത്തു സ്ഥിതി ചെയ്യുന്ന പാവോ ആൻ (ഇപ്പോൾ ത്സെദാൻ എന്നറിയപ്പെടുന്നു) ആണ് 1970 ൽ ഞാൻ സന്ദർശിച്ച കമ്യൂൺ ബ്രിഗേഡുകളിൽ വച്ച് ഏററവും ദരിദ്രം. ഞാൻ സന്ദർശിച്ച കാലത്ത്, അവിടത്തെ ഓരോ കുടുംബത്തിൻെറയും വാർഷിക വരുമാനം 80 ഡോളറിനു താഴെയായിരുന്നു. (ഒരു ദശാബ്ദത്തിനു മുമ്പുണ്ടായിരുന്ന വരുമാനത്തിൻെറ ഇരട്ടിയാണിത്). ഇതിനു് നേരെ വിപരീതമായിരുന്നു ഷാങ്ങ്ഹായിൽ നിന്നു് ഒരു മണിക്കൂർ യാത്ര ചെയ്താൽ എത്തിച്ചേരാവുന്ന *ഹോഴ്സ് ബ്രിഡ്ജ്* എന്ന 'ധനിക' കമ്യൂണിൻെറ സ്ഥിതി. അവിടത്തെ ജനസംഖ്യ ഏതാണ്ട് 36000 മാണ്. ധാന്യങ്ങളും പരുത്തിയും കൃഷിചെയ്യുന്ന ആ പ്രദേശത്തെ1970 ലെ മൊത്തം വാർഷിക ഉൽപ്പന്ന മൂല്യം, കുടുംബമൊന്നിനു് ഏതാണ്ട് 720 ഡോളറായിരുന്നു.

ബ്രിഗേഡിൻെറ മൊത്തം വരുമാനത്തിൽ 5–8 ശതമാനം നികുതിയായി രാഷ്ട്രത്തിനു് അടയ്ക്കുന്നു. പ്രവർത്തനച്ചെലവുകളായി കണക്കാക്കുന്ന മൊത്തം 40–50 ശതമാനത്തിൽ ഇതും പെടും. മൊത്തം ഉൽപാദിപ്പിക്കപ്പെടുന്ന ധാന്യത്തിൻെറ 15 ശതമാനം മുതൽ 20 ശതമാനം വരെ നിശ്ചിത വിലയ്ക്ക് രാഷ്ട്രത്തിനു് നൽകുന്നതിനായി നീക്കിവയ്ക്കപ്പെട്ടിരിക്കുകയാണ്. വ്യാവസായികോൽപ്പന്നങ്ങൾ, കന്നുകാലികൾ, നാണ്യവിളകൾ എന്നിവയെല്ലാം അററാദായത്തിൽ പെടുന്നു. 10 ഓ 25ഓ അതിൽ കൂടുതലോ ശതമാനം പൊതു ഫണ്ടായി നിക്ഷേപിക്കപ്പെടുന്നു. ഈ ഫണ്ട്, പുതിയ ഉപകരണങ്ങൾ, നവീകരണ

പ്രവർത്തനങ്ങൾ, ക്ഷേമ പദ്ധതികൾ, വായ്പാ സൗകര്യങ്ങൾ, ആരോഗ്യ ഇൻഷുറൻസ്, വൃദ്ധജന സംരക്ഷണം എന്നിവയ്ക്കായി ഉപയോഗിക്കപ്പെടുന്നു. ഈ നിക്ഷേപത്തിന്റെ 80-85 ശതമാനം ബ്രിഗേഡുതന്നെ സൂക്ഷിക്കുന്നു. ബാക്കി, കമ്യൂണുകളിൽ നിക്ഷേപിക്കുകയും മേൽ നോട്ടച്ചെലവുകൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നു.

ഹോഴ്സ് ബ്രിഡ്ജ് ബ്രിഗേഡിന്റെ 1969 ലെ അററാദായം തൊഴിലാളി മെംബറൊന്നുക്ക് 102 ഡോളറായിരുന്നു; ശരാശരി കുടുംബ (4.6) യൂണിററിന് 274 ഡോളറും. ഒട്ടും യന്ത്രവൽകൃതമല്ലാത്ത പാവോ ആൻ ബ്രിഗേഡിന്റെ മൊത്തം വരുമാനത്തിൽ കേവലം 3 ശതമാനം മാത്രമാണ് നികുതിയിനത്തിൽ ചെലവാക്കപ്പെട്ടിരുന്നത്. എങ്കിൽപ്പോലും അവിടത്തെ കുടുംബങ്ങളുടെ ശരാശരി അററാദായം ഭാഗികമായി യന്ത്രവൽകൃതമായ ഹോഴ്സ് ബ്രിഗേഡിന്റെ തിന്റെ മൂന്നിലൊന്നുമാത്രമായിരുന്നു. ഹോഴ്സ് ബ്രിഡ്ജ്ലെ മൊത്തം ഉത്പന്നമൂല്യത്തിന്റെ ഇരുപത്തഞ്ചു ശതമാനവും കമ്യൂൺ—ബ്രിഗേഡ് വ്യവസായങ്ങളിൽ—ബോട്ട് നിർമാണം നിർമാണ പദാർഥങ്ങൾ, യന്ത്രസാമഗ്രികൾ, വൈദ്യുത ട്രാൻസ്ഫോർമറുകൾ മുതലായവയിൽ നിന്നുള്ളതാണ്. ഇത് തികച്ചും പ്രശംസനീയമായ ഒരു നേട്ടമാണ്. ദേശീയ തലത്തിൽ ഇത് ഇന്നും തികച്ചും വിദൂരസ്ഥമായ ഒരു ലക്ഷ്യമത്രെ. ഇപ്പോൾത്തന്നെ പല കമ്യൂണുകളും സ്വന്തമായി യന്ത്രങ്ങളും, മിനിട്രാക്ററുകളും സിമൻറും ചെറിയ തോതിൽ രാസവളവും നിർമിച്ചു വരുന്നുണ്ട്. അതാതിടങ്ങളിലെ നവീകരണ പ്രവർത്തനങ്ങൾക്കു ആവശ്യമായതോതിൽ ഇവിടങ്ങളിലൊക്കെ ഉത്പാദനം നടക്കുന്നുമുണ്ട്.

യുവാനെ ഡോളറുകളാക്കിമാററിക്കൊണ്ടുള്ള കണക്കുകൂട്ടലുകൾ (മേൽക്കൊടുത്തിട്ടുള്ളവിവരണം അത്തരം കണക്കുകൂട്ടലിനെ ആധാരമാക്കിയുള്ളതാണ്. ഔദ്യോഗിക നിരക്കുകളനുസരിച്ച് 2.40യുവാൻ = 1 ഡോളർ) തികച്ചും തെററിദ്ധാരണാജനകമാകാൻ സാധ്യതയുണ്ട്. ചൈനയിലെ കാർഷികോൽപ്പന്ന സമ്പദ്വ്യവസ്ഥയിൽ കർഷകരുടെ കൊടുക്കൽ വാങ്ങലുകളധികവും നടക്കുന്നത് ഉല്പന്നങ്ങളുടെ രൂപത്തിലാണ് കർഷ

കൻ സ്വന്തം ആവശ്യം കഴിച്ച് മിച്ചംവരുന്ന ധാന്യം—അവരുടെ വിഹിതത്തിൻെറ കാൽഭാഗം മുതൽപകുതിഭാഗംവരെ—ദേശീയമാർക്കററുവിലയ്ക്ക് വിൽക്കുന്നു. അവരുടെ യുവാനിലുള്ള വരുമാനത്തിന്, വിദേശങ്ങളിലെ സാധാരണ വിനിമയം നിരക്കുകൾ പ്രകാരമുള്ളതിൽ കൂടുതൽ വാങ്ങൽ മൂല്യമുണ്ട്.

പല കമ്യൂണുകളും പുതുതായി നിർമിച്ച റിസർവോയറുവളിലും കാനലുകളിലും മീൻ വളർത്തൽ ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന മത്സ്യത്തിൻെറ ഒരു ഭാഗം അംഗകുടുംബങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടും പച്ചക്കറികൾ ഒന്നുകിൽ സ്വന്തമായി കൃഷിചെയ്യുന്നു. അല്ലെങ്കിൽന്നന്നെ പച്ചക്കറികൾ ആദായവിലയ്ക്കു ലഭ്യമാണ്. സ്ഥന്തം കുടുംബസ്ഥലങ്ങളിൽ വളർത്തപ്പെടുന്ന പന്നികൾ മിക്കകുടുംബങ്ങൾക്കും പ്രതിവർഷം 10മുതൽ 60വരെ ഡോളർ ആദായമുണ്ടാക്കിക്കൊടുക്കുന്നു. ചില കുടുംബങ്ങൾ ഇടയ്ക്കിടെ പന്നിയിറച്ചിതിന്നാൻ ഇഷ്ടപ്പെടുന്നവരായിരിക്കും. അത്തരക്കാർ മേൽപ്പറഞ്ഞരീതിയിലുള്ള വരുമാനത്തിൻെറ ഒരു ഭാഗം വേണ്ടെന്നു വയ്ക്കുന്നു. (മുൻപൊക്കെ ഒരു ശരാശരി കർഷകൻ കൊല്ലത്തിൽ രണ്ടോ മൂന്നോ തവണ മാത്രമാണ് മാംസം രുചിച്ചിരുന്നത്) . കമ്യൂൺ കുടുബങ്ങൾക്കെല്ലാം സ്വന്തമായിവീടുകളുണ്ട്. അവർ വാടക കൊടുക്കേണ്ടതില്ല. പക്ഷെ വീടുകൾ വിൽക്കാനോ വാടകയ്ക്കുകൊടുക്കാനോ അവർക്കവകാശമില്ല .കമ്യൂണിൻെറ ഏററവും വലിയസമ്പത്ത്— കൃഷിക്കളവികസനം, ഭൂമിയുടെ ഉടമാവകാശം എന്നിവയ്ക്കായി നിക്ഷേപിക്കപ്പെടുന്ന കൂട്ടുമൂലധനത്തിൽ അംഗങ്ങൾക്കുള്ള വിഹിതം— പണമാക്കിമാററാനാവാത്തതാണ്.

ഇപ്പോൾ കമ്യൂകളുടെ കൂട്ടായ വരുമാനത്തിൽ നിന്ന് കൂലിയായും വിഹിതമായും മാററി വയ്ക്കേണ്ട ഭാഗത്തെക്കുറിച്ച് തീരുമാനിക്കുന്നത് സ്വന്തം വർക്കുപോയിൻറുകളെക്കുറിച്ച് ഓരോ വ്യക്തിയും തയ്യാറാക്കുന്ന എസ്റ്റിമേററുകളെ അടിസ്ഥാനമാക്കിയാണ്—ഒരു തരംമനസ്സാക്ഷിയ്ക്കനുസരിച്ച രീതി. അതത് വർക്ക് ടീമുകളെ തീരുമാനമനുസരിച്ച് ഈ എസ്റ്റിമേററുകൾ അതേപടി സ്വീകരിക്കപ്പെടുകയോ അതിൽ ഏററക്കുറച്ചിലുകൾ വരുത്തപ്പെടുകയോ ചെയ്യുന്നു. കൂട്ടുകാർ നിക്ഷേധിക്കാനിടയുള്ള അമിതാവകശങ്ങൾ ഉന്നയിക്കുന്നതു് അവമാനത്തിനു കാര

ണമാകുമെന്നതിനാൽ എല്ലാവരും ഉള്ളതിനാൽ കുറച്ചു പറയാനുള്ള പ്രവണതയാണ് പ്രകടിപ്പിക്കുന്നത്. വർക്ക്ടീമുകൾ നേതാക്കളെ സ്വയം തെരഞ്ഞെടുക്കുന്നു. അതുപോലെ തന്നെ ഉൽപ്പാദന ടീമുകളും. ബ്രിഗേഡുകളുടെ നേതൃത്വം വഹിക്കുന്നത് വിപ്ലവക്കമ്മിററികളാണ്. ഇപ്പോൾ വിപ്ലവക്കമ്മററിയിലെ അംഗങ്ങളിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളാണ്.

സാംസ്കാരിക വിപ്ലവത്തിനു മുൻപ് പലപ്പോഴും പാർട്ടി കാഡർമാർ തോന്നിയപോലെ തീരുമാനങ്ങളെടുക്കാറുക്കാറുണ്ടായിരുന്നു. ഇപ്പോൾ അത് പററില്ല ബ്രിഗേഡ്, ഉത്പാദന ടീം തലങ്ങളിൽ മാനേജ്മെൻറ്, ഫണ്ടുകളുടെ അലോട്ട്മെൻറ് എന്നിവയെ സംബന്ധിച്ചിടത്തോളം കമ്യൂൺ തലത്തിലും ദേശീയ തലത്തിലുമുള്ള ആസൂത്രണത്തിൻെറ ചട്ടക്കൂടിനുള്ളിൽ കുറേയൊക്കെ സ്വയം നിർണയാവകാശമുണ്ട് സൈദ്ധാന്തികമായി സ്ത്രീകൾക്ക് തങ്ങളുടെ അധ്വാനവിഹിതത്തിന് ആനുപാതികമായ തുല്യാവകാശമുണ്ട്. അവരുടെ അധ്വാനം പുരുഷന്മാരുടേതിനേക്കാൾ ഒട്ടും കുറവല്ലതാനും. എങ്കിലും ഫലത്തിൽ സ്ത്രീകൾ ഇപ്പോഴും വേണ്ടത്ര പ്രതിനിധീകരിക്കപ്പെടുന്നതായി കണ്ടില്ല.

നിറഞ്ഞ വയർ, ആവശ്യമായ വസ്ത്രങ്ങൾ, മെച്ചപ്പെട്ട പാർപ്പിടം, നല്ല കിടക്ക, തെർമോഫ്ളാസ്ക്ക്, സൈക്കിൾ ... കുറച്ചു പണവും—ഇതിൻെറയെല്ലാം അടിസ്ഥാനത്തിൽ മാത്രമായി കമ്യൂൺ ജീവിതം മൂലം കർഷകന് ഉണ്ടായിട്ടുള്ള നേട്ടങ്ങളെ വിലയിരുത്താനാവില്ല. ഇതുമാത്രമാണ് നേട്ടമെങ്കിൽ വിപ്ലവം പരാജയപ്പെട്ടുമെന്നാണ് മാവോ സെ തുങ്ങിൻെറയും അദ്ദേഹത്തിൻെറ ആക്ററിവിസ്ററുകളുടെയും അഭിപ്രായം. കൂട്ടായ അധ്വാനം വഴി, ചൈനയിലെ പുരാതനമായ മണ്ണിനെ സമൂഹത്തിൻെറ നന്മയ്ക്ക് (വ്യക്തിഗതമായ നേട്ടങ്ങളെ മാത്രം ലാക്കാക്കിക്കൊണ്ടല്ലെന്നു സാരം. വ്യക്തിഗതമായ നേട്ടങ്ങൾക്കുവേണ്ടി ദുർബലരെ ചവുട്ടി മെതിച്ചു ജീവിച്ചവരുടെ എണ്ണത്തിൽ മറെറാരു പ്രദേശത്തെക്കാളും മോശമായിരുന്നില്ല ഈ രാജ്യം) ഉതകുംവിധം മാററിമറിച്ചെടുക്കുക എന്നതു് മഹത്തായ ഒരു സങ്കല്പവും പ്രവർത്തിയുമാണ്. ഈ പ്രക്രിയയിലൂടെ തന്നെ പുതിയൊരു ദർശനവും വീക്ഷണവും ഉരുത്തിരിയും.

''ചീത്തയിൽ നിന്നു് നന്മ നിർമിച്ചെടുക്കാം.'' 'അഹം ഭാവത്തെ ചെറുത്ത് ജനങ്ങളെ സേവിക്കുക' എന്നീ മാവോ സൂക്തങ്ങൾക്ക് മറ്റെവിടത്തെക്കാളും ഉദാത്തമായ ഉദാഹരണമാണ് വടക്കൻ ഷെൻഷിയിലെ ക്രൂരമായ ആ കന്നിൻ പ്രദേശങ്ങളിൽ—പാവോ ആൻ കൗണ്ടി—എനിക്കു കാണാൻ കഴിഞ്ഞതു്. 1936 ലാണ് ഞാൻ ആദ്യമായി പാവോ ആൻ സന്ദർശിച്ചതു്. അന്നു് അവിടം, ലോങ്ങ് മാർച്ചിന്റെ അവസാനത്തിൽ സ്ഥാപിതമായ ഒരു റെഡ് ആർമി താവളമായിരുന്നു 1. അവിടെ ഒരു ഗുഹയിലായിരുന്നു മാവോയുടെ ഹെഡ്ക്വാർട്ടേഴ്സ്. അതു പോലൊരു ഗുഹയിൽത്തന്നെയാണ് ലിൻ പിയാവോയുടെ നേതൃത്വത്തിലുള്ള റെഡ് ആർമി അക്കാദമി പ്രവർത്തിച്ചിരുന്നതും. അപ്പോഴും ആഭ്യന്തരയുദ്ധം തുടർന്നു നടക്കുകയായിരുന്നു. കമ്യൂണിസ്റ്റ് അനുകൂലികളായ നാഷനലിസ്റ്റുകൾ എന്നെ 'നാഥനില്ലാപ്രദേശങ്ങ'ളുടെ അപ്പുറത്തേക്ക് നയിച്ചു. അന്നു്, മൂന്നു ദിവസമെടുത്താണ് ഞാൻ കന്നുകളും കിടങ്ങുകളും താണ്ടി അപകടകരമായ ആ മലംപാതയിലൂടെ യെനാനിൽ നിന്നു് പാവോ ആനിൽ എത്തിയതു്.

1945നു ശേഷം ഒറ്റവിദേശിയും പാവോ ആൻ സന്ദർശിച്ചിട്ടില്ല. 1937നു ശേഷം തന്നെ വളരെ പുരുഷന്മാരും വിദേശികളെ അവിടം സന്ദർശിച്ചിട്ടുള്ളു. ആ വർഷമാണ് മാവോ തന്റെ 'തലസ്ഥാനം' യെനാനിലേക്ക് മാറ്റിയതും ആഭ്യന്തരയുദ്ധം അവസാനിച്ച് ജാപ്പാനിസ് ആക്രമണകാരികൾക്കെതിരായ ഐക്യമുന്നണി രൂപം കൊണ്ടതും. ഇപ്പോൾ യെനാനിൽ നിന്നു് വടക്കു പടിഞ്ഞാറു ദിശയിൽ 120കി. മീ മാറിസ്ഥിതി ചെയ്യുന്ന പാവോ ആനിലേക്ക് ഒരു പുതിയ പാത നിർമിക്കപ്പെട്ടിട്ടുണ്ട്. എനിയ്ക്കറിയാമായിരുന്ന പാവോ ആൻ, റോഡുകളില്ലാത്ത, പാഴ്നിലങ്ങളും കൊല്ലികളും അപ്രതിരോധ്യമായ കന്നുകളും നിറഞ്ഞ വെള്ളപ്പൊക്കക്കൊലമൊഴിച്ചുള്ള സമയങ്ങളിലെല്ലാം വരണ്ടു കിടക്കുന്ന ഒരു പ്രദേശമായിരുന്നു. അവിടവിടെയായി മാത്രം ചില കൃഷി നിലങ്ങൾ, ഗുഹകൾ... അവിടെ അധിവസിച്ചിരുന്ന ചുരുക്കം ചില കർഷകർ, അവരുടെ കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ, നഗ്നരായി ഓടി നടക്കുന്ന നി

1 Red star over China എന്ന പുസ്തകം നോക്കുക.

രക്ഷര സന്താനങ്ങൾ. ഉപ്പും സൂചികളും നൂലും തീപ്പെട്ടിയുമൊക്കെഅവർക്ക് ഏററം വിലപ്പെട്ട വസ്തുക്കളായിരുന്നു. കാലാവസ്ഥ കനിയുന്ന കാലങ്ങളിൽ പോലും അവക്ക് സ്വയം തീററിപ്പോററാൻ കഴിയുമായിരുന്നില്ല. കാലാവസ്ഥ മോശമായ ഘട്ടത്തിൽ മുഴപ്പട്ടിണിതന്നെ. ഇവിടെ താവളം തേടിയെത്തിയ ഗറില്ലാ സേനകൾ ഉപേക്ഷിക്കപ്പെട്ടതോ തരിശായിക്കിടക്കുന്നതോ ആയ ഭൂമി വീണ്ടെടുത്തു് യുദ്ധത്തിനിടയ്ക്ക് സ്വന്തമായി കൃഷി ചെയ്യേണ്ടിയിരുന്നു. അവിടെ നിന്നാണ്, പരിവർത്തനത്തിൻെറ തുടക്കം.

വാസ്തവത്തിൽ ആ ഗ്രാമപ്രദേശങ്ങളിൽ ഒററനോട്ടത്തിൽ തോന്നുന്നതിനേക്കാൾ കൂടുതൽ സാധ്യതകളുണ്ടായിരുന്നു.— ചോളം, പുൽത്തകിടികൾ, ഫലപുഷ്പങ്ങൾ എല്ലാത്തിനും സാധ്യതയുണ്ട്. ഇപ്പോൾ ഈ സാധ്യതകൾ ഭാഗികമായി സാക്ഷാത്ക്കരിച്ചുകഴിഞ്ഞിരിക്കുന്നു. പുതുജീവൻ തുടിക്കുന്ന പച്ചക്കുന്നുകളും ഇടുങ്ങിയ താഴ്വരപ്രദേശങ്ങളും മനം കവരും വിധം ആകർഷകമായിത്തീർന്നിരിക്കുന്നു.

പുതുതായി നിർമിക്കപ്പെട്ടിരിക്കുന്ന റോഡ്, ട്രക്കുകൾ, ജീപ്പുകൾ, കാളവണ്ടികൾ എന്നിവയെ ഉദ്ദേശിച്ച് നിർമിക്കപ്പെട്ടിട്ടുള്ളതാണ്. ഇന്നർ മംഗോളിയവരെ വ്യാപിച്ചു കിടക്കുന്ന ഗതാഗത ശൃംഖലയുടെ ഭാഗമായാണ് അത് പണിചെയ്യപ്പെട്ടിരിക്കുന്നത്. കാറിൻെറ ശബ്ദം കേട്ടതോടെ ഒരു വിളിപ്പാടകലെയുള്ള ആളുകളെല്ലാം ഞങ്ങളെ സ്വാഗതം ചെയ്യാനായി ഓടിയെത്തി. ഞങ്ങൾ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കെ, പൂഴിയിൽ തുകന്ന പിഞ്ചോമനകളുടെ കണ്ണുകളിൽ നിന്നുയരുന്ന ആരവം— 'ചെയർമാൻ മാവോ വിജയിക്കട്ടെ', നിശ്ശബ്ദമായ ആ താഴ്വാരങ്ങളെ ശബ്ദമുഖരിതമാക്കിത്തീർത്തു. ചെങ്കുത്തായ കളിമൺ പ്രദേശങ്ങളിൽനിന്നും അഗാധമായ കൊല്ലികളിൽ നിന്ന് ഇടയ്ക്കിടെ കത്തനെഉയരുന്ന പാറക്കെട്ടുകളിൽനിന്നും വെട്ടിയെടുത്ത ആ റോഡിൻെറ ചിലഭാഗങ്ങൾ അടുത്തെന്നോ പെയ്തുമഴയിൽ ഇടിഞ്ഞുപോയിരുന്നു. അത്തരം പ്രദേശങ്ങളിൽ പെട്ടെന്ന് അററകുററപ്പണികൾ നിർവഹിക്കുന്നതിന്നായി വർക്കടിമുകളെ റേഡിയോ വഴി സംഘടിപ്പിക്കുന്നുണ്ടായിരുന്നു. അവർ, റോഡിൻെറ ഉപരിതലത്തിൽ നിന്ന് ഒന്നോരണ്ടോ തട്ട്

കിളച്ച് ആ മണ്ണുപയോഗിച്ച് താങ്ങ്ഭിത്തികൾ ബലപ്പെടുത്തിക്കൊണ്ടിരുന്നു.

കൂടുതൽ വിശാലമായ താഴ്‌വാരപ്രദേശങ്ങളിലെത്തിയതോടെ ഭൂവികസന പ്രവർത്തനങ്ങളുടെ ഫലങ്ങൾ കൂടുതൽ പ്രകടമാവാൻ തുടങ്ങി. മുകൾഭാഗം വെട്ടിയെടുത്തിട്ടുള്ള ഉദ്യാന സദൃശങ്ങളായ തട്ടുകൾ, ഒഴുക്കുള്ള പുഴകളുടെ മാർഗത്തിലേക്ക് കടന്നുകയറുന്ന പുത്തൻ കൽഭിത്തികൾ, ജലപ്രവാഹം നിയന്ത്രിക്കുന്നതിനും വിലപ്പെട്ട പുത്തൻ ഭൂപ്രദേശങ്ങൾ വീണ്ടെടുക്കുന്നതിനുമായി നിരനിരയായി നട്ടുപിടിപ്പിച്ചിട്ടുള്ള പോപ്ലാർമരങ്ങളും കാററാടിമരങ്ങളും... കുന്നിൻ പുറങ്ങളിൽ ആടുകളും ചെമ്മരിയാടുകളും (ഒരു വിട്ടിൽ മൂന്ന് എന്നകണക്കിന്) മേഞ്ഞു നടക്കുന്നതു കാണായി.

ഭാഗ്യവശാൽ ഇത്ര യാതനാപൂർണമായ അധ്വാനം അർഹിക്കുംവിധം സമ്പന്നമാണ് അവിടത്തെ മണ്ണ്. ആ പ്രദേശത്തെ ഏക്കർ മണ്ണ് വളരെ ഫലഭൂയിഷ്ഠമാണ്. നൂററാണ്ടുകൾക്കു മുൻപ് ഗോപി മരുഭൂമിയിൽ നിന്ന് കാററത്തടിച്ചു വന്ന മണൽ അവിടെ ആഴമുള്ള നല്ല മേൽമണ്ണ് സൃഷ്ടിച്ചിരിക്കുന്നു. ഇത്തരം താഴ്‌വാരങ്ങളിൽ ബൂർഡോസറുകൾ ഉപയോഗശൂന്യമാണ്. ഒററ ബുൾഡോസർപോലും അവിടെയെങ്ങും കാണാനുമില്ലായിരുന്നു. എല്ലാ ജോലികളും കൈകൊണ്ടു തന്നെ നിർവഹിക്കപ്പെടുന്നു. ഒരേക്കറിന്റെ മുന്നിലൊരുഭാഗം വരുന്ന അത്തരമൊരു തട്ട് നിർമിച്ചെടുക്കാൻ 20000 കട്ടമണ്ണ് ആൾച്ചുമടായി എത്തിക്കേണ്ടിവന്നത്രെ.

രണ്ടു മണിക്കൂറിനകം ഞങ്ങൾ പാവോ ആനിലെത്തി. 1936ലെ മാസങ്ങളോളം നീണ്ടു നിന്ന സഞ്ചാരത്തിനിടയിൽ ഒരിടത്തും കാണാൻ കഴിയാതിരുന്ന അത്ര വലിയ ഒരാൾക്കൂട്ടം (പട്ടാളക്കാർക്കു പുറമെ) ആ കൊച്ചു താഴ്‌വാരപട്ടണത്തിൽ കാണാറായി. അന്ന് ആ കൗണ്ടി തലസ്ഥാനത്തിനു ചുററുമായി താമസിച്ചിരുന്നവരുടെ എണ്ണം 100 നു താഴെയായിരുന്നു. ഇന്നാകട്ടെ, മൂവായിരത്തിരുപതിനു ആളുകൾ അവിടെ താമസിക്കുന്നുണ്ട്. അന്ന് ചെറിയൊരു കുടുംബക്ഷേത്രത്തിൽ വച്ച് കമ്യൂണിസ്ററുകാർ അവരുടെ യോഗങ്ങൾ നടത്തിയിരുന്നത് ഞാൻ ഓർത്തു. ഇപ്പോൾ ആയിരത്തിലധികം പേർക്കിരിക്കാ

വുന്ന ഒരൊന്നാന്തരം തിയേററർ അവിടെ ഉയർന്നിരിക്കുന്നു. ആ തിയേററിന്നു മുന്നിൽ *ദ് റെഡ് ലാന്റേൺ* (ചെമപ്പുദീപം) എന്നു് കൂററൻ അക്ഷരങ്ങളിൽ എഴുതി പ്രദർശിപ്പിച്ചിരുന്നു. പുതിയ രീതിയിലുള്ള ഒരു പെക്കിങ്ങ് ഓപ്പറായുടെ പേരാണ്ത്. ഒരൊററ വ്യവസായശാലപോലും ഇല്ലാതിരുന്ന ആ പ്രദേത്ത് ഇപ്പോൾ പതിമൂന്നു് കരകൗശലശാലകളും ഒരു യന്ത്ര റിപ്പയർ ഷോപ്പും ഒരു പവർപ്ലാൻറും ഉയർന്നു വന്നിരിക്കുന്നു. 1936 ൽ ആ കൗണ്ടിയിൽ ആകെയുണ്ടായിരുന്നതു് ഒരൊററ കടയാണു്. ഇപ്പോഴാകട്ടെ പ്രധാന നിരത്തിൻെറ ഇരുവശങ്ങളിലും നിരവധി നിരവധി കൊച്ചു കടകൾ കാണാം. ഞങ്ങൾ സന്ദർശിച്ച ഒരു ചെറിയ ഡിപ്പാർട്ടുമെൻറ് സ്റ്റോറിൽ മറെറല്ലാ സ്ഥലങ്ങളിലും വിററുവരുന്ന സാധനങ്ങളെല്ലാം തന്നെ ലഭ്യമാണു്. സ്റേറാറിൻെറ ഭിത്തിയിൽ വ്യാമാക്രമണങ്ങളെ നേരിടാൻ തയ്യാറെടുക്കുന്നതിനെക്കുറിച്ചുള്ള വിശദമായ നിർദേശങ്ങൾ എഴുതി പ്രദർശിപ്പിച്ചിരുന്ന ഒരു വാൾപോസ്ററും ഉണ്ടായിരുന്നു.

വിപ്ലവക്കമ്മററിയുടെ വൈസ്ചെയർമാനായ ലി ഷിഹ് പിൻ പുതിയ ഗവണ്മെൻറ് ഹെഡ്ക്വാട്ടേഴ്സിലേക്കു് ഞങ്ങളെ സ്വാഗതം ചെയ്തു. അവിടെ നദീതീരത്ത് വൃത്തിയുള്ളനിരവധികൊച്ചുകെട്ടിടങ്ങളും ഗസ്റ്റ്ഹൗസുകളും കാണാം. ഞങ്ങൾക്കു വേണ്ടി തുറസ്സായ ഒരു സ്ഥലത്തുവച്ച് ഒരു സൽക്കാരമേർപ്പെടുത്തിയിരുന്നു. എന്തെല്ലാം വിഭവങ്ങൾ! കൂററൻ ചോളക്കലകൾ, സ്വാദിഷ്ടമായ മധുരക്കിഴങ്ങ്, മസാല ചേർത്ത കോഴിയിറച്ചി, ഷെൻസി രീതിയിൽ തയ്യാർ ചെയ്തിട്ടുള്ളചോറ്... പിന്നെ വിവിധതരം നാടൻ പഴങ്ങൾ. ഞങ്ങൾ ആ ഭക്ഷണപദാർഥങ്ങൾ തയ്യാറാക്കാൻ സഹായിച്ച കാഡർമാരുടേയും കർഷകരുടേയും ഒപ്പമിരുന്നു് ആഹാരംകഴിച്ചു.

21

ധനികരും ദരിദ്രരും

പാവോആനിലെ ഭൂമി വീണ്ടെടുക്കൽ പ്രവർത്തനം, തൊട്ടടുത്തുള്ള ഷാൻസി സംസ്ഥാനത്തിൽ സ്ഥിതിചെയ്യുന്നതും ദേശീയമാതൃകയായി വാഴ്ത്തപ്പെടുന്നതുമായ *താജായ്* കമ്യൂണിലേതുപോലെത്തന്നെ കഠിനമായിരുന്നു. ''താജായ് കണ്ടു പഠിക്കുക'' മാവോ പറഞ്ഞു. ഇരുപത്തഞ്ചുവർഷക്കാലം നട്ടെല്ലുമുറിയുംവിധം അധ്വാനിച്ചതിന്റെ ഫലമായാണ്—കുന്നുകൾ നിരപ്പാക്കിയും ജലസംഭരണത്തിനായി നാഴികകളോളം നീണ്ടുകിടക്കുന്ന കന്മതിലുകൾ പണിതു—താജായ് ഇന്നത്തെ നിലയിലായത്. ഇപ്പോൾ താജായിൽ ഹെക്ടറൊന്നിന് ഏതാണ്ട് എട്ടടൺ ധാന്യം വീതം ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. (താജായ് കമ്യൂണിന്റെ കർഷക ചെയർമാൻ ചെൻയുങ്കയ് പാർടിയുടെ കേന്ദ്രക്കമ്മററിയിൽ അംഗമാണ്. പക്ഷെ അദ്ദേഹം ഇപ്പോഴും വയലുകളിൽ ജോലിചെയ്യും.)

പാവോ ആനിൽ നിന്ന് ആയിരത്തിലധികം കിലോമീററർ അകലെ കടൽത്തീരത്തു നിന്ന് അധികം വിട്ടല്ലാതെ സ്ഥിതി ചെയ്യുന്ന സാൻഡ്സ്റ്റോൺ ഗുൽച്ച് എന്ന സമ്പൽസമൃദ്ധമായ കമ്യൂണിന്റെ കഥയും തികച്ചും വിസ്മയകരമാണ്. ഏതാനും *സാൻസ്കുലോട്ടെ* വംശജർ മാത്രമാണ് പണ്ട് അവിടെ താമസിച്ചിരുന്നത്. ശൈത്യകാലമടുക്കുന്നതോടെ, അവർ താങ്ഷാനിലേക്കോ തിൻത്സിനിലേക്കോ പോകും. അവിടെ പഴം തുണികളും നാണ്യങ്ങളും ഇരന്നു നടക്കും. ഗുൽച്ചിലേക്ക് മടങ്ങാൻ ആവശ്യമായ പണം ശേഖരിച്ചു കഴിഞ്ഞാൽ മടങ്ങിപ്പോരും. വിമോചനത്തിനുശേഷം ഈ സ്ഥിതി മാറി. കേന്ദ്രത്തിന്റെ ചുരുങ്ങിയ തോതിലുള്ള സഹായ

ത്തോടെ അവിടത്തെ ഏഴപത്തെട്ടു കുടുംബങ്ങൾ വർഷംതോറും കുന്നിൻ പുറങ്ങൾ കിളച്ചുമറിച്ച് മരങ്ങളും മററു വിളകളും നട്ടു തുടങ്ങി. പതിനേഴു കഴുതകളേയും വച്ചാണ് അവർ ജോലി ആരംഭിച്ചത്. അങ്ങനെ കുറേ ആഴത്തിൽ കുഴിച്ചപ്പോൾ വെള്ളം കണ്ടെത്തി. അതേ തുടർന്ന് അവർ ജലസംഭരണ റിസർവോയറുകൾ നിർമിച്ചു.

ഇപ്പോൾ 127 കുടുംബങ്ങളാണ് ഗുൽച്ചിൽ ഉള്ളത്. ഇവർ 1970ൽ 225ടൺ ധാന്യവും 115 ടൺ പഴങ്ങളും—ആപ്പിൾ പീച്ച്, പിയർ, മുന്തിരി, എന്നിങ്ങനെ— ഉല്പാദിപ്പിക്കുകയുണ്ടായി. മുൻപ് തരിശായിക്കിടന്നിരുന്ന മേടുകൾ ഇപ്പോൾ മരങ്ങൾ വളർന്നു നിൽക്കുന്ന പ്രദേശങ്ങളാലും തട്ടുകളാലും ബന്ധിക്കപ്പെട്ടിരിക്കുന്നു. ഒരു കുന്നിന്മേൽ നൂറാളുകൾ പത്തു ദിവസം അധ്വാനിച്ചതിന്റെ ഫലമായി ഒരേക്കറിന്റെ വെറും ആറിലൊരുഭാഗം മാത്രമാണ് കൃഷിയോഗ്യമാക്കിമാററാൻ കഴിഞ്ഞതത്രെ. ഇപ്പോൾ, ഈ രീതിയിൽ നിർമിച്ചെടുത്ത, ഭാഗികമായി ജലസേചനം ചെയ്യാൻ കഴിയുന്ന 200 ഏക്കർ കൃഷിഭൂമിയുണ്ട് സാൻഡ്സ്റ്റോൺ ഗുൽച്ചിൽ. അവിടത്തെ വിവിധ വർണങ്ങളുള്ള കല്ലുകളുപയോഗിച്ച് (കിണറുകളും കുളങ്ങളും കുഴിക്കുമ്പോൾ ലഭിക്കുന്ന ഈ കല്ലുകൾ തെരുവുകളിലും പാവിക്കാണാം.) നിർമിച്ചിട്ടുള്ള ഉറപ്പുള്ള കെട്ടിടങ്ങൾ ചൈനയിലെ ഏററവും നല്ല കർഷകവസതികളുടെ കൂട്ടത്തിൽപെടുന്നവയാണ്.

ഒരുദാഹരണം കൂടി. ഷാങ്ഹായിലെ കമ്യൂണുകളിൽ—ഷാങ്ഹായിലെ പ്രത്യേക ഭരണ പ്രദേശത്ത് ഏതാണ്ട് പത്ത് ഗ്രാമീണ കൗണ്ടികളുണ്ട്—ബ്രിഗേഡുകൾ മൂന്നു മീററർ വീതം ആഴമുള്ള കൂററൻ ടണ്ടുകൾ കുഴിക്കുന്നത് ഞാൻ കാണുകയുണ്ടായി. ഈ ടണ്ടുകളിൽ, പമ്പിങ് സ്റ്റേഷനുകൾ കൊണ്ട് ബന്ധിപ്പിക്കപ്പെട്ടിട്ടുള്ള കൂററൻ സിമൻറു പൈപ്പുകൾ സ്ഥാപിക്കുന്നുണ്ടായിരുന്നു. ഇപ്പോഴുള്ള തുറസ്സായ കനാലുകൾക്കു പകരമാണിത്. ഇങ്ങനെ, അവർ തങ്ങളുടെ വിലപ്പെട്ട കൃഷി നിലത്തിനോട് ഏകദേശം 8% സ്ഥലം കൂട്ടിച്ചേർക്കുകയായിരുന്നു. ബ്രിഗേഡുകൾക്കു ലഭിക്കുന്ന ഒഴിവു സമയത്ത് അവർ തന്നെ നിർമിച്ച സിമൻറു പൈപ്പുകൾ ഉപയോഗിച്ച്

പൂർത്തിയാക്കാനുദ്ദേശിക്കുന്ന ഈ ത്രീവത്സര പ്രോജക്റ്റ്, അടിയന്തിര സന്ദർഭങ്ങളിൽ വ്യോമാക്രമണ പ്രതിരോധ ഷെൽട്ടറുകളായും ഉപയോഗിക്കാം എന്നാണ് അവർ അവകാശപ്പെടുന്നത്.

22

ഭൂതവും ഭാവിയും

ഗ്രാമീണ ചൈനയെ സാമൂഹ്യവൽക്കരിക്കുന്നതിനുള്ള സുദീർഘവും പലപ്പോഴും രക്തരൂക്ഷിതം പോലുമായ സമരങ്ങളെ വിലയിരുത്തിക്കൊണ്ട് ഒരു പ്രത്യേക ഗ്രന്ഥം തന്നെ രചിക്കാവുന്നതാണ്. ഈ പ്രവർത്തനങ്ങളുടെ പുരോഗതി താഴെപറയും വിധം ചുരുക്കിപ്പറയാം: ഭൂമിപിടിച്ചടക്കുന്നതു മുതൽ തുല്യമല്ലാത്ത ചെറുപ്പോട്ടുകളായി വിഭജിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങളാണ് ആദ്യം (1950ൽ) നടന്നത്. അതിനുശേഷം പരസ്പര സഹായ സംഘങ്ങളും (1950–51) സ്വകാര്യ ഉടമാവകാശം നിലനിർത്തിക്കൊണ്ടുള്ള ലളിതമായ സഹകരണസംഘങ്ങളും (1951–53) പിന്നീട് വിപുലമായ സഹകരണ പ്രസ്ഥാനങ്ങളും—ഇക്കാലത്താണ് ഉടമാവകാശപത്രങ്ങൾ കത്തിച്ചു കളഞ്ഞ് നിലവും കാർഷികോപകരണങ്ങളും ഗ്രാമീണർ പൊതുവായി പങ്കിട്ടെടുത്തത് (1955-57), അതിനുശേഷം കമ്യൂണുകളും (1968ൽ) രൂപീകൃതമായി. കമ്യൂണുകളുടെ ആവിർഭാവത്തോടെ ഗ്രാമീണരുടെ സംഘങ്ങൾ ബ്രിഗേഡുകളായി സംഘടിച്ച് ചെറുയൂണിററുകൾക്കു പററാത്ത, കൂട്ടായ പ്രോജക്ററുകൾ, കനാലുകൾ, റോഡുകൾ, അണക്കെട്ടുകൾ, വ്യവസായ സ്ഥാപനങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ മുതലായവ ഏറെറടുക്കാൻ തുടങ്ങി.

മേൽപ്പറഞ്ഞ ഓരോ ഘട്ടത്തിലും ധനിക കർഷകർ ഉയിർത്തെഴുന്നേൽക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. 'മുതലാളിയാകാനുള്ള അഭിവാഞ്ഛയെ' ഓരോ വട്ടം ഭൂരിപക്ഷം വരുന്ന ദരിദ്രരും ഇടത്തരക്കാരുമായ കർഷകരുടെ സഹായത്തോടെ നേരിടേണ്ടി വന്നു. പഴയ ജന്മി–ഹുണ്ടികാ മനോഭാവം വീണ്ടും

തലപൊക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പഴയ ജന്മിമാർ തിരിച്ചു വരവു നടത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. അവർ അട്ടിമറികൾ ആസൂത്രണം ചെയ്തു. വീണ്ടും ഉയിർത്തെഴുന്നേൽപ്പിക്കാനുള്ള ശ്രമം. വീണ്ടും അടിച്ചമർത്തൽ. ഒടുവിൽ അവിരാമമായ പ്രചാരണവും സംഘടിതമായ സൈദ്ധാന്തിക പ്രവർത്തനവും വഴി അവർ പരാജിതരാക്കപ്പെട്ടു. പിന്തിരിപ്പന്മാരെ അടിച്ചമർത്തുന്നതിൽ ഏററവും വലിയ പങ്കു വഹിച്ചത് പാർടി നേതാക്കളാണ്. ദരിദ്രനാരായണന്മാരുടേതായ ഒരു രാഷ്ട്രത്തിന്, ഉപയോഗയോഗ്യമായ ഭൂമിയുടെ വിസ്തീർണ്ണം ആളൊന്നുക്ക് അര ഏക്കറിൽ കുറവായ ഒരു രാഷ്ട്രത്തിന്, എല്ലാവർക്കും പ്രയോജന പ്രദമായ വിധത്തിൽ പുരോഗതി പ്രാപിക്കാൻ കഴിയണമെങ്കിൽ, അവിരാമവും സ്വയം പര്യാപ്തവുമായ സാമൂഹ്യധ്വാനമല്ലാതെ മററു മാർഗങ്ങളൊന്നുമില്ല എന്ന വസ്തുത ജനങ്ങൾക്ക് വ്യക്തമാക്കിക്കൊടുക്കാൻ അവർക്കു കഴിഞ്ഞു.

1959 മുതൽ 62 വരെയുള്ള 'കഠിനവർഷ'ങ്ങളിൽ വിശ്വാസത്തിൻെറയും പ്രവൃത്തിയുടെയും തലങ്ങളിൽ വലിയൊരു പ്രതിസന്ധി സംജാതമാവുകയുണ്ടായി. കമ്യൂൺ പ്രസ്ഥാനത്തിലും 'മഹത്തായ കുതിച്ചുചാട്ട' പ്രസ്ഥാനത്തിലും പ്രവർത്തിച്ചിരുന്ന പാർടികാഡർമാർ അമിതോത്സാഹികളും ധിറുതിക്കാരും പരിചയം കുറഞ്ഞവരുമായി ഭവിച്ചു. എന്തെങ്കിലും തിരുത്തൽ സാധ്യമാകും മുൻപ് അഭൂതപൂർവമാംവിധം മോശമായ കാലാവസ്ഥയുടെ ആക്രമണമുണ്ടായി. എന്നാൽ പ്രകൃതിക്ഷോഭത്തെക്കാൾ കഠിനമായിരുന്നു, 1960ൽ സോവിയററ് യൂണിയൻ കൈക്കൊണ്ട തീരുമാനം. അവർ, യാതൊരു മുന്നറിയിപ്പും കൂടാതെ വൻകിട, വ്യാവസായിക – പൊതുസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മുന്നൂറിലേറെ കരാറുകൾ പിച്ചിക്കീറിക്കാററിൽ പറത്തി. റഷ്യൻ സാങ്കേതികോപദേഷ്ടാക്കളെല്ലാം തിരിച്ചുവിളിക്കപ്പെട്ടു. സ്പെയർ പാർട്ടുകൾ, ബ്ളൂപ്രിൻറുകൾ എന്നിവപോലും തിരിച്ചുകൊണ്ടു പോയി. റഷ്യയും ചൈനയും തമ്മിലുള്ള ബന്ധം പൂർണമായും വിച്ഛേദിക്കപ്പെട്ടു.

ഈ അടിയന്തിരാവസ്ഥയെ നേരിടുന്നതിനായി പാർടി ചില തിരുത്തലുകൾ നടപ്പാക്കുകയും സ്വകാര്യ സംരംഭങ്ങൾക്ക് നേരിയ തോതിൽ സൗജന്യങ്ങൾ വാഗ്ദാനം ചെയ്യുകയും

ചെയ്തു. കമ്യൂണുകളുടെ ഉപരി ഘടനയുടെ വലുപ്പവും അധികാരങ്ങളും കുറയ്ക്കപ്പെട്ടു. അടിസ്ഥാനപരമായ പല ചുമതലകളും ഗ്രാമീണ ഉൽപ്പാദന സംഘങ്ങളെ തിരിച്ചേൽപ്പിച്ചു. റഷ്യക്കാർ ഉപേക്ഷിച്ചിട്ടു പോയ വ്യവസായങ്ങൾ പുനസ്സംഘടിപ്പിച്ചെടുക്കാനും ധാന്യോൽപാദന രംഗത്തുണ്ടായ വമ്പിച്ച നഷ്ടം നികത്താനും വർഷങ്ങൾ തന്നെ വേണ്ടി വന്നു. 1964ൽ മാത്രമാണ് 1958ൽ അവകാശപ്പെട്ടിരുന്ന അളവിൽ വിളവുകൾ ലഭിച്ചു തുടങ്ങിയത്. ചില പാർടി കാഡർമാർ കൂടുതൽ ബോണസ്സ് നൽകുക, ചില തുറകളിൽ സ്വകാര്യ സംരംഭങ്ങൾ അനുവദിക്കുക, ഒററയൊററ കുടുംബങ്ങൾക്ക് ഉൽപ്പാദന കോട്ടനിശ്ചയിക്കുക, എന്തിന് ധാന്യങ്ങൾക്കും ഫലവൃക്ഷങ്ങൾക്കുമായി നീക്കിവെച്ചിട്ടുള്ള ഭൂമിയുടെ കാര്യത്തിൽപോലും സ്വകാര്യ ഉടമാവകാശം വാഗ്ദാനം ചെയ്യുക എന്നിങ്ങനെ ചില പരീക്ഷണങ്ങളിൽ ഏർപ്പെടാൻ മുതിർന്നു. ഇത്തരം പരീക്ഷണങ്ങൾ കുലാക്—ജന്മി വർഗത്തിന്, നാഗരിക പ്രമാണിമാരുമായി കൂട്ടുചേർന്ന് വീണ്ടും തല പൊക്കാൻ അവസാനമായി ഒരവസരം കൂടി നൽകുക എന്നതിലാണ് കലാശിച്ചത്.

പക്ഷെ മാവോ ഇക്കാര്യം മനസ്സിലാക്കി. 1962ൽ അദ്ദേഹം തൻെറ പ്രതികരണം പ്രകടിപ്പിക്കുകയും ചെയ്തു. ആദ്യം സായുധസേനയിലും പിന്നെ കമ്യൂണുകളിലും ''മുതലാളിയാവാനുള്ള അഭിവാഞ്ഛ''ക്ക് കടിഞ്ഞാണിടുക എന്ന ലക്ഷ്യത്തോടെ രൂപംകൊണ്ട സോഷ്യലിസ്റ്റ് വിദ്യാഭ്യാസ പ്രസ്ഥാനത്തിലൂടെയാണ് മാവോ പ്രതികരിച്ചത്. 1966ൽ നഗരങ്ങളിൽ മഹത്തായ സാംസ്കാരിക വിപ്ലവം ആരംഭിച്ചപ്പോഴേക്കും, കമ്യൂണുകൾ, സമൂഹത്തിൻെറ ചെലവിൽ വ്യക്തികളുടെ അഭ്യുന്നതിക്കുവേണ്ടി യത്നിക്കുന്ന 'ലിയുഷാവോചിലൈൻ' പിൻതുടരുന്ന കാഡർമാരെ വലിയൊരളവുവരെ പുറംതള്ളിക്കഴിഞ്ഞിരുന്നു. പിന്നീട് നടന്നത് നഗരങ്ങളിലെ 'മുതലാളിത്ത പാത'ക്കാരും, വർഗരഹിത സമൂഹം കെട്ടിപ്പടുക്കുക എന്നലക്ഷ്യത്തെ സംബന്ധിച്ച് യാതൊരു വിട്ടുവീഴ്ചക്കും തയ്യാറല്ലാത്ത മാർക്സിസ്റ്റ് പാത—മാവോചിന്ത,ക്കാരും തമ്മിലുള്ള പോരാട്ടമായിരുന്നു.

സാംസ്കാരിക വിപ്ലവം വ്യവസായ രംഗത്തെ ബാധിച്ചിടത്തോളം കാർഷിക സമ്പദ്‌വ്യവസ്ഥയെ ബാധിക്കുകയുണ്ടായി

ല്ല. ഗ്രാമങ്ങളിലെ സമൂഹത്തിന്, യഥാർഥത്തിൽ വലിയ നേട്ടമുണ്ടായി. നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള അന്തരം നീക്കം ചെയ്യുക എന്ന ലക്ഷ്യത്തോടെ വൻതോതിൽ ഗ്രാമങ്ങളിലേയ്ക്കയക്കപ്പെട്ട വിദ്യാസമ്പന്നരായ യുവാക്കളുടെആവേശവും കഴിവുകളും സേവനങ്ങളും ഗ്രാമങ്ങളുടെ അഭിവൃദ്ധിയെ സഹായിച്ചും 1970ഓടെ ചൈനയുടെ ധാന്യോൽപ്പാദനം 2400 ലക്ഷം ടണ്ണായി ഉയർന്നു. പക്ഷെ 1962ൽ, രണ്ടാം പഞ്ചവത്സര പദ്ധതിയുടെ (1958–62) അവസാനത്തോടെ നേടണമെന്നു് വച്ചിരുന്ന ലക്ഷ്യത്തെക്കാൾ 100 ലക്ഷം ടൺ കുറവാണു് ഇതെന്നോർക്കണം. ഇതിനു പുറമെ ഏതാണ്ടു് 400 ലക്ഷം ടൺ കരുതൽ ധാന്യവും തങ്ങൾക്കുണ്ടെന്നാണു് ചൈന അവകാശപ്പെടുന്നതു്. പക്ഷെ ഇതു് 1960–70 കാലത്തെ വിദേശധാന്യ ഇറക്കുമതിക്കു് തുല്യമാണു്. 1970ലെ ധാന്യോൽപ്പാദനം 1950 ലേതിനേക്കാൾ 200 ശതമാനം കൂടുതലായിരുന്നു. അതായതു് 1950 മുതലുള്ള 20 വർഷങ്ങളിൽ ഈ രംഗത്തു് 5 ശതമാനം വളർച്ചയുണ്ടായി. പ്രതിവർഷ ജനസംഖ്യാ വർധനവിനേക്കാൾ(ഏതാണ്ടു് 2ശതമാനം) എത്രയോ കൂടുതൽ.

ചൈനയിലെ മൊത്തം ധാന്യോൽപ്പാദനം ഹെക്ററാറൊന്നിനു് ശരാശരി 2.4 ടണ്ണേ വരൂ. പക്ഷെ ഹെക്ടറൊന്നിനു് 8 ടണ്ണിലധികം ധാന്യം ഉൽപ്പാദിപ്പിക്കുന്ന കമ്യൂണുകളുടെ എണ്ണവും വിരളമല്ല. രണ്ടു സംസ്ഥാനങ്ങളിലെ—ചെക്യാങ്ങും ക്വാങ്ങ്ടുങ്ങും—ധാന്യോൽപ്പാദനം ആദ്യമായി ഹെക്ടറൊന്നിനു് ശരാശരി 7.5 ടണ്ണിൽ കവിയുകയുണ്ടായി. വിദേശങ്ങളിൽ കെട്ടിഘോഷിക്കപ്പെടുന്ന 'ഹരിത വിപ്ലവ'ത്തിന്റെ ഫലങ്ങളെക്കാൾ വളരെ കൂടുതലാണിത്.

ഇപ്പോൾ ധാന്യങ്ങളുടെ കാര്യത്തിൽ ചൈന സ്വയം പര്യാപ്തി നേടിയിരിക്കുന്നു. ഭാവിയിൽ കയററുമതിക്കുള്ള നാണ്യവിളകളുടെ ഉൽപ്പാദനത്തിനായിരിക്കും ഊന്നൽ കൊടുക്കുന്നതു്. ഇതിൽ നിന്നുള്ള വരുമാനം ഗ്രാമപ്രദേശങ്ങളുടെ യന്ത്രവൽക്കരണത്തിനും വ്യവസായവൽക്കരണത്തിനും വേണ്ടി ഉപയോഗിക്കപ്പെടും. വികസനത്തിനു് ദൃഢമായ അസ്തിവാരമിട്ടു കഴിഞ്ഞിരിക്കുന്നു. ഡോ. ചാങ്ങ് നേരത്തെ അഭിപ്രായപ്പെട്ടതുപോലെ, 'ഗ്രാമപ്രദേശങ്ങളിൽ വമ്പിച്ച വികസന സാധ്യ

തകരം ഉണ്ട്". എണ്ണമററ പ്രശ്നങ്ങാം തരണം ചെയ്യേണ്ടതു ണ്ടെന്ന വസ്തുത ശരി തന്നെ. പക്ഷെ മേൽപ്പറഞ്ഞ സാധ്യത കരം തികച്ചും യാഥാർഥ്യമാണ്. നഗരങ്ങളെയും പട്ടണങ്ങ ളേയും കൂട്ടിയിണക്കി, കർഷകരെയും തൊഴിലാളികളെയും ബു ദ്ധി ജീവികളെയും ഒരേ ഏകവർഗ സമൂഹത്തിൻെറ ഭാഗമാ ക്കികൊണ്ട് വിപ്ലവകരമായ, സമാധാന പൂർവമായ പ്രവർ ത്തനങ്ങളിൽ മുഴകാൻ വമ്പിച്ച സർധ്യതകളുണ്ട്—ചുരുങ്ങിയ തു് 2000—മാണ്ട് വരെ. ●

23

ചൂ എൻലായും തുറന്ന വാതിലും.

പ്രധാനമന്ത്രി ചൂ എൻ ലായിയുമായി, രണ്ടുവട്ടം സുദീർഘമായ സംഭാഷണങ്ങൾ നടത്താൻ എനിക്കവസരം ലഭിക്കുകയുണ്ടായി. ഈ സംഭാഷണങ്ങൾക്കിടയിൽ ചൈനയുടെ വിദേശ, ആഭ്യന്തരനയങ്ങൾ, നേട്ടങ്ങൾ എന്നിവയെക്കുറിച്ചുള്ള പലകാര്യങ്ങളും ഞങ്ങൾ ചർച്ച ചെയ്തു. കഴിഞ്ഞ കുറേ വർഷങ്ങൾക്കുള്ളിൽ അദ്ദേഹം അനുവദിച്ച ഏററവും വിശദമായ അഭിമുഖസംഭാഷണമായിരുന്നു അതു്. അദ്ദേഹം തന്നെ അതു് പ്രസിദ്ധീകരണത്തിനു നൽകുകയും ചെയ്തു. ഈ സംഭാഷണങ്ങളിൽ ഒന്നിനിടയ്ക്കാണു് കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയ്ക്കു്, ആദ്യമായി ചൈനയുടെ കാർഷിക, വ്യാവസായിക ഉത്പാദനത്തെ സംബന്ധിച്ചുള്ള ഏററവും മൂർത്തമായ സ്ഥിതിവിവരക്കണക്കുകൾ വെളിപ്പെടുത്തപ്പെട്ടതു്.

മഹത്തായ ജനകീയ ഹാളിലെ, വിശാലവും പ്രശാന്തവുമായ സ്വീകരണമുറിയിലിരുന്നു് ഞങ്ങൾ സംസാരിച്ചു. പ്രധാനമന്ത്രി എപ്പോഴത്തെയുംപോലെ, സൗഹൃദത്തോടെതന്നെ പെരുമാറി. അദ്ദേഹത്തിന്റെ പെരുമാററത്തിൽ പതിവുള്ള അനായാസതയും ജാഗ്രതയും കാണാമായിരുന്നു. അദ്ദേഹത്തിനു് എഴുപത്തിരണ്ടു വയസ്സു് പ്രായമുണ്ടെന്നോ കഴിഞ്ഞ ഇരുപത്തൊന്നു വർഷമായി അദ്ദേഹം ചൈനീസ് റിപ്പബ്ളിക്കിന്റെ പ്രധാനമന്ത്രിയെന്ന ചുമതല വഹിച്ചു കൊണ്ടിരിക്കുകയാണെന്നോ (കഴിഞ്ഞ അഞ്ചുവർഷമായി സ്ഥിരതയുടെ കേന്ദ്രബിന്ദു അദ്ദേഹമാണു്; രണ്ടാം വിപ്ലവകാലത്തു് അഥവാ സാംസ്ക്കാരിക വിപ്ളവകാലത്തു്, ഭരണകൂടത്തെ ഒരുമിച്ചു കൂട്ടി നിർത്തി

യതും അദ്ദേഹം തന്നെ,) ഒരു അപരിചിതന് ഊഹിക്കാൻ പോലും കഴിയില്ല.

ചൈനയുടെ ആനുകാലിക നേട്ടങ്ങൾക്കു പുറകിൽ,—വികസ്വരമായിക്കൊണ്ടിരിക്കുന്ന അന്തർദേശീയ നയതന്ത്ര, വ്യാപാര ബന്ധങ്ങൾക്കു പുറകിൽ,—താളപ്പിഴകളിൽ നിന്നു വിമുക്തി നേടിയ കാർഷിക, വ്യാവസായിക ഉത്പാദന രംഗത്തെ പുതിയ താളം സ്ഫുരിക്കുന്നുണ്ടായിരുന്നു. അക്കാലത്തു നടന്ന സമൂലമായ തകിടം മറിച്ചിലിൻേറയും സ്റ്റേറ്റ് ഉപരിഘടനാ പുനസംഘടനത്തിൻെറയും വ്യാപ്തി കണക്കിലെടുക്കുമ്പോൾ ചൈനയുടെ അടിസ്ഥാന സമ്പദ്വ്യവസ്ഥയ്ക്ക് വളരെ നേരിയ ആഘാതങ്ങളേ ഏൽക്കുകയുണ്ടായുള്ളൂ എന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന തികച്ചും വിസ്മയകരമായിരുന്നു. ''ഫാക്ടറികളിൽ നടന്ന ചില സമരങ്ങളുടേയും ഗതാഗത തടസ്സങ്ങളുടെയും അധ്വാന മണിക്കൂറുകളിൽ വന്ന നഷ്ടത്തിൻെറയും ഫലമായി 1967 ലും 68 ലും വ്യാവസായികോൽപ്പാദനം കുറയുകയുണ്ടായി എന്നതു് വസ്തുതയാണ്'' അദ്ദേഹം ഊന്നി സമ്മതിച്ചു. മുൻകാലങ്ങളിലെ പ്രയാസങ്ങളെ ഒട്ടും കുറച്ചു കാണാതെ അദ്ദേഹം ഊന്നിപ്പറഞ്ഞു: ''എങ്കിൽ പോലും, നേതൃത്വത്തിൻെറ ശുദ്ധീകരണം വിപ്ലവകരമായ വളർച്ച എന്നിവയുടെ രംഗത്തുണ്ടായ നേട്ടങ്ങൾ നഷ്ടങ്ങളേക്കാൾ വളരെ വളരെ വലുതാണ് എന്നു് പറയാൻ കഴിയും.''

1967–'68 കാലത്തു്, വ്യാവസായിക മാന്ദ്യം അനുഭവപ്പെട്ടിട്ടുപോലും 1966–70 കാലത്തെ പഞ്ചവത്സര പദ്ധതി ലക്ഷ്യങ്ങൾ ഏറെക്കുറെ സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നുവെന്നും ചില രംഗങ്ങളിൽ, ലക്ഷ്യത്തിൽ കവിഞ്ഞ പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ടെന്നും പ്രധാനമന്ത്രി പറയുകയുണ്ടായി. 1970 ൽ മൊത്തം വ്യാവസായിക ഉത്പാദത്തിൻെറ ഏകദേശ മൂല്യം എത്രയായിരുന്നു എന്നു് ഞാൻ അന്വേഷിച്ചു. 'ഏകദേശം 9000 കോടി യു. എസ്. ഡോളർ'. അദ്ദേഹം പറഞ്ഞു. 'ഇതിൽ വ്യവസായ, ഗതാഗതരംഗങ്ങളിലെ ഉൽപ്പാദനം മാത്രമേ ഉൾപ്പെടുന്നുള്ളൂ. വ്യാപാര സേവന രംഗങ്ങൾ ഉൾപ്പെടുന്നില്ലേ''. അദ്ദേഹം കൂട്ടിച്ചേർത്തു.

കാർഷിക രംഗത്തെക്കുറിച്ച് അദ്ദേഹം ഇപ്രകാരം പറഞ്ഞു, 'ലിയുഷാവോചിയുടെ ഇടപെടലുകൾ കാരണം,' അമ്പ

തുകളുടെ അവസാനത്തിൽ ഈ രംഗത്തു് പല തെററുകളും സംഭവിച്ചു. വീണ്ടും 19596—2 കാലത്തെ, കഠിനവർഷങ്ങളിലെ, തിരുത്തൽ പ്രവർത്തനങ്ങൾക്കിടയിൽ മററു പല തെററുകളും സംഭവിക്കുകയുണ്ടായി. പക്ഷെ കഴിഞ്ഞ ഒൻപതുവർഷങ്ങളായി ഞങ്ങളുടെ കാർഷികരംഗം സ്ഥിരമായി വളർച്ചപ്രാപിച്ചു കൊണ്ടിരിക്കുകയാണു്.

അദ്ദേഹം ഇങ്ങനെ തുടർന്നു: 1970ൽ ചൈനയിലെ മൊത്തം ധാന്യോൽപാദനം 2400 ലക്ഷം ടണ്ണിൽ കൂടുതലായിരുന്നു ഇതിനു പുറമെ ഇപ്പോൾ ഏതാണ്ടു് 400 ലക്ഷം ടണ്ണിൻെറ കരുതൽ സ്റ്റോക്കും ചൈനയ്ക്കുണ്ടു്''. ചൈനയിലെ കാർഷിക പരിതസ്ഥിതി മനസ്സിലാക്കാനുള്ള മാനദണ്ഡമായി പാശ്ചാത്യധനശാസ്ത്രജ്ഞന്മാർ കരുതുന്നതു് ധാന്യോൽപാദനത്തിൻെറ അളവാണു്. അവരിൽ പലരും, അടുത്തകാലംവരെ ഏററവും കൂടുതൽ ഉദ്പാദനമുണ്ടായ വർഷം 1957 ആണെന്നാണു് കരുതിവന്നതു്. ഔദ്യോഗിക കണക്കുകളനുസരിച്ചു് 1957ലെ ധാന്യോൽപാദനം, 1800ലക്ഷം ടണ്ണായിരുന്നു. 1958ലെ 'അതിശയോക്തി,' ചൈനീസ് ഔദ്യോഗികവൃത്തങ്ങൾ നൽകുന്ന സ്ഥിതിവിവരക്കണക്കുകളുടെ വിശ്വസനീയതയെ വല്ലാതെ ബാധിക്കുകയുണ്ടായി. അതിനുശേഷം, വളരെ ചുരുക്കം ഉത്തരവാദപ്പെട്ട സ്ഥിതിവിവരക്കണക്കുകളെ പുറത്തുവന്നിട്ടുള്ളു. ഈ സാഹചര്യത്തിൽ പ്രധാനമന്ത്രിയുടെ മേൽപ്പറഞ്ഞ പ്രസ്താവനയ്ക്കു് വമ്പിച്ച പ്രാധാന്യമുണ്ടായിരുന്നു.

''മിച്ചമുണ്ടെങ്കിൽ പിന്നെ ചൈന വിദേശത്തു നിന്നു് ഇപ്പോഴും ഗോതമ്പ് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നതു് എന്തുകൊണ്ടാണു്?''

1970 ൽ ചൈനയുടെ ധാന്യ ഇറക്കുമതി, മൊത്തം ധാന്യോൽപാദനത്തിൻെറ ഒരു ശതമാനത്തിൽ കുറയുകയുണ്ടായി. എങ്കിലും ഇപ്പോഴും ചെറിയ ഒരളവ് ധാന്യം വിദേശത്തു നിന്നു് ഇറക്കുമതി ചെയ്യേണ്ടി വരുന്നതു് എന്തുകൊണ്ടാണെന്നു് പ്രധാനമന്ത്രി വിശദീകരിച്ചു. ചൈനയിൽ ഇറക്കുമതി ചെയ്ത ഗോതമ്പിനു് അതിനേക്കാൾ വില കുറവാണു്. ചൈന, ഈ വില കുറവുള്ള ഗോതമ്പ് ആഭ്യന്തരോപയോഗത്തിനെടുക്കുകയോ കരുതൽ സ്റ്റോക്കായി സൂക്ഷിക്കുകയോ ചെയ്യുന്നു. എന്നിട്ടു്

ആഭ്യന്തരോൽപന്നമായ അരി, പഞ്ചസാര, റബ്ബർ എന്നീ ഉല്പന്നങ്ങൾക്കു പകരമായി ക്യൂബ, സിലോൺ എന്നീ രാഷ്ട്രങ്ങളിലേക്കു കയററി അയയ്ക്കുകയോ ആഫ്രിക്കയുമായുള്ള വ്യാപാരത്തിനായി ഉപയോഗിക്കുകയോ ചെയ്യുന്നു. വിയത്നാം തുടങ്ങിയ രാഷ്ട്രങ്ങളെ സഹായിക്കുന്നതിനു വേണ്ടിയും ചൈന അനേക ലക്ഷം ടൺ അരി കയററി അയയ്ക്കുന്നുണ്ട്.

ചൈനയിലെ ഇപ്പോഴത്തെ രാസവളോൽപാദനം ഏകദേശം 140 ലക്ഷം ടണ്ണാണ് എന്ന കാര്യവും ചൂ വെളിപ്പെടുത്തുകയുണ്ടായി. ഇതു്, ജാപ്പാൻെറ രാസവളോൽപാദനത്തെക്കാൾ വളരെ കൂടുതലാണ്. ചൈനയിലെ കാർഷിക രംഗത്തെ ഉപയോഗത്തിനു് 300–350 ലക്ഷം ടൺ രാസവളങ്ങൾ ആവശ്യമുണ്ട്. ഇതുതന്നെയാണ് രാസവളോൽപാദനത്തെ സംബന്ധിച്ചുള്ള അവരുടെ 1975—ലെ പുതിയ പഞ്ചവത്സര പദ്ധതിയുടെ അവസാന ലക്ഷ്യവും മുന്നൂറു ലക്ഷം ടൺ രാസവളം ഏറെക്കുറെ തികയുമായിരിക്കും. പക്ഷെ കൂടുതൽ രാസവളം ആവശ്യമാണ്. കാരണം, കാർഷിക വിളകൾക്കു മാത്രമല്ല, നാണ്യ വിളകൾക്കും രാസവളം ആവശ്യമാണ്. ഞങ്ങൾക്ക് ഇപ്പോഴും വേണ്ടത്ര ഫോസ്ഫേററോ യൂറിയയോ ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല; ഞങ്ങളുടെ രാസവളശാലകൾ പ്രധാനമായും അമോണിയം സൾഫേററാണ് ഉല്പാദിപ്പിക്കുന്നതു്. ചെറിയ രാസവളശാലകൾ, വളരെ ഫലപ്രദമാണ്. ഇത്തരം ചെറിയ രാസവളശാലകൾ നിർമിക്കുക വഴി, സ്വയം പര്യാപ്തതയുടെ പാതയിലൂടെ ഒട്ടു വളരെ ദൂരം സഞ്ചരിക്കാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്".

പരുത്തി, പരുത്തി നൂൽ, പരുത്തിത്തുണി എന്നിവയുടെ ഉല്പാദനത്തിൻെറ കാര്യത്തിൽ ലോക രാഷ്ട്രങ്ങളുടെ മുൻപന്തിയിലെത്താൻ ചൈനക്കു കഴിഞ്ഞിരിക്കുന്നു എന്ന് പ്രധാനമന്ത്രി സൂചിപ്പിച്ചു. 1970 ൽ ചൈന ഏതാണ്ട് 850 കോടി മീററർ പരുത്തിത്തുണി ഉൽപ്പാദിപ്പിക്കുകയുണ്ടായി.

1967ലേയും 68ലേയും വിപ്ലവകരമായ സംഘർഷങ്ങൾ ഉരുക്കുല്പാദനത്തേയും ബാധിക്കുകയുണ്ടായെന്നും ചൂ പറഞ്ഞു. അതിനു മുൻപുള്ള അഞ്ചുവർഷക്കാലത്തെ ശരാശരി ഉൽപാദനം 100 മുതൽ 180 വരെ ലക്ഷം ടണ്ണായിരുന്നു. ഇപ്പോൾ ഉരുക്കു

നിർമാണശാലകൾ വികസിപ്പിക്കുകയും നവീകരിക്കുകയും ചെയ്തിരിക്കുകയാണ്. 1971 ആവുമ്പോഴേക്ക് ഉത്പാദനത്തിൽ ദ്രുതഗതിയിലുള്ള വർധനവ് ഉണ്ടായേക്കും.

1970 ആയപ്പോഴേക്ക് എണ്ണയുൽപാദനം 200 ലക്ഷം ടണ്ണിൽ കവിയുകയുണ്ടായി. ചൈനയുടെ ആവശ്യമനുസരിച്ചു നോക്കുമ്പോൾ ഇതു് സ്വയം പര്യാപ്തതയ്ക്കു സമാനമാണ്. മൊത്തം റയിൽവേ മൈലുകൾ ഗണ്യമായി വർധിച്ചിരിക്കുന്നു. റെയിൽപ്പാതകൾ ഒട്ടുവളരെ ദൂരം ഇരട്ടിയാക്കപ്പെട്ടിരിക്കുന്നു. തെക്കു പടിഞ്ഞാറൻ ചൈനയിൽ വിഷമം പിടിച്ച ഒരു റെയിൽ ശൃംഖല പൂർത്തീകരിച്ചു കഴിഞ്ഞു. ഈ ശൃംഖല വിയറ്റ്നാം അതിർത്തികളെ മധ്യേഷ്യയിലെ സിക്യാങ്ങ് പ്രദേശവുമായി ബന്ധിപ്പിക്കുന്നു.

1970 ലെ മൊത്തം കാർഷികോല്പന്ന മൂല്യം, വ്യവസായം, ഗതാഗതം, കൃഷി എന്നീ രംഗങ്ങളിലെ മൊത്തം ഉല്പാദനത്തിന്റെ ഇരുപത്തഞ്ചുശതമാനം വരുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ 1970 ൽ, ചൈനയുടെ മൊത്തം വ്യാവസായിക—ഗതാഗത—കാർഷിക ഉൽപ്പന്ന മൂല്യം 12000 കോടി അമേരിക്കൻ ഡോളറിനടുത്തു വരും. പക്ഷെ, 'ഉത്പന്നമൂല്യ'ത്തെ പാശ്ചാത്യ രാജ്യങ്ങളിലെ വ്യവസ്ഥകളനുസരിച്ച് മൊത്തം ദേശീയോല്പന്നമാക്കി മാററാൻ ആവശ്യമായ സൂചികകളൊന്നും ലഭ്യമല്ല. പരസ്പര സഹായാടിസ്ഥാനത്തിലുള്ള അധ്വാനം ഉപയോഗപ്പെടുത്തി ലക്ഷക്കണക്കിനായി നിർമിക്കപ്പെടുന്ന സ്വകാര്യ ഗ്രാമീണ വസതികളുടെയും വാടക വീടുകളുടെയും സായുധ സേനയുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ നിർമിക്കപ്പെടുന്ന വലുതും ചെറുതുമായ ജല സംഭരണ പ്രോജക്ററുകളുടെയും മററും മൂല്യങ്ങൾ ഈ കണക്കിൽ അവഗണിക്കുകയോ അവയുടെ പ്രാധാന്യം കുറച്ചു കാണുകയോ ചെയ്യുന്നു. അതുപോലെതന്നെ, മുഖ്യമായും വേതനമൊന്നും നൽകാതെ പരസ്പര സഹായാധ്വാന സംഘങ്ങളുടെ സഹായത്തോടെ ചൈനയിലെനഗരപ്രദേശങ്ങളിലുംഗ്രാമപ്രദേശങ്ങളിലും നിർമിക്കപ്പെടുന്ന വ്യോമാക്രമണ പ്രതിരോധ ഷെൽട്ടറുകളുടെ കാര്യം പരിഗണിക്കുക. മറെറാവിടെയെങ്കിലുമായിരുന്നെങ്കിൽ അവയുടെ നിർ

മാണത്തിന് കോടിക്കണക്കിനു ഡോളർ ചെലവാക്കേണ്ടി വരുമായിരുന്നു. ഇതിനൊക്കെപ്പുറമെ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ കർഷകരുടെ അവിശ്വസനീയമാം വിധം കഠിനമായ അധ്വാനം ഒന്നുകൊണ്ടുമാത്രം കൃഷിയോഗ്യമാക്കി മാററപ്പെട്ട 300 ലക്ഷം ഏക്കർ ഭൂമി(കർഷകരുടെ ഭരണച്ചെലവു മാത്രമാണ് ഈ പ്രവർത്തനത്തിൽ വന്ന ചെലവ്) യുടെ മൂല്യം ജി. എൻ. പി. സൂക്തവാക്യത്തിൽ എവിടെയാണ് ഉൾക്കൊള്ളിക്കുക?

ചൈനയുടെ ഉത്പന്ന മൂല്യകണക്കുകളെല്ലാം സ്ഥിരമൂല്യമുള്ള യുവാനെ ആസ്പദമാക്കിയുള്ളതാണ്. 1953 മുതൽ യുവാൻ– ഡോളർ വിനിമയ നിരക്ക്, 2.40:1 ആണ്. ഇക്കാലമത്രയും ചൈന നാണയപ്പെരുപ്പത്തെ തടഞ്ഞിട്ടുണ്ട്. ആഭ്യന്തര വിലകൾ സ്ഥിരമാണ്. ചില വസ്തുക്കളുടെ വില കുറഞ്ഞിട്ടുമുണ്ട്. താഴ്ന്ന വേതനക്കാരുടെ വാങ്ങൽശേഷി കൂടിയിട്ടുമുണ്ട്. ചൈനയ്ക്ക് ആഭ്യന്തര, ബാഹ്യകടങ്ങളൊന്നുമില്ല, പ്രധാനമന്ത്രി അഭിമാനത്തോടെ ചൂണ്ടിക്കാണിച്ചു. വ്യക്തികളിൽ നിന്ന് ആദായ നികുതി ഈടാക്കുന്നില്ല. ഉപഭോക്താവിന് ആവശ്യമായ അടിസ്ഥാന വസ്തുക്കൾക്കെല്ലാം പൊതുവേ വില കുറവാണ്. പ്രത്യേകിച്ചും ഭക്ഷണ സാധനങ്ങൾക്ക്. ചൈനയിൽ, വൈവിധ്യമാർന്ന ഭക്ഷണ പദാർഥങ്ങൾ, സുലഭമായി ലഭിക്കാനുണ്ടെന്ന കാര്യം ഏതൊരു സന്ദർശകനും ഒററ നോട്ടത്തിൽ തന്നെ ഗ്രഹിക്കാൻ കഴിയും.

കൃത്യമായി കണക്കാക്കാൻ കഴിയാത്ത നിരവധിഘടകങ്ങൾ കണക്കിലെടുക്കുമ്പോൾ, ചൈനയുടെ മൊത്തം ദേശീയ വരുമാനം പരക്കെയുള്ള ധാരണയ്ക്കു വിപരീതമായി, പശ്ചിമയൂറോപ്പിലെ വികസിത രാഷ്ട്രങ്ങളുടേതിന്റ് അടുത്തുവരുമെന്ന് നമുക്കു തോന്നും. പക്ഷെ ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ ചൈന ഇപ്പോഴും ഏററവും ദരിദ്രമായ രാഷ്ട്രങ്ങളുടെ കൂട്ടത്തിലാണ് പെടുന്നത് എന്നതു് യാഥാർഥ്യമാണ്. ഇതിനു കാരണം, പിപുലമായ ജനനനിയന്ത്രണമാർഗങ്ങൾ സ്വീകരിച്ചിട്ടുപോലും ചൈനയിലെ ജനസംഖ്യ 80 കോടിയോടടുത്തുകൊണ്ടിരിക്കുന്നു എന്നതുതന്നെ.

പിന്നീട് സംഭാഷണം ആഭ്യന്തര രാഷ്ട്രീയ സ്ഥിതികളെക്കുറിച്ചായി. വിദേശരാഷ്ട്രങ്ങളിൽതെററായി വ്യാഖ്യാനിക്കപ്പെ

ട്ടിക്കുന്നതായി താൻ കരുതുന്ന ചില കാര്യങ്ങളെപ്പററിയാണ് ചൂ സംസാരിച്ചത്. സാംസ്കാരിക വിപ്ലവകാലത്ത് ഒരു ഘട്ടത്തിൽ, കമ്യൂണിസ്റ്റ്പാർടി മൊത്തത്തിൽതന്നെ പിരിച്ചുവിടപ്പെട്ടതായുള്ള ഒരു വാർത്ത പരക്കെ പ്രചരിച്ചിരുന്നു. യഥാർഥത്തിൽ പാർടി അംഗത്വം താൽക്കാലികമായി റദ്ദാക്കപ്പെടുക മാത്രമാണ് ചെയ്തത്. ഒരു ശതമാനത്തിൽ കുറവ് അംഗങ്ങൾ മാത്രമേ പാർടിയിൽ നിന്ന് നിഷ്ക്കാസനം ചെയ്യപ്പെടുകയുണ്ടായുള്ളു എന്ന് ചൂ ഉറപ്പിച്ചു പറഞ്ഞു. ഉയർന്നനേതൃത്വതലങ്ങളിൽ കൂടുതൽ മാററങ്ങളുണ്ടായി എന്നതു് ശരിയാണ്. ഉദാഹരണമായി 1969ൽ നടന്ന 9-ാം പാർടി കോൺഗ്രസ്സിൽ വച്ച് കേന്ദ്രക്കമ്മററിയിലെ മുൻ അംഗങ്ങളിൽ ബഹുഭൂരിപക്ഷവും പുറം തള്ളപ്പെടുകയും അവർക്കു പകരം, സാംസ്കാരിക വിപ്ലവത്തിലൂടെ ഉയർന്നു വന്ന പുതിയ കാഡറുകൾ നിയമിക്കപ്പെടുകയും ചെയ്തു. പക്ഷെ, ഇങ്ങനെ കമ്മററിയിൽ നിന്ന് പുറം തള്ളപ്പെട്ടവരിൽ ഭൂരിഭാഗവും പാർടിയിൽ നിന്ന് നിഷ്ക്കാസനം ചെയ്യപ്പെടുകയുണ്ടായില്ല. മറിച്ച് അവർ, സ്വയം 'പതപ്പെടുത്തുന്നതിനുവേണ്ടി' ഗ്രാമപ്രദേശങ്ങളിലേക്ക് പോവുകയാണുണ്ടായത്: ചൂ പറഞ്ഞു.

ഇപ്പോൾ, മാവോ സെ തുങ്ങിന്റെ നേതൃത്വത്തിൽ പാർടിയും സ്റ്റേററിന്റെ ഉപരിഘടനയും പുന:സംഘടിപ്പിക്കപ്പെട്ടുവരികയാണ്. കർഷകരുടെയും തൊഴിലാളികളുടെയും കൗൺസിലുകൾ അഥവാ കോൺഗ്രസ്സുകൾ, ബഹുജന സംഘടനകൾ, ജനകീയ വിമോചന സേന എന്നിവയെല്ലാം പുതിയൊരു നാഷണൽ പീപ്പിൾസ് കോൺഗ്രസ്സിലേക്ക് പ്രതിനിധികളെ അയയ്ക്കാൻ തയാറെടുത്തു വരികയാണ്. പുതിയ രാഷ്ട്രത്തിന്റെ സ്വഭാവം, ഭാവിയിലെ കേന്ദ്ര, പ്രാദേശിക ഗവണ്മെൻറുകളുടെ രൂപം, അതുപോലെ തന്നെ ജനങ്ങളുടെ മൗലികാവകാശങ്ങൾ, ചുമതലകൾ എന്നിവയെല്ലാം തികച്ചും വ്യക്തമാക്കുന്ന ഒരു പുതിയ ഭരണഘടനയ്ക്ക് രൂപം നൽകുക എന്നതാണ് ഈ കോൺഗ്രസ്സിന്റെ ചുമതല.[1]

ഗ്രാമീണ കമ്യൂണുകൾക്ക് നല്ല വിളവുകൾ ലഭിച്ചുകൊണ്ടിരിക്കുന്നതിനും വ്യാവസായിക രംഗത്തെ മാന്ദ്യം അപ്രത്യ

---

1 1972 വരെ, ഭരണഘടനയുടെ കരടു രൂപം നാഷണൽ പീപ്പിൾസ് കോൺഗ്രസ് അംഗീകരിച്ചിരുന്നില്ല.

ക്ഷമായി പുതിയ സാങ്കേതിക രീതികൾ ഉപയോഗിക്കപ്പെട്ടു തുടങ്ങിയതിനും, ഇതിനൊക്കെ പുറമേ സാംസ്ക്കാരിക വിപ്ലവ കാലത്തു് പാർടി ഛിന്നഭിന്നമായി അരാജകാവസ്ഥയിയിലേക്കു് അധഃപ്പതിക്കാതിരുന്നതിനുമെല്ലാം കാരണം, ചൈനീസ് ജനതയുടെ ഐക്യവും മാവോ സെ തുങ്ങിന്റെ സിദ്ധാന്തങ്ങളിലും നേതൃത്വത്തിലും അവർക്കുണ്ടായിരുന്ന വിശ്വാസവുമായിരുന്നു എന്നും പ്രധാനമന്ത്രി ചൂണ്ടിക്കാണിച്ചു. പുതിയ ഭരണഘടനയിൽ ഇക്കാര്യം വ്യക്തമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. അതിൽ ഇപ്രകാരം പ്രസ്താവിക്കപ്പെടുന്നതാണു്: 'ചൈനീസ് ജനകീയ റിപ്പബ്ളിക്കിനെ നയിക്കുന്നതു് മാവോ സെ തുങ്ങ് ആണു്. ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാർഗനിർദേശകമായി വർത്തിക്കുന്നതു് മാവോ സെ തുങ്ങ് ചിന്തയാണു്'. ചൈനീസ് തൊഴിലാളിവർഗം കമ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വത്തിലാണെന്നു് പുതിയ ഭരണഘടന തുറന്നു പ്രഖ്യാപിക്കും.

അതുപോലെ തന്നെ, സാംസ്ക്കാരിക വിപ്ലവകാലത്തു് സോഷ്യലിസ്റ്റ് വിപ്ലവ പ്രവർത്തനങ്ങളിൽ ജനങ്ങൾ ആവിഷ്ക്കരിച്ച പുതിയ പ്രവർത്തന ശൈലികളെല്ലാം പുതിയ ഭരണഘടന അംഗീകരിക്കും. അതായതു്, 'സ്വതന്ത്രമായി സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും' ജനങ്ങളെ ഇളക്കി മറിക്കാനും, മഹത്തായ വാദപ്രതിവാദങ്ങളിൽ ഏർപ്പെടാനും *താത് സൂചാവോകൾ*, എഴുതിയുണ്ടാക്കാനും ഉള്ള അവകാശങ്ങൾ അംഗീകരിക്കപ്പെടും. കൂടാതെ പുതിയ ഭരണ ഘടന പണിമുടക്കാനുള്ള അവകാശവും വാഗ്ദാനം ചെയ്യുമെന്നു് പ്രധാനമന്ത്രി ചൂ കൂട്ടിച്ചേർത്തു

ഒരു കാര്യം വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ടെന്നു് ചൂ ചൂണ്ടിക്കാട്ടി. ചൈനയിലെ സായുധസേന പാർടിയേയും ഭരണകൂടത്തെയും അടക്കിവാഴുകയാണു് എന്നു് ചിത്രീകരിക്കുക വഴി, വിദേശവാർത്താ മാദ്ധ്യമങ്ങൾ, ഇവിടത്തെ സായുധസേനയുടെ പ്രവർത്തനത്തെ തികച്ചും തെററായ വിധത്തിൽ വ്യാഖ്യാനിക്കുകയാണു ചെയ്തിരിക്കുന്നതു്. യാഥാർത്ഥ്യം അതായിരുന്നില്ല. അങ്ങനെയായിരിക്കുകയുമില്ല. ചൂ വ്യക്തമാക്കി. പാർടി നേതൃത്വത്തെക്കുറിച്ചു് വിശകലനം നടത്താനാഗ്രഹിക്കുന്നവർക്കു്, ഭാവിയിൽ ഇക്കാര്യം കൂടുതൽ വ്യക്തമാകുമെന്നു് ചൂ പറയുകയുണ്ടായി.

പ്രധാനമന്ത്രിയുമായും മററ് ഉദ്യോഗസ്ഥന്മാരുമായുള്ള അഭിമുഖ സംഭാഷണങ്ങൾക്കിടയിൽ ഞാനും പത്നിയും കൂടി വൻമതിലിനപ്പുറവുമിപ്പുറവുമുള്ള പല പ്രദേശങ്ങളും സന്ദർശിക്കുകയുണ്ടായി. പല സ്ഥലങ്ങളും എനിക്കു നേരത്തെ പരിചയമുള്ളവയായിരുന്നു. ചിലതൊക്കെ തികച്ചും പുതിയതും. ഞങ്ങൾ കാർഷിക കമ്യൂണുകളിലും നഗരപ്രദേശങ്ങളിലെ കമ്യൂണുകളിലും പ്രാന്തപ്രദേശങ്ങളിലെ പുതുക്കിപ്പണിതവർക്കുഷോപ്പുകളിലും തൊഴിൽ ചെയ്യുന്നവരെകണ്ടു. സ്ത്രീകളുമായി സഹകരിച്ചു പ്രവർത്തിക്കുന്ന ആധുനിക വ്യവസായശാലകളിൽ അധ്വാനിക്കുന്നവരെ കണ്ടു. യൂണിവേഴ്സിററികളിൽ അധ്യാപകരേയും വിദ്യാർഥികളെയും തെരഞ്ഞെടുക്കുന്നതിനെപ്പററി ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവരെ കണ്ടു. ഞങ്ങൾ ആശുപത്രികൾ സന്ദർശിച്ചു. അവിടെ ആധുനിക വൈദ്യശാസ്ത്രവും അക്യുപങ്ചർ ചികിത്സാരീതിയും സംയോജിക്കപ്പെടുന്നതു് നേരിൽ കണ്ടു. നഗ്നപാദഡോക്ടർമാർക്കു് പരിശീലനം നൽകുന്നതു കണ്ടു. ഞങ്ങൾ, നെൽപ്പാടങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപകരെയും അഭിനേതാക്കളെയും ഉന്നത ഉദ്യോഗസ്ഥന്മാരെയും കാണുകയുണ്ടായി. അവരൊക്കെ ആ ജോലി തങ്ങൾക്കിഷ്ടമാണെന്നാണ് പറഞ്ഞതു്. ഒരിക്കൽ ഞങ്ങൾ 220000 വോൾട്ടിൽ വൈദ്യുതി പ്രവഹിച്ചു കൊണ്ടിരിക്കുന്ന കമ്പികൾ റിപ്പയർ ചെയ്യുന്നതെങ്ങനെയെന്നു് പ്രദർശിപ്പിക്കുന്ന ഇലക്ട്രീഷ്യന്മാരെ കണ്ടു. പ്രദർശനം കണ്ടുകൊണ്ടു നിന്നിരുന്നവരുടെ കൂട്ടത്തിൽ ചൈനയിലെ ഏററവും വലിയ ഉരുക്കു നിർമാണശാലയുടെ ഡയറക്ടറും പത്തു ലക്ഷത്തോളം ആളുകൾ നിവസിക്കുന്നഒരു നഗരത്തിലെ വിപ്ലവ ഭരണസമിതിയുടെ ചെയർമാനും ഉൾപ്പെട്ടിരുന്നു.

സാംസ്ക്കാരിക വിപ്ലവത്തെക്കുറിച്ചുള്ള ഞങ്ങളുടെ അഭിപ്രായങ്ങളും അമേരിക്കയിൽ നിന്നുള്ള ഏററവും പുതിയ വാർത്തകളും അറിയുവാൻ ചൂ ഔത്സുക്യം പ്രകടിപ്പിക്കുന്നതായി തോന്നി. സാംസ്ക്കാരിക വിപ്ലവത്തിനുശേഷം പാശ്ചാത്യ പ്രസാധകർക്കുവേണ്ടി ചൈനയിലെ വിവരങ്ങൾ ശേഖരിക്കുന്നതിനായി എത്തിയ ആദ്യത്തെ അമേരിക്കൻ ഗ്രന്ഥകാരനാണ് ഞാൻ എന്ന വസ്തുത ഈ അഭിമുഖസംഭാഷണങ്ങൾക്കു് കൂടുതൽ പ്രാധാന്യം നൽകുന്ന ഒന്നായിരുന്നു എന്നു തോന്നുന്നു.

• •

ദീർഘകാലമായി അറുകിടന്നിരുന്ന ചൈനയിലേയും അമേരിക്കയിലേയും ജനങ്ങൾ തമ്മിലുള്ള വാർത്താവിനിമയ ബന്ധങ്ങൾ പൂർവസ്ഥിതിയിലാക്കുന്നതിനുള്ള മുഖ്യതടസ്സം രണ്ടു ദശാബ്ദക്കാലമായി തയ്വാനു ചിയാങ്ങ് കൈഷേക്കിൻെറ പരാജിത നാഷണലിസ്റ്റ് ഭരണകൂടത്തിനു അമേരിക്ക നൽകി വന്നിരുന്ന സംരക്ഷണമാണ്.

പ്രധാനമന്ത്രി ചൂ ചൈനയുടെ വിദേശബന്ധങ്ങളിൽ ഉളവായിരിക്കുന്ന പുതിയ സ്ഥിതി വിശേഷങ്ങൾ വിലയിരുത്തുകയുണ്ടായി. വികസിച്ചുകൊണ്ടിരിക്കുന്ന വ്യാപാരനിയന്ത്രണ ബന്ധങ്ങൾ, ഈ പുതിയ സാഹചര്യത്തിൻെറ പ്രതിഫലനമാണ്. കനഡയും ഇററലിയും ചൈനയെ അംഗീകരിച്ചശേഷം വിദേശബന്ധങ്ങൾ കൂടുതൽ വികസിച്ചുകൊണ്ടിരിക്കുകയാണ് നയതന്ത്രബന്ധങ്ങളിൽ ഉളവായിക്കൊണ്ടിരുന്ന ഈ മുന്നേററങ്ങൾ, പ്രത്യേകിച്ചും ഐക്യരാഷ്ട്രസഭയിൽ തയ്വാനുപകരം ചൈനയ്ക്ക് സ്ഥാനം നൽകുന്ന കാര്യത്തിലുണ്ടായിട്ടുള്ള അഭിപ്രായ ഐക്യം, തയ്വാൻ ഭരണകൂടത്തെ ഒററപ്പെടുത്തുമെന്നും മാത്രമല്ല, തയ്വാൻ പ്രശ്നത്തിൽ അമേരിക്കയും ജപ്പാനും കൂടുതൽ കൂടുതൽ ഒററപ്പെടുമെന്നുമാണ് ചൈനയിൽ പരക്കെയുണ്ടായിരുന്ന വിശ്വാസം.

ഈ 'കലാപം' കൂടുതൽ വ്യാപകമായികൊണ്ടിരിക്കുകയാണെന്നും ക്രമേണ അതു് എല്ലാ ഭൂഖണ്ഡങ്ങളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണെന്നും ചൂ അഭിപ്രായപ്പെടുകയുണ്ടായി. പടിഞ്ഞാറൻ യൂറോപ്പിൽ പോലും ചുരുക്കം ചില രാഷ്ട്രങ്ങൾ മാത്രമേ ചിയാങ്ങ് കൈഷേക്കുമായി ബന്ധം പുലർത്തിവരുന്നുള്ളു. കനഡയും ഇററലിയും ജനകീയ ചൈനയെ അംഗീകരിച്ചു കഴിഞ്ഞതോടെ 'രണ്ടുചൈന' എന്ന ഒത്തു തീർപ്പിനെയും 'ഒരു ചൈന, ഒരു തയ്വാൻ' എന്ന ഏർപ്പാടിനെയും പററിയുള്ള മിഥ്യകൾ തകർന്നു കഴിഞ്ഞിരിക്കുന്നു.

''ഐക്യരാഷ്ട്രസഭ, ജനകീയ ചൈനയെ അംഗീകരിക്കുന്നതിനും സെക്യൂരിററി കൗൺസിലിൽ സ്ഥാനം നൽകുന്നതിനു വേണ്ടിയും വോട്ടു ചെയ്യുകയാണെങ്കിൽ എന്തായിരിക്കും ചൈനയുടെ പ്രതികരണം?'' ''അതോടൊപ്പം ചിയാങ്ങ്കൈഷേക്കിനെ ഐക്യരാഷ്ട്ര സഭയിൽ നിന്നു് പാടെ പുറന്തള്ളാൻ കൂടി തീരുമാനിക്കുകയാണെങ്കിൽ, തീർച്ചയായും അക്കാര്യം

ഞങ്ങൾ പരിഗണിക്കും. ഐക്യരാഷ്ട്രസഭയുടെ ഭാവി പ്രവചിക്കുക പ്രയാസമാണ്. രണ്ടു സാധ്യതകളാണുള്ളത്. സംഘടനാപരമായി മാററം സംഭവിക്കാനുള്ള സാധ്യതയാണ് ഒന്ന്. രണ്ടാമത്തെ സാധ്യത അതിന് ലീഗ് ഓഫ് നേഷൻസിൻെറ അതേ ഗതി തന്നെ വന്നു ചേരുക എന്നതാണ്. ഐക്യരാഷ്ട്രസഭയെ സ്വന്തം താല്പര്യങ്ങൾക്കായി ഉപയോഗപ്പെടുത്താനും അതിനെ മറികടന്നുകൊണ്ട് ശാക്തിക രാഷ്ട്രീയക്കളികൾ നടത്താനും, സ്വാധീന മണ്ഡലങ്ങൾ തങ്ങൾക്കിടയിൽ വിഭജിച്ചെടുക്കാനും വൻ ശക്തികൾ നടത്തുന്ന ശ്രമങ്ങൾക്കെതിരെ കൂടുതൽ കൂടുതൽ ചെറുകിട, ഇടത്തരം രാഷ്ട്രങ്ങളും ചില വൻ രാഷ്ട്രങ്ങൾ പോലും, ശബ്ദമുയർത്തി തുടങ്ങിയിരിക്കുന്ന കാര്യം ജനറൽ അസംബ്ലിയുടെ 25-ാം സമ്മേളനത്തോടെ വ്യക്തമായികഴിഞ്ഞിട്ടുണ്ട്.

ലോകത്തിൻെറ ഈ വശത്താണെങ്കിൽ, ചൈന ഇപ്പോഴും വൻശക്തികളിൽ നിന്നുള്ള ഭീഷണികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്, ചൂ വ്യക്തമാക്കി: വടക്കും പടിഞ്ഞാറും ഭാഗങ്ങളിൽ 10 ലക്ഷത്തോളം വരുന്ന കര, വ്യോമ, നാവിക സേനകൾ, കിഴക്കുവശത്ത് അമേരിക്കയും, പുനർ സൈന്യവൽക്കരണത്തിലേർപ്പെട്ടിരിക്കുന്ന ജാപ്പാനും ചേർന്ന് ഉയർത്തുന്ന ഭീഷണി കൂടാതെ, തയ്വാൻവഴി തെക്കുകിഴക്കൻ ഏഷ്യയുടെ ആഴങ്ങളിലും ഭീഷണി മുഴങ്ങുകയാണ്.

തയ്വാൻ ചൈനയുടെ ഭാഗമാണ്. ഈ പ്രദേശത്തുള്ള അമേരിക്കയുടെ കടന്നാക്രമണമാണ്. ഇന്തോ ചൈനായുദ്ധത്തിലേക്ക് നയിച്ച ചൈനാ-അമേരിക്ക അഭിപ്രായ വ്യത്യാസങ്ങളുടെ കാതൽ. അമേരിക്കയ്ക്കെതിരായി, ഇന്തോ ചൈനയിലെ മൂന്നു ജനവിഭാഗങ്ങളുടെ സഖ്യത്തിന് ചൈന ഇപ്പോൾ സഹകരണവും പിൻതുണയും നൽകിവരുന്നുണ്ട്. തായ്വാൻ പ്രശ്നം പരിഹരിച്ച് ചൈനാ അമേരിക്കൻ ബന്ധങ്ങൾ പുനസ്ഥാപിക്കുന്നതു സംബന്ധിച്ച് 1960ലും '64ലും താൻ ഉന്നയിച്ചിരുന്ന നിബന്ധനകൾ ചൂ അനുസ്മരിച്ചു. ഇക്കാര്യത്തിൽ യാതൊരു മാററവും വന്നിട്ടില്ല എന്നും വരില്ലെന്നും അദ്ദേഹം പറഞ്ഞു, ചൈന മുന്നോട്ടുവച്ചിരുന്ന നിർദേശങ്ങൾ ഇവയാണ്. 1) അമേരിക്ക, തായ്വാനെ ജനകീയ ചൈനയു

ടെ ഒരവിഭാജ്യഘടകമായി അംഗീകരിക്കുകയും തായ്വാനിൽ നിന്നും തായ്വാൻ ഉംക്കടലിൽ നിന്നും തങ്ങളുടെ മുഴുവൻ സായുധസേനകളെയും പിൻവലിക്കുകയും ചെയ്യണം. 2) ഇരുരാജ്യങ്ങളിലും നിലവിലിരിക്കുന്ന സാമൂഹ്യവ്യവസ്ഥിതികൾ വിഭിന്നമാണെങ്കിൽപോലും ചൈനയും അമേരിക്കയും പഞ്ചശീല തത്വങ്ങളുടെ അടിസ്ഥാനത്തിൽ സമാധാനപരമായി സഹവർത്തിക്കണം.

'തയ്വാൻ ചൈനയുടെ ആഭ്യന്തരപ്രശ്നമാണ്. തന്മൂലം തയ്വാനെ വിമോചിപ്പിക്കാനുള്ള അവകാശം ചൈനീസ് ജനങ്ങളുടെ മാത്രമാണ്. അവിടെ അമേരിക്ക നടത്തുന്ന സായുധാക്രമണം മറ്റൊരു പ്രശ്നമാണ്. ഒരു അന്താരാഷ്ട്രീയ പ്രശ്നം. അതേക്കുറിച്ച് ഒരൊത്തുതീർപ്പിന് ഞങ്ങൾ ഒരുക്കമാണ്. പ്രധാനമന്ത്രി ചൂ പറഞ്ഞു. വാതിൽ തുറന്നുതന്നെ കിടക്കുകയാണ്. പക്ഷെ തായ്വാന്റെ കാര്യം ഗൗരവപൂർവം കൈകാര്യം ചെയ്യാൻ അമേരിക്ക തയാറുണ്ടോ എന്നതാണ് പ്രശ്നം. അദ്ദേഹം അമേരിക്കൻ ജനതയോട് സൗഹൃദയമനോഭാവം പ്രകടിപ്പിച്ചു. ചൈന സന്ദർശിക്കുന്നതിനുള്ള 'ചൈനാ സുഹൃത്തുക്കൾ'ക്കുടെ അപേക്ഷകൾ ഓരോന്നും പ്രത്യേകമായി പരിഗണിച്ച് കൈകാര്യം ചെയ്യപ്പെടുമെന്നും ചൂ പ്രസ്താവിച്ചു.

പീന്നീട്, അദ്ദേഹം ചൈനാ സോവിയററ് അതിർത്തി തർക്കങ്ങളുടെ കാര്യത്തിൽ കഴിഞ്ഞ ഒരു വർഷത്തിലേറെ കാലമായി നിലനിൽക്കുന്ന സ്തംഭനത്തിൽ ചൈനയുടെ നയം എന്തെന്ന് വിശദീകരിച്ചു. 1969 സപ്ററംബർ പതിനൊന്നാം തീയതി സോവിയററ്, ചൈനാ പ്രധാനമന്ത്രിമാർ ഇതേ സംബന്ധിച്ച് ചില തീരുമാനങ്ങളിലെത്തുകയുണ്ടായി. യാതൊരുവിധ ഭീഷണികളുമില്ലാത്ത ഒരന്തരീക്ഷത്തിൽ ചൈനാ സോവിയററ് അതിർത്തിത്തർക്കം സംബന്ധിച്ചുള്ള ഒത്തുതീർപ്പ് സംഭാഷണങ്ങൾ നടത്തേണ്ടതാണെന്നും താല്ക്കാലികമായി രണ്ടു ഭാഗങ്ങളും നിലവിലുള്ള അവസ്ഥ തുടരാനും സായുധ സംഘട്ടനങ്ങൾ ഒഴിവാക്കാനും തർക്കത്തിലിരിക്കുന്ന പ്രദേശങ്ങളിലെ സായുധസേനകളെ നിരായുധീകരിക്കാനും തീരുമാനിക്കേണ്ടതാണെന്നും അവർ തീരുമാനിക്കുകയുണ്ടായി. പ്രധാനമന്ത്രി ചൂവിന്റെ അഭിപ്രായത്തിൽ, പത്തൊമ്പതാം

നൂററാണ്ടിലെ ചൈനാ സോവിയററ് അതിർത്തിക്കരാറനുസരിച്ചുള്ള ഭൂപടങ്ങളെ സംബന്ധിച്ച് ഇരു വിഭാഗക്കാർക്കും അഭിപ്രായ വ്യത്യാസമുള്ള പ്രദേശങ്ങളാണ് 'തർക്കത്തിലിരിക്കുന്ന പ്രദേശങ്ങൾ'. അതായതു്, ഞങ്ങൾ ഞങ്ങളുടേതാണെന്നും അവർ അവരുടേതാണെന്നും അവകാശപ്പെടുന്ന പ്രദേശങ്ങളാണ് അവ. താല്ക്കാലികമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ഒരു തീരുമാനമുണ്ടായിക്കഴിഞ്ഞതിനുശേഷം പരസ്പരവിശ്വാസത്തിന്റെയും പരസ്പരാംഗീകാരത്തിന്റെയും തുച്ഛ നിലയിൽ നിന്നുകൊണ്ടുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിലേ ഈ പ്രശ്നം പരിഹരിക്കാനാവൂ. യഥാർഥത്തിൽ ഇതു പരിഹരിക്കുവാൻ അത്ര വലിയ പ്രശ്നമുണ്ടാകേണ്ടതില്ല.'

എന്നാൽ, തർക്കവിധേയമായ പ്രദേശങ്ങളിൽ നിന്ന്—ഈ പ്രദേശം പരസ്പരം പിണച്ചു വച്ചിരിക്കുന്ന രണ്ടു ഫോർക്കുകളുടെ അഗ്രം പോലെയാണ്—സായുധ സേനയെ പിൻവലിക്കുക എന്ന നിർദേശം പാടേ തിരസ്ക്കരിക്കുകയാണുണ്ടായതു് എന്നു തോന്നുന്നു.

അണുവായുധങ്ങളുടെ ഉപയോഗം തടയാനും അവയുടെ നിർമാണം നിരോധിക്കാനും ഇപ്പോഴുള്ള അണുവായുധങ്ങൾ പൂർണമായി നശിപ്പിക്കണമെന്നാവശ്യപ്പെടാനും ആഹ്വാനം ചെയ്തുകൊണ്ടുള്ള ഒരു ഉന്നതതല സമ്മേളനം വിളിച്ചു കൂട്ടുക എന്ന 1960 ലെ അദ്ദേഹത്തിന്റെ നിർദേശം ഇപ്പോൾ വീണ്ടും ആവർത്തിക്കാൻ തയ്യാറാകുമോ എന്ന് ഞാൻ ചൂവിനോട് ചോദിച്ചു.

'ഈ പ്രശ്നത്തെക്കുറിച്ചുള്ള ഞങ്ങളുടെ നിലപാടെന്താണെന്ന് ഞാൻ വ്യക്തമാക്കാം' ചൂ പറഞ്ഞു. 'ആദ്യമായി, ഞങ്ങളുടെ അണു പരീക്ഷണങ്ങൾ ഇപ്പോഴും പ്രാഥമിക ഘട്ടത്തിലാണ്. ഓരോ പരീക്ഷണവും വളരെ പരിമിതമായ രീതിയിൽ, അതും ആവശ്യമുള്ളപ്പോൾ മാത്രം ആണ് നടത്തപ്പെടുന്നതു്. അണുവായുധ കത്തക പൊളിക്കാനും അണുവായുധങ്ങൾ ഉപയോഗിച്ചുള്ള ഭീഷണിയെ ചെറുക്കാനും ഒരണുവായുധ യുദ്ധമുണ്ടാകുന്നതു തടയാനുമാണ് ഞങ്ങൾ ഈ പരീക്ഷണങ്ങൾ നടത്തുന്നതു്. തന്മൂലം, ഓരോ പ്രാവശ്യം പരീക്ഷണം നടത്തു

മ്പോഴും, ഒരിക്കലും ഒരു സാഹചര്യത്തിലും ചൈന ആ വക അണുവായുധങ്ങൾ ഉപയോഗിക്കുന്ന പ്രശ്നമേയില്ല എന്നു ഞങ്ങൾ പ്രഖ്യാപിക്കാറുണ്ട്. മാത്രമല്ല അണുവായുധങ്ങൾ പൂർണമായും നിരോധിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി, അതിനുള്ള തുടക്കമെന്ന നിലയ്ക്ക്. ആദ്യം അണുവായുധങ്ങളുടെ ഉപയോഗത്തെക്കുറിച്ച് ഒരൊത്തു തീർപ്പിലെത്തുന്നതിനു വേണ്ടി, വലതും ചെറുതുമായ എല്ലാലോക രാഷ്ട്രങ്ങളുടേയും ഒരു ഉന്നതതല സമ്മേളനം വിളിച്ചു കൂട്ടണം എന്ന നിർദേശം ഞങ്ങൾ ആവർത്തിക്കുന്നു. ഞങ്ങൾ നടത്തിയ ഏറ്റവും ഒടുവിലത്തെ അണുവായുധ പരീക്ഷണത്തിനുശേഷം (ഒക്ടോബർ 14, 1970) ജാപ്പാനീസ് സോഷ്യലിസ്റ്റു പാർടി ഞങ്ങളുടെ നിലപാടിനും നിർദേശത്തിനും പിന്തുണനല്കുകയുണ്ടായി.

വൻശക്തികൾ തമ്മിൽ നടക്കുന്ന 'അണുവായുധപരിമിതീകരണ' സംഭാഷണത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത്, മററു രാജ്യങ്ങൾക്കുമേൽ അവർക്കുള്ള കുത്തകനിലനിർത്തുക എന്ന രീതിൽ കവിഞ്ഞ ലക്ഷ്യം അതിനില്ല എന്നാണ്. ഓരോ വൻശക്തിയും എങ്ങനെ മററുള്ളവരെ തെക്കി നിർത്തി സ്വന്തം മേധാവിത്തം നിലനിർത്താം എന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അമേരിക്കയും സോവിയററു യൂണിയനും തങ്ങളുടെ ഭീകര പ്രവർത്തനകുത്തകയുടെ ചെലവുകൾ പരിമിതപ്പെടുത്തുവാൻ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ അവർ സംഭാഷണം തുടരുന്നതിനിടയ്ക്കു തന്നെ ഈ ചെലവുകൾ അതിഭീമമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. അവർ തമ്മിലുള്ള വൈരുദ്ധ്യം എങ്ങനെ പരിഹരിക്കാൻ കഴിയും എന്നതിനെക്കുറിച്ച് ചോദിച്ചപ്പോൾ 'ഞങ്ങൾ അവരുടെ സൈനിക പ്രധാനികളല്ലല്ലോ' എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. അദ്ദേഹം തുടർന്നു. ''അത്തരമൊരു നിരായുധീകരണ''ത്തെക്കുറിച്ച് യാതൊരു പ്രതീക്ഷയും വച്ചുപുലർത്തേണ്ട. ഇരുപത്തഞ്ചുവർഷങ്ങളായി അവർ ആയുധ വിപുലീകരണത്തിലേർപ്പെട്ടുവരികയാണ്, നിരായുധീകരണത്തിലല്ല.

ചൈനയുടെ 'ലോകവീക്ഷ'ണത്തെക്കുറിച്ച് മാവോയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ച്യൂ പറഞ്ഞു. എല്ലാരാഷ്ട്രങ്ങളിലേലേയും ജനങ്ങൾ, മൊത്തം ലോകജനസംഖ്യയുടെ 90 ശതമാനം, കഴിവതും വേഗം വിപ്ലവം നടക്കണമെന്നാഗ്രഹിക്കുന്നവ

രാണ് ....ചെയർമാൻ മാവോയുടെ അഭിപ്രായത്തിൽ ഒരു ലോകമഹായുദ്ധ ഭീഷണി ഇപ്പോഴും നിലവിലുണ്ട്, ചൂ പറഞ്ഞു. എല്ലാ രാഷ്ട്രങ്ങളിലേയും ജനങ്ങൾ അതിനു തയാറെടുക്കേണ്ടതാണ്. ഇന്നത്തെ ലോകത്തിന്റെ മുഖ്യപ്രവണത വിപ്ലവം തന്നെയാണ്.

ചെയർമാൻ മാവോ തന്റെ 1970 മെയ് 20ാം തീയതിയിലെ പ്രസ്താവനയിൽ ഒരു അമേരിക്കൻ വിപ്ലവം നടക്കാനുള്ള സാധ്യതകൾ ദീർഘദർശനം ചെയ്തിട്ടുണ്ട്. ചൈനീസ് നേതാക്കന്മാരോട് ഗൗരവപൂർവം സംസാരിക്കുന്ന ഏതൊരാൾക്കും അമേരിക്കൻ മുതലാളിത്ത വ്യവസ്ഥിതിയിൽ നടന്നുകൊണ്ടിരിക്കുന്ന ശിഥിലീകരണ പ്രവണതകളെ അവർ എത്രമാത്രം ശ്രദ്ധാപൂർവമാണ് വീക്ഷിച്ചുകൊണ്ടിരിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കാതിരിക്കാൻ കഴിയുകയില്ല. വളരെപ്പെട്ടെന്ന് ഒരമേരിക്കൻ വിപ്ലവമുണ്ടാകുമെന്നൊന്നും ചെയർമാൻ മാവോ പ്രതീക്ഷിക്കുന്നില്ല. മാത്രമല്ല, അത്തരമൊരു ഊഹത്തെ അടിസ്ഥാനമാക്കി ചൈനയുടെ വിദേശബന്ധങ്ങൾ പടുത്തുയർത്താനും അദ്ദേഹം ശ്രമിക്കുന്നില്ല. ചൈനീസ് നയത്തിൽ തറപ്പിച്ചാവശ്യപ്പെടുന്നത് മറ്റൊരു കാര്യമാണ്. ഏഷ്യയിൽ നിന്നും തയ്വാനിൽനിന്നും അമേരിക്കൻ സൈനികരെ പിൻവലിക്കണമെന്നു മാത്രമല്ല അവർ ആവശ്യപ്പെടുന്നത്. മറിച്ച്, എല്ലാ വിദേശ സൈന്യങ്ങളും താന്താങ്ങൾ അധീശപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ നിന്ന് പിൻവലിഞ്ഞ് സ്വന്തം രാജ്യങ്ങളിലേക്കു മടങ്ങണമെന്നും അങ്ങനെ എല്ലാ രാഷ്ട്രങ്ങൾക്കും അവരവരുടെ പ്രശ്നങ്ങൾക്കു സ്വയമേവ, പുറമേനിന്നുള്ള ഇടപെടലുകളൊന്നും കൂടാതെ, പരിഹാരം കണ്ടെത്താനുള്ള അവസരം നൽകണമെന്നുമാണ്.

ആറു മാസം ചൈനയിൽ കഴിച്ചു കൂട്ടിയശേഷം എനിക്കു തോന്നിയതിതാണ്. രാഷ്ട്രീയ സ്ഥിരതയും സാമ്പത്തിക വളർച്ചയും ഉറപ്പു വരുത്തുക എന്നതിനാണ് ഇപ്പോൾ ഒന്നാമത്തെ പരിഗണന. വിദേശരംഗത്താവട്ടെ, സമാധാനപരമായ സഹവർത്തിത്വത്തെക്കുറിച്ചുള്ള ബാന്ദുങ്ങ് തീരുമാനങ്ങൾക്ക് അനുസൃതമായി രാജ്യങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം പുതുക്കാനും വികസിപ്പിക്കാനുമാണ് ചൈനയുടെ ശ്രമം. ചൈന ഒരു

അണ്വായുധ വൻശക്തിയാകാൻ കൊതിക്കുന്നില്ല. മറിച്ച്, ചെറുകിട, ഇടത്തരം ശക്തികളുടെ സഹായത്തോടെ, അന്തരാഷ്ട്ര രംഗത്തു് നിലനിന്നു വരുന്ന വൻശക്തി മേധാവിത്വത്തനെതിരെ പ്രവർത്തിക്കാൻ വേണ്ട വിശ്വസനീയമായ പ്രതിരോധശേഷിയുള്ള ഒരു ശക്തിയായി തീരുക എന്നതാണ് ലക്ഷ്യം. പക്ഷെ, സ്വന്തം കഴിവുകളെ മാത്രം ആശ്രയിച്ചുകൊണ്ട്, ചൈന എന്നത്തെക്കാളും കൂടുതൽ ഇന്ന് ഒരു യുദ്ധത്തെ നേരിടാൻ സജ്ജമായിരിക്കുന്നു; ഹാനോയിയേയും ഹാനോയിയുമായി ബന്ധപ്പെട്ട ഇന്തോ ചൈനീസ് ജനങ്ങളെയും സഹായിക്കുക എന്ന തങ്ങളുടെ ലക്ഷ്യം നിറവേററാനും അമേരിക്കൻ സായുധ, രാഷ്ട്രീയ ഉദ്ദേശങ്ങളെ പരാജയപ്പെടുത്താനും ചൈന കൂടുതൽ പ്രാപ്തയായി തീർന്നിരിക്കുന്നു. ●

ഭാഗം ഏഴ്

ചെയർമാനൊത്തൊരു പ്രാതൽ

24

മാവോ സെ തുങ്ങുമായി ഒരു സംഭാഷണം

ഒരു ഇൻറർവ്യൂവിനു് വിധേയനാവാൻ താൻ ആഗ്രഹിക്കുന്നില്ലെന്നു് മാവോ സെ തുങ്ങ് വ്യക്തമാക്കിയിരുന്നു. തന്മൂലം ഞങ്ങൾ തമ്മിൽ നടന്നത് കേവലമൊരു സൗഹൃദ സംഭാഷണമാണു്. പിന്നീട്, സംഭാഷണ മധ്യേ അദ്ദേഹം പ്രകടിപ്പിച്ച ചില അഭിപ്രായങ്ങൾ, നേരിട്ടുള്ള ഉദ്ധരണികളൊന്നും ഉപയോഗിക്കാതെ, പ്രസിദ്ധീകരിക്കുന്നതിൽ അദ്ദേഹത്തിനു് എതിർപ്പൊന്നുമുണ്ടാവില്ല എന്നു് ഞാൻ അന്വേഷിച്ചറിഞ്ഞു. 1970 ഡിസംബർ 10 നാണു് ഞങ്ങൾ തമ്മിലുള്ള സംഭാഷണം നടന്നത്. സംഭാഷണമധ്യേ കുറിപ്പുകളെടുക്കുന്ന ജോലി നിർവഹിച്ചത് നാൻസി താങ്ങ്എന്ന യുവതിയാണു്.താങ്ങ് മീങ്ങ് ചാവോയുടെ (മി.താങ്ങ്, 1949 വരെ *ഓവർസീസ് ചൈനീസ് ഡെയ്‌ലി* എന്ന പത്രത്തിൻെറ ന്യൂയോർക്ക് എഡിററായിരുന്നു. അതിനുശേഷം അദ്ദേഹം ചൈനയും വിദേശരാജ്യങ്ങളും തമ്മിലുള്ള സാംസ്കാരിക, രാഷ്ട്രീയ ബന്ധങ്ങൾക്കു് നേതൃത്വം നൽകിക്കൊണ്ടു് ചൈനയിൽത്തന്നെ താമസിച്ചുവരികയാണു്) അമേരിക്കൻജാതയായ പുത്രിയാണവർ. മറെറാരു സ്ത്രീകൂടി സന്നിഹിതയായിരുന്നു—ചൈനക്കാരിയായ ഒരു സെക്രട്ടറി. ഇവരിരുവരും മാവോ ബാഡ്ജുകൾ ധരിച്ചിരുന്നില്ല എന്നകാര്യം ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ബാഡ്ജുകൾ ധരിക്കാത്ത ഉദ്യോഗസ്ഥന്മാരെ അതുവരെ മറെറാരിടത്തും ഞാൻ കണ്ടിരുന്നില്ല.

സംഭാഷണം പൂർത്തിയായിക്കഴിഞ്ഞ ഉടൻതന്നെ ഞാൻ ഞങ്ങൾ സംസാരിച്ച കാര്യങ്ങൾ ഓർമയിൽ നിന്നു് കുറിച്ചു

വച്ചു. മിസ്ത്രാങ്ങ് തയ്യാറാക്കിയിരുന്ന കറിപ്പുകളുടെ പകർപ്പും എനിക്കു ലഭിച്ചു.

തീൻ അൻ മെന്നിൽ നിന്ന് ഏറെ അകലെയല്ലാതെ(തീൻ അൻമെൻ - സ്വർഗീയകവാടം. ഇവിടെവച്ചാണ് മാവോ ഒക്റ്റോബർ വാർഷികപരേഡ് പരിശോധിക്കാറുള്ളത്) ചുവന്ന മതിലുകളാൽ ചുററപ്പെട്ടുകിടക്കുന്ന പഴയ വിലക്കപ്പെട്ട നഗരത്തിന്റെ തെക്കുപടിഞ്ഞാറെ മൂലയിലാണ് മാവോയുടെ പെക്കിങ്ങ് വസതി. തിളങ്ങുന്ന മഞ്ഞ ഓടുകൾ മേഞ്ഞ ഈ കൂററൻ മതിലുകൾക്കു പിന്നിൽത്തന്നെയാണ് പഴയ ജനകീയ ഭരണകൂടവും അവരുടെ ഉദ്യോഗസ്ഥന്മാരെ താമസിപ്പിച്ചിരുന്നത്. ഇപ്പോൾ, ചെയർമാൻ മാവോയും ചൂ എൻ ലായിയും പൊളിററ്ബ്യൂറോ അംഗങ്ങളും താമസിച്ചു ജോലി ചെയ്യുന്നതു് ഇവിടെയാണ്. രണ്ട് സായുധസേനാനികൾ കാവൽനിൽക്കുന്ന പടിഞ്ഞാറേ കവാടത്തിലൂടെയാണ് നാം മതിൽക്കെട്ടിനകത്തേക്കു പ്രവേശിക്കുന്നത്. ഇരുവശവും മരങ്ങൾ തിങ്ങിവളരുന്ന ഒരു ഒഴിഞ്ഞ പാതയിലൂടെ അൽപ്പനേരം സഞ്ചരിക്കുമ്പോൾ പാരമ്പര്യമട്ടിൽ നിർമിച്ചിട്ടുള്ളതും സാധാരണ വലുപ്പത്തിലുള്ളതുമായ ഒരൊററ നിലക്കെട്ടിടത്തിനു മുന്നിലാണ് നാം എത്തിച്ചേരുക.

വീടിന്റെ പ്രവേശന കവാടത്തിൽ ആയുധങ്ങളൊന്നും ധരിക്കാത്ത രണ്ട് ഓഫീസർമാർ നിങ്ങളെ സ്വാഗതം ചെയ്യുന്നു. അവർ റാങ്ക് അടയാളങ്ങളൊന്നും ധരിച്ചിട്ടില്ല. 'അവർ ജനറൽമാരാണ്': നാൻസിതാങ്ങ് സ്വകാര്യം പറഞ്ഞു. അവർക്കെങ്ങനെ മനസ്സിലായി? ചെയർമാൻ തന്റെ പാനമുറിയുടെ വാതിൽക്കൽവച്ച് എന്നെ സ്വാഗതം ചെയ്തു. ഓഫീസർമാർ അപ്രത്യക്ഷരായി. അദ്ദേഹത്തിന് കാത്തിരിക്കേണ്ടി വന്നതിൽ ഞാൻ ഖേദം പ്രകടിപ്പിച്ചു. മുന്കൂട്ടിവിവരമൊന്നുമറിയിക്കാതെ വിളിച്ചപ്പോൾ ഞാൻ ഉറക്കത്തിലായിരുന്നു.

പ്രഭാത സമയം. ഞങ്ങൾ ഒരുമിച്ച് പ്രാതൽ കഴിച്ചു. അതിനുശേഷം ഏകദേശം ഒരുമണിവരെ സംസാരിച്ചു. ജലദോഷം അദ്ദേഹത്തെ അൽപ്പം അലോസരപ്പെടുത്തുന്നുണ്ടായിരുന്നു. ഡോക്ടർമാരെഎന്തിനു കൊള്ളാം! ഒരുപാട് സമയം നഷ്ടപ്പെടുത്തുന്ന ഈ ജലദോഷം പോലുള്ള നിസ്സാര അസുഖങ്ങൾ ഭേ

പ്പെടുത്താൻ പോലും അവർക്കു കഴിയുന്നില്ല; അദ്ദേഹം ഉച്ചത്തിൽ പറയുന്നതു കേട്ടു. ഞാൻ ഡോക്ററർ ലീനസ് പോളിങ്ങിനെക്കുറിച്ചും—ചെയർമാൻ പോളിങ്ങിനെക്കുറിച്ച് കേട്ടിട്ടുണ്ടായിരുന്നു—ധാരാളം അസ്കോർബിക് ആസിഡ് കഴിക്കുന്നത് ജലദോഷത്തിനുള്ള കൈകൊണ്ടമരുന്നാണെന്നുള്ള അദ്ദേഹത്തിന്റെ വാദത്തെക്കുറിച്ചും സൂചിപ്പിച്ചു. ഞാൻ അദ്ദേഹത്തിന് കുറച്ച് ഗുളികകൾ കൊടുത്തയക്കാമെന്ന് വാഗ്ദാനം ചെയ്തു. കഴിച്ചു നോക്കാം, അദ്ദേഹം പറഞ്ഞു. അസുഖം ഭേദമാകുമെങ്കിൽ അതിന്റെ ബഹുമതി എനിക്കായിരിക്കുമെന്നും മറിച്ചു അതു് കൂടുതൽ ബുദ്ധിമുട്ടിക്കുകയാണ് ചെയ്യുന്നതെങ്കിൽ എന്റെ മേൽ പഴിചാരുകയില്ലെന്നും ചെയർമാൻ പറഞ്ഞു.

മാവോയുടെ വിശാലമായ പാനമുറി നിറയെ നൂറുകണക്കിന് ചൈനീസ് ഗ്രന്ഥങ്ങളും ഇടയ്ക്കിടെയായി കുറേ വിദേശ ഗ്രന്ഥങ്ങളും അടുക്കിവച്ചിട്ടുള്ള ഷെൽഫുകളാണ്. പല പുസ്തകങ്ങളിൽ നിന്നും, അടയാളം വച്ച കടലാസുകഷണങ്ങൾ പൊങ്ങി നിൽക്കുന്നതു കാണാമായിരുന്നു. മുറിയിലുള്ള ഡെസ്കിന്മേൽ നിരവധി ജേർണലുകളും കയ്യെഴുത്തു പ്രതികളും കുന്നുകൂടിയിരിപ്പുണ്ട്. അത് ശരിക്കും ഒരെഴുത്തുകാരന്റെ പണിപ്പുരയാണ്. മുറിയുടെ വിശാലമായ ജനലുകളിലൂടെ പുറത്തേക്കുനോക്കിയാൽ ചെയർമാന്റെ പൂന്തോട്ടത്തിന്റെ ഒരേകദേശ വീക്ഷണം ലഭിക്കും. അവിടെ അദ്ദേഹം പച്ചക്കറികൾ കൃഷിചെയ്യുകയും പലതരം വിളവുകൾ പരീക്ഷിച്ചു നോക്കുകയും ചെയ്യുന്നതായി പറയപ്പെടുന്നു. അതൊരു 'സ്വകാര്യ'കൃഷിസ്ഥലമല്ല. മറിച്ച്, സ്റ്റേററുടമയിലുള്ളതാണ്. ഈയിടെ അദ്ദേഹം തന്റെ ഉപജീവനത്തിനുവേണ്ടി സ്വീകരിക്കുന്ന 'വേതന'ത്തിൽ 20 ശതമാനം കുറവു വരുത്തിയിട്ടുള്ളതായി പറയപ്പെടുന്നു. തന്മൂലം, തോട്ടത്തിലെ വിളവുകൾ സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടിവരുന്നുണ്ടാവാം.

ഇതിനു മുൻപ് 1965 ജനുവരിയിലാണ് ഞാൻ ചെയർമാനുമായി ഏററവുമൊടുവിൽ സംഭാഷണം[1] നടത്തിയതു്. ആ

---

1 ഈ സംഭാഷണത്തിന്റെ പൂർണ രൂപം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട് ''മലകൾക്കുതെക്ക്, കടലുകൾക്കു വടക്ക്'' എന്ന ശീർഷകത്തിനു കീഴെ നോക്കുക.

സംഭാഷണത്തെക്കുറിച്ചുള്ള എന്റെ വിവരണത്തിൽ 'ചൈനയിൽ' വ്യക്തി പ്രഭാവം നിലവിലുണ്ടെന്നും, മാത്രമല്ല, അത്തരമൊരു പ്രതിഭാസത്തിന് കാരണമുണ്ടെന്നും മാവോ സമ്മതിച്ചകാര്യം ഞാൻ രേഖപ്പെടുത്തിയിരുന്നു. ഈ വിവരണത്തെക്കുറിച്ച് ഞങ്ങൾ സംസാരിച്ചു. ആ റിപ്പോർട്ടിന്റെ പേരിൽ പലരും എന്നെ വിമർശിച്ചിരുന്നു.

ഞാൻ ചൈനയിലെ വ്യക്തി പ്രഭാവത്തെക്കുറിച്ച് എഴുതിയതിൽ എന്താണ് കുഴപ്പം? അദ്ദേഹം ചോദിച്ചു. അത് നിലവിലുണ്ട് എന്നത് വസ്തുതയാണ്. പിന്നെ അതേക്കുറിച്ച് എഴുതിയാലെന്താണ്? അത് യാഥാർഥ്യമാണ്.. 1967 ലും '68ലും ഞാൻ ചൈന സന്ദർശിക്കുന്നത് നിരോധിച്ച ആളുകൾ ഒരു ഇടതുപക്ഷ തീവ്രവാദി വിഭാഗത്തിൽപെട്ടവരായിരുന്നു. കുറച്ചു കാലത്തേക്ക് വിദേശ മന്ത്രികാര്യാലയം അവരുടെ നിയന്ത്രണത്തിലായിരുന്നു. അവരെല്ലാം പുറംതള്ളപ്പെട്ടിട്ട് ഏറെക്കാലമായിരിക്കുന്നു. 1965 ൽ, ഞങ്ങൾ സംഭാഷണം നടത്തുന്ന കാലത്ത് പല കാര്യങ്ങളും—പ്രൊവിൻഷ്യൽ പ്രാദേശിക പാർട്ടിക്കമ്മിറ്റികൾക്കെത്തെ പ്രചാരണ പ്രവർത്തനം, പ്രത്യേകിച്ച് പെക്കിങ്ങ് മുൻസിപ്പൽ പാർട്ടിക്കമ്മിറ്റിയുടേത്.—തന്റെ നിയന്ത്രണത്തിനുപുറത്തായിരുന്നു എന്ന് മാവോ പറഞ്ഞു. അതുകൊണ്ടാണ്, മാവോ വിരുദ്ധ പാർട്ടി ബ്യൂറോക്രസിക്കെതിരെ ബഹുജനങ്ങളെ ഇളക്കി വിടുന്നതിന് കൂടുതൽ വ്യക്തി പ്രഭാവം ആവശ്യമാണെന്ന് അന്നദ്ദേഹം പറഞ്ഞതും.

വ്യക്തിപ്രഭാവം ആവശ്യത്തിലധികമായിപ്പോയി എന്നതു് ശരിയാണ്. പക്ഷെ ഇപ്പോൾ കാര്യങ്ങൾ വ്യത്യസ്തമാണ്. മൂവ്വായിരം വർഷക്കാലത്തെ രാജാരാധന പാരമ്പര്യത്തിൽ നിന്ന് മോചനം നേടുക എന്നതു് എളുപ്പമല്ല, ചെയർമാൻ പറഞ്ഞു. നാല് മഹത്വങ്ങൾ—മാവോയെക്കുറിച്ചുള്ള നാല് പൂജകവിശേഷണങ്ങളാണവ: മഹാനായ ഗുരുനാഥൻ, മഹാനായ നേതാവ്, മഹാനായ സർവ സൈന്യാധിപൻ, മഹാനായ അമരക്കാരൻ വല്ലാത്ത ശല്യമായിത്തീർന്നിരിക്കുന്നു. ഇവയെല്ലാം താമസിയാതെ ഒഴിവാക്കപ്പെടും. ഗുരുനാ

ഥൻ—അതായത് വെറും സ്കൂളധ്യാപകൻ, എന്ന വിശേഷണം മാത്രം നിലനിർത്തപ്പെടും. മാവോ എല്ലാക്കാലവും ഒരു സ്കൂളധ്യാപകനായിരുന്നു. ഇപ്പോഴുമതെ. ഒരു കമ്യൂണിസ്റ്റായിത്തീരുന്നതിനു മുൻപുതന്നെ അദ്ദേഹം ചാങ്ങ്ഷായിൽ ഒരു സ്കൂളധ്യാപകനായിരുന്നു. മറ്റെല്ലാ ബഹുമതികളും തിരസ്കരിക്കപ്പെടും.

'മാവോ എന്ന് ഏററവുമുച്ചത്തിൽ ആർത്തു വിളിക്കുന്നവരും ഏററവും കൂടുതൽ ബാനറുകൾ വീശുന്നവരും, ചിലർ പറയുന്നതുപോലെ, ചെങ്കൊടിയെ പരാജയപ്പെടുത്താൻ വേണ്ടി ചെങ്കൊടി വീശുന്നവരല്ലേ എന്ന് ചിലപ്പോഴൊക്കെ ഞാൻ ആശ്ചര്യപ്പെടാറുണ്ട്'' ഞാൻ പറഞ്ഞു.

മാവോ തലകുലുക്കി. അത്തരമാളുകൾ മൂന്ന് വിഭാഗങ്ങളിൽ പെടുന്നവരാണ്, അദ്ദേഹം പറഞ്ഞു. ആദ്യത്തെ വിഭാഗം ആത്മാർഥതയുള്ളവരാണ്. രണ്ടാമത്തെ കൂട്ടർ ഒഴുക്കിനൊപ്പം നീന്തുന്നവരാണ്. എല്ലാവരും, 'ദീർഘകാലം വാഴട്ടെ' —വാൻസൂയി എന്ന് ആർത്തു വിളിക്കുന്നതുകൊണ്ട് അവരും അക്കൂട്ടത്തിൽ ചേരുന്നു. മൂന്നാമത്തെ വിഭാഗം ഒട്ടും ആത്മാർഥതയില്ലാത്തവരാണ്. അത്തരക്കാരാൽ വഞ്ചിക്കപ്പെടാനിടവരരുത്.

'1949 ൽ താങ്കൾ പെക്കിങ്ങിലേക്ക് വരുന്നതിനു മുൻപ് തെരുവുകൾക്കോ നഗരങ്ങൾക്കോ പട്ടണങ്ങൾക്കോ വ്യക്തികളുടെ പേരിടരുത് എന്നു നിർദേശിക്കുന്ന ഒരു പ്രമേയം കേന്ദ്രക്കമ്മററി പാസാക്കുകയുണ്ടായി എന്ന കാര്യം ഞാൻ ഓർക്കുന്നു. താങ്കളുടെ നിർദേശപ്രകാരമാണ് അത് പാസ്സാക്കപ്പെട്ടത് എന്നാണ് കേട്ടിരുന്നത്''. ഞാൻ പറഞ്ഞു.

ശരിയാണ്. അദ്ദേഹം പറഞ്ഞു. അവർ അതൊഴിവാക്കുകയുണ്ടായി. പക്ഷെ മററു രൂപങ്ങളിലുള്ള ആരാധനാ സമ്പ്രദായങ്ങൾ ആവിർഭവിക്കുകയുണ്ടായി. നിരവധി മുദ്രാവാക്യങ്ങൾ, ഛായാപടങ്ങൾ, പ്ലാസ്റ്റർ പ്രതിമകൾ എന്നിങ്ങനെ.... അത്തരം കാര്യങ്ങളൊന്നുമില്ലെങ്കിൽ നിങ്ങൾ മാവോ വിരുദ്ധനാണെന്ന് റെഡ്ഗാർഡുകൾ മുദ്രകുത്തുക പതിവായിരുന്നു. കഴിഞ്ഞ ചില വർഷങ്ങളായി അമിതം വ്യക്തിപ്രഭാവം ആവ

ശ്യമായിരുന്നു. ഇപ്പോൾ അതാവശ്യമില്ല. ഒരു 'തണുപ്പിക്കൽ പ്രക്രിയ' നടക്കേണ്ടിയിരിക്കുന്നു.

ചെയർമാൻ മാവോ ഇക്കാര്യത്തെപ്പററി—മനുഷ്യന്റെ ആരാധനാ സ്വഭാവത്തെക്കുറിച്ച്, ദൈവങ്ങളെയും, സർവശക്തനെയും കുറിച്ച്—വളരെയേറെ ആലോചിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്. എന്റെ മുൻകാല സന്ദർശനവേളകളിലെല്ലാം അദ്ദേഹം അതേപ്പററി ദീർഘമായി സംസാരിച്ചിരുന്നു. ഇപ്പോൾ അദ്ദേഹത്തിന് എഴുപത്താറുവയസ്സായിരിക്കുന്നു. പൊതുവെ നല്ല ആരോഗ്യസ്ഥിതിയാണ് അദ്ദേഹത്തിന്റേത്. പക്ഷെ ഇത്തവണ വീണ്ടും അദ്ദേഹം, താൻ 'താമസിയാതെ ദൈവത്തെകാണാൻ പോവുകയാണ്' എന്നു പറയുകയുണ്ടായി. അത് അനിവാര്യമാണ്. എല്ലാവരും ആത്യന്തികമായി ദൈവത്തെ കണ്ടേപററൂ.

'ദൈവം എന്നൊന്നില്ലെങ്കിൽ, മനുഷ്യന് ദൈവത്തെ സൃഷ്ടിക്കേണ്ടിവരും എന്ന് വോൾട്ടയർ എഴുതിയിട്ടുണ്ടല്ലോ, ഞാൻ പറഞ്ഞു. ഒരു പക്ഷെ, അന്ന് താനൊരു നിരീശ്വരവാദിയാണെന്നാണ് അദ്ദേഹം പ്രഖ്യാപിച്ചിരുന്നതെങ്കിൽ, അദ്ദേഹത്തിന് സ്വന്തം ശിരസ്സ് നഷ്ടപ്പെട്ടമായിരുന്നു.'

ഇത്രയൊന്നും പറയാതെതന്നെ പലർക്കും ശിരസ്സുകൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് മാവോ അഭിപ്രായപ്പെട്ടു.

'നമ്മൾ അന്നത്തെക്കാൾ കുറേയൊക്കെ പുരോഗമിച്ചിട്ടുണ്ട്.' ഞാൻ പറഞ്ഞു. 'പല കാര്യങ്ങളെക്കുറിച്ചുമുള്ള ദൈവത്തിന്റെ വീക്ഷണങ്ങളിൽ മാററം വരുത്താൻ മനുഷ്യന് കഴിഞ്ഞിരിക്കുന്നു. അത്തരം കാര്യങ്ങളിലൊന്നാണ് ജനനനിയന്ത്രണം. ജനനനിയന്ത്രണത്തിന്റെ കാര്യത്തിൽ ചൈനയിൽ കഴിഞ്ഞ അഞ്ചോപത്തോ കൊല്ലം മുമ്പുണ്ടായിരുന്ന അവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെയേറെ മാററങ്ങളുണ്ടായിട്ടുണ്ട്.

ഇല്ല. ചെയർമാൻ പറഞ്ഞു. ഞാൻ തെററിദ്ധരിച്ചിരിക്കുകയാണത്രെ! ഗ്രാമപ്രദേശങ്ങളിലെ സ്ത്രീകൾ ഇപ്പോഴും ആൺകുട്ടികളെ ലഭിക്കാൻ ആഗ്രഹിക്കുന്നു. ആദ്യമുണ്ടാകുന്നതെല്ലാം പെൺകുഞ്ഞുങ്ങളാണെങ്കിൽ അവർ ശ്രമം തുടർന്നുകൊണ്ടിരിക്കും. ഈ മനോഭാവം മാറേണ്ടതുണ്ട്. പക്ഷെ അതിന് ഒരുപാട്

സമയം വേണ്ടിവരുന്നു. ഒരു പക്ഷെ അമേരിക്കൻ ഐക്യനാടുകളിലും ഇതുതന്നെയാവും സ്ഥിതി. അല്ലേ?

'ഇക്കാര്യത്തിൽ ചൈനതന്നെയാണ് മുൻപന്തിയിൽ,' ഞാൻ പറഞ്ഞു. അമേരിക്കയിൽ, സ്ത്രീവിമോചന പ്രസ്ഥാനം കുറച്ചൊക്കെ ഫലമുളവാക്കിയിട്ടുണ്ട്. അമേരിക്കൻ സ്ത്രീകളാണല്ലോ ഏററവുമാദ്യം വോട്ടവകാശം നേടിയത്. ഇപ്പോൾ അവർ ആ അവകാശം എങ്ങനെ ഉപയോഗിക്കണമെന്ന് പഠിച്ചു കൊണ്ടിരിക്കുകയാണ്.'

ഈ ഘട്ടത്തിൽ *മാവോതായി* എന്ന മദ്യം പകർന്ന ഏതാനും ഗ്ലാസുകളുടെ വരവ്, ഞങ്ങളുടെ സംഭാഷണം തടസ്സപ്പെടുത്തി. കുറിയിച്ചോവ് സംസ്ഥാനത്തുണ്ടാക്കുന്ന ഒരു തരം നെല്ലുവാററിയ മദ്യമാണ് *മാവോതായി*. ഞങ്ങൾ പരസ്പരം ടോസ്റ്റ് പറഞ്ഞു. അപ്പോൾ എന്നെ അമ്പരപ്പിച്ചുകൊണ്ട്, ഞാൻ അവിടെസന്നിഹിതരായിരിക്കുന്ന സ്ത്രീകൾക്ക് ടോസ്റ്റ് പറയുകയുണ്ടായില്ല എന്ന് മാവോ ചൂണ്ടിക്കാണിച്ചു. എന്തിക്ക് അങ്ങനെ പററാൻ എന്തുകാരണം? ഞാൻ ഇതുവരെയും സ്ത്രീകളെ സമന്മാരായി കണക്കാക്കാൻ തുടങ്ങിയിട്ടില്ലെന്നോ?

ഇന്നത്തെ സാഹചര്യത്തിൽസ്ത്രീയും പുരുഷനും തമ്മിൽ പരിപൂർണമായ സമത്വം കൈവരുക പ്രയാസമാണെന്ന് ചെയർമാൻ പറഞ്ഞു. പക്ഷെ, ചൈനക്കാർക്കും അമേരിക്കക്കാർക്കുമിടയിൽ മുൻവിധികളൊന്നും ഉണ്ടാകേണ്ടതില്ല. ഇരുകൂട്ടർക്കും പരസ്പരം ബഹുമാനിക്കുകയും തുല്യരായി കണക്കാക്കുകയും ചെയ്യാവുന്നതാണ്. ഈ രണ്ട് രാജ്യങ്ങളിലെ ജനതകളെക്കുറിച്ചാണ് തനിക്ക് ഏററവുമധികം പ്രതീക്ഷയുള്ളതെന്നും ചെയർമാൻ പറഞ്ഞു.

സോവിയററ് യൂണിയൻ മുൻകയ്യെടുക്കുന്നില്ലെങ്കിൽ പിന്നെ താൻ പ്രതീക്ഷകളർപ്പിക്കുന്നത് അമേരിക്കൻ ജനതയിലായിരിക്കും. അമേരിക്കയിൽ ഏതാണ്ട് 20 കോടി ജനങ്ങളുണ്ട്. അവിടത്തെ വ്യാവസായികോൽപാദനമാകട്ടെ, ഇപ്പോൾതന്നെ മററെല്ലാ രാഷ്ട്രങ്ങളിലേയും ഉൽപാദനത്തെ കവച്ചുവച്ചിരിക്കുന്നു. വിദ്യാഭ്യാസം സർവത്രികമാണ്. അവിടെ വിപ്ലവത്തിന് നേതൃത്വം നൽകാൻ കെൽപ്പുള്ള ഒരു പാർടി രൂപം കൊള്ളുന്നതു് അദ്ദേഹത്തിന് സന്തോഷമുള്ള കാര്യമാണ്. പ

ക്ഷെ അത് അടുത്തഭാവിയിലൊന്നും സംഭവിക്കും എന്നദ്ദേഹത്തിനു പ്രതീക്ഷയില്ല.

അതിനിടയ്ക്ക്, ഇടത്—മധ്യ—വലതു് പക്ഷക്കാരായ അമേരിക്കക്കാരെ ചൈന സന്ദർശിക്കാൻ അനുവദിക്കുന്ന കാര്യം വിദേശമന്ത്രികാര്യാലയം പഠിച്ചുകൊണ്ടിരിക്കുകയാണെന്നും ചെയർമാൻ പറയുകയുണ്ടായി. കത്തകമുതലാളിമാരെ പ്രതിനിധീകരിക്കുന്ന നിക്സനെപ്പോലുള്ള വലതുപക്ഷക്കാരെ ചൈന സന്ദർശിക്കാൻ അനുവദിക്കേണ്ടതുണ്ടോ? ഈ ഘട്ടത്തിൽ ചൈനയ്ക്കും അമേരിക്കയ്ക്കും മധ്യേയുള്ള പ്രശ്നങ്ങൾ നിക്സൻ കൂടിയുണ്ടെങ്കിലേ പരിഹരിക്കാനാവൂ എന്നും അതുകൊണ്ട് അദ്ദേഹം സ്വാഗതം ചെയ്യപ്പെടുമെന്നും മാവോ വിശദീകരിച്ചു. നിക്സനോട് ഒരു സഞ്ചാരിയെന്ന നിലയ്ക്കോ, പ്രസിഡന്റെന്നനിലയ്ക്കോ സംഭാഷണം നടത്തുന്നതിൽ തനിക്ക് സന്തോഷമേയുള്ളഎന്നും മാവോ പറയുകയുണ്ടായി

നിർഭാഗ്യമെന്നു പറയട്ടെ, എനിക്ക് അമേരിക്കയെ പ്രതിനിധീകരിക്കാനാവില്ല. ചെയർമാൻ മാവോ പറഞ്ഞു. ഞനൊരു കത്തകമുതലാളിയല്ലല്ലോ. തയ്വാൻ പ്രശ്നം പരിഹരിക്കാൻ എനിക്കു കഴിയുമായിരുന്നോ? അത്തരമൊരു സ്ഥിതിവിശേഷം തുടരുന്നതെന്തിനാണ്. ചിയാങ്ങ് കൈഷേക് ഇത്രവരെയ്ക്കും മരിച്ചു കഴിഞ്ഞിട്ടില്ല. പക്ഷെ നിക്സനു് തയ്വാൻ പ്രശ്നത്തിൽ എന്തിനു താല്പര്യം? ട്രൂമാനും അക്കിസണും ചേർന്നു് ഉണ്ടാക്കിത്തീർത്ത പ്രശ്നമല്ലെ അത്?

പ്രത്യേകം ചില മധ്യവർത്തികൾ വഴി വാഷിങ്ങ്ടണും ചൈനീസ് ഗവണ്മെന്റും ഇടയ്ക്ക് കത്തിടപാടുകൾ നടന്നിരുന്നു എന്ന വസ്തുത വിദേശ നയതന്ത്രജ്ഞന്മാരുടെ ശ്രദ്ധയിൽ പെട്ടിരുന്ന കാര്യം ഇത്തരുണത്തിൽ സ്മർത്തവ്യമാണ് (ഇക്കാര്യം ചെയർമാനും ഞാനും തമ്മിൽ നടന്ന സംഭാഷണത്തിന്റെ ഭാഗമല്ല). ഏഷ്യയെക്കുറിച്ചുള്ള മി. നിക്സന്റെ 'പുതിയ വീക്ഷണം' വെളിപ്പെടുത്തുക എന്നതായിരുന്നു ഈ പതിവിന്റെ ഉദ്ദേശം. വിയത്നാമിൽ നിന്നു് കഴിയുന്നത്ര വേഗത്തിൽ പിൻവലിയാനും തെക്കു കിഴക്കൻ ഏഷ്യയ്ക്ക് അന്താരാഷ്ട്രീയമായ ഒത്തുതീർപ്പുകളുടെ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യാനും തയ്വാൻ പ്രശ്നം പരിഹ

രിച്ച് ചൈനാ അമേരിക്കാ ബന്ധങ്ങളിലെ സ്തംഭനം ഒഴിവാക്കാനും ജനകീയ റിപ്പബ്ലിക്കിനെ ഐക്യരാഷ്ട്രസമിതിയിൽ പ്രവേശിപ്പിക്കാനും ചൈനയുമായി നയതന്ത്രബന്ധങ്ങൾസ്ഥാപിക്കാനും നിക്സൺ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണെന്നാണ് പറഞ്ഞു കേട്ടിരുന്നത്.

1970 ൽ രണ്ട് പ്രമുഖ ഫ്രഞ്ചുകാർ ചൈനയിലെത്തിയിരുന്നു. ഒന്നാമത്തെ ആൾ ആസൂത്രണകാര്യമന്ത്രിയായ ആന്ദ്രേബെററൻ കോർട്ടായിരുന്നു, രണ്ടാമത്തെ ആൾ ഡിഗാൾഭരണകൂടത്തിൽ പ്രധാനമന്ത്രിയായിരുന്ന കൗവ്റെദെ മൂർവില്ലും. കൗവ്റെദെ മൂർവിൽ, ഈ വർഷത്തിൽ ഡിഗാളിനു' ചൈന സന്ദർശിക്കാനുള്ള ഏർപ്പാടുകളെല്ലാം പൂർത്തിയാക്കിയിരുന്നതാണ്. ചൈനയുമായി ആത്മാർഥമായ 'ദെത്താങ്ങി'ൽ ഏർപ്പെടാൻ തനിക്കുദ്ദേശമുണ്ട് എന്നകാര്യം നിക്സൺ ആദ്യമായി സൂചിപ്പിച്ചത് ജനറൽ ഡിഗാളിനോടായിരുന്നു എന്ന വസ്തുത എനിക്ക് ആധികാരികമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡിഗാൾ തൻെറ സന്ദർശനത്തിനിടയിൽ, ചൈനയും അമേരിക്കയും തമ്മിൽ ഗൗരവപൂർവമായ ചർച്ചകൾ ആരംഭിക്കാൻ വേണ്ട ഏർപ്പാടുകൾനടത്തുമെന്ന് പലരും പ്രതീക്ഷിച്ചിരുന്നു. പക്ഷെ ഡിഗാളിൻെറ മരണം ആ പ്രതീക്ഷ അസ്ഥാനത്താക്കി. ഡിഗാളിൻെറ നിര്യാണത്തെത്തുടർന്ന് ചെയർമാൻ മാവോ മാഡം ഡിഗാളിക്കയച്ച അനുശോചന സന്ദേശം, റൂസ്വെൽററിനുശേഷം ഏതെങ്കിലുമൊരു കമ്യൂണിസ്റ്റിതര വിദേശഭരണാധിപൻെറ പേരിൽ മാവോ അയക്കുന്ന ആദ്യത്തെ അനുശോചനസന്ദേശമായിരുന്നു എന്നാണ് കേൾവി.

അതേസമയം, മററ് നയതന്ത്രജ്ഞന്മാർ പ്രവർത്തനനിരതരായി. പെക്കിങ്ങിലുള്ള അമേരിക്കയുടെ യൂറോപ്യൻ മിഷൻെറ തലവൻ, നിക്സനെ കാണുന്നതിനുവേണ്ടി ഒരു വട്ടം അമേരിക്ക സന്ദർശിച്ചു കഴിഞ്ഞിരുന്നു. കഴിഞ്ഞ ഡിസംബറിൽ അദ്ദേഹം വീണ്ടും വാഷിങ്ടണിലേക്കു മടങ്ങി. സ്റ്റേററ് ഡിപ്പാർട്ടുമെൻറിനെ മറികടന്ന് നേരിട്ട് വൈററ് ഹൌസിൽ ചെന്ന് സംഭാഷണങ്ങൾ നടത്തിയശേഷം അദ്ദേഹം ജനുവരിയിൽ ചൈനയിൽ മടങ്ങിയെത്തി. പ്രസിഡൻറ് നിക്സൻെറ ഒരു പ്രത്യേക ദൂതൻ ചൈനയിലെ ഉന്നതനേതാ

ക്കന്മാരുമായി സംഭാഷണം നടത്താൻ പെക്കിങ്ങിലെത്തുകയാണെങ്കിൽ ചൈനയുടെ പ്രതികരണമെന്തായിരിക്കുമെന്ന് വൈററ്ഹൌസ് മേധാവികൾ ഒരിക്കൽ കൂടി അന്വേഷിച്ചതായി ഫെബ്രുവരിയിൽ പെക്കിങ്ങിൽ നിന്നു മടങ്ങുന്നതിന് അൽപം മുൻപ് എനിക്കു വിവരം ലഭിച്ചിരുന്നു. ഏതാണ്ട് അതേ സമയത്തുതന്നെ, ഒരു ഉയർന്ന ചൈനീസ് നേതാവ് 'നിക്സൻ വിയത്നാമിൽ നിന്നു പിൻവാങ്ങിക്കൊണ്ടിരിക്കുകയാണ്' എന്ന് സൂചിപ്പിക്കുന്ന വിധത്തിൽ എന്നോടു പറയുകയുണ്ടായി. നേരെ മറിച്ചായിരുന്നു മുമ്പ് അദ്ദേഹത്തിന്റെ അഭിപ്രായം.

മേൽപ്പറഞ്ഞ പശ്ചാത്തല വിവരങ്ങളൊന്നും മാവോസെ തുങ്ങിൽ നിന്നല്ല എനിക്കു ലഭിച്ചതു് എന്ന കാര്യം ഒരിക്കൽ കൂടി ആവർത്തിച്ചു കൊള്ളട്ടെ.

ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കെ, ചൈനീസ് ജനതയെ വിപ്ലവം നടത്താൻ പഠിപ്പിച്ചതു് ജാപ്പാനീസ് പട്ടാള ഭരണകൂടമായിരുന്നു എന്ന കാര്യം ചെയർമാൻ ഓർക്കുകയുണ്ടായി. അവരാണ്, തങ്ങളുടെ ആക്രമണം വഴി ചൈനീസ് ജനതയെ സമരത്തിലേക്ക് വലിച്ചിഴയ്ക്കുകയും അങ്ങനെ ചൈനയിൽ സോഷ്യലിസം നടപ്പിലാവാൻ ഇടയാക്കുകയും ചെയ്തത്.

ഞാൻ അല്പനാളുകൾക്കു മുൻപ് പ്രിൻസ് സിഹാനൂക് എന്നോടു പറഞ്ഞ ചിലകാര്യങ്ങളെപ്പററി സൂചിപ്പിച്ചു. പ്രിൻസ് എന്നോടു പറഞ്ഞു: 'നിക്സൺ മാവോ സെ തുങ്ങിന്റെ ഏററവും നല്ല ഏജൻറാണ്. അയാൾ കമ്പോഡിയയിൽ കൂടുതൽ കൂടുതൽ ബോംബുകൾ വർഷിക്കുന്തോറും കൂടുതൽ കൂടുതൽ കമ്യൂണിസ്ററുകാരുണ്ടാവുന്നു. കമ്യൂണിസ്ററുകാരുടെ ഏററവും നല്ല വെടിക്കോപ്പുവാഹിയുമാണയാൾ.' മാവോ സമ്മതിച്ചു. അത്തരം സഹായങ്ങൾ അദ്ദേഹത്തിന് ഇഷ്ടമുള്ള കാര്യമാണ്.

രണ്ടുമാസം മുമ്പ്, തീൻ അൻ മെൻ സ്ക്വയറിലെ ഒക്ടോബർ ദിന പരേഡിന്റെ സമയത്ത്, ഇപ്പോഴത്തെ ചുററുപാടുകളിൽ താൻ സംതൃപ്തനല്ല എന്ന് മാവോ എന്നോടു പറഞ്ഞത് ഞാൻ ഓർമിച്ചു. അന്ന് അദ്ദേഹം എന്താണ് അർഥമാക്കിയത് എന്ന് വിശദീകരിക്കാൻ ഞാനാവശ്യപ്പെട്ടു.

സാംസ്കാരിക വിപ്ലവത്തെ സംബന്ധിച്ചുള്ള രണ്ടു കാര്യങ്ങളിൽ തനിക്ക് അസംതൃപ്തിയുണ്ടെന്ന് അദ്ദേഹം വെളിപ്പെടുത്തി. ഒന്ന് നന്നു പറയലാണ്. ചിലർ, മർദനമുറകളോ ശക്തിയോ ഉപയോഗിച്ചല്ല, യുക്തി ഉപയോഗിച്ചാണ് സമരം മുന്നോട്ടുകൊണ്ടുപോകേണ്ടത് എന്നുപറയുകയും അതേസമയം മററുള്ളവരെ മേശക്കടിയിലൂടെ ചവിട്ടുകയും പിന്നെ കാലുവലിക്കുകയും ചെയ്യുന്നു. ചവിട്ടു കൊണ്ട ആൾ 'എന്തിനാണ് നിങ്ങളെന്നെ ചവുട്ടിയത്?' എന്നു ചോദിക്കുമ്പോൾ ആദ്യത്തെ ആൾ പറയും, 'ഞാൻ നിങ്ങളെ ചവുട്ടിയില്ലല്ലോ. എന്റെ കാൽ ഇവിടെത്തന്നെയിരിക്കുന്നതുകണ്ടില്ലേ?' അതാണ് തനിനന്നു പറച്ചിൽ, മാവോ പറഞ്ഞു. പിന്നീട് സാംസ്കാരിക വിപ്ലവകാലത്തെ വൈരുധ്യങ്ങൾ വ്യത്യസ്തവിഭാഗങ്ങൾ തമ്മിലുള്ള യുദ്ധമായി മാറി—ആദ്യം കുന്തങ്ങളും പിന്നീട് തോക്കുകളും ഒടുവിൽ മോർട്ടാറുകളും ഉപയോഗിച്ചുള്ള യുദ്ധം. ചൈന വമ്പിച്ച കലാപത്തിന്റെ വക്കിലാണെന്നു റിപ്പോർട്ടുചെയ്ത വിദേശികൾ നന്നു പറയുകയായിരുന്നില്ല. അവർ പറഞ്ഞത് സത്യമായിരുന്നു. പോരാട്ടങ്ങൾ നടക്കുന്നുണ്ടായിരുന്നു.

ചെയർമാനെ വളരെയേറെ വിഷമിപ്പിച്ച മറെറാരു കാര്യം 'തടവുകാരോടുള്ള—അധികാരസ്ഥാനത്തുനിന്നു നീക്കം ചെയ്ത് പുനർവിദ്യാഭ്യാസത്തിനയക്കപ്പെട്ട പാർട്ടി പ്രവർത്തകരാണ് ഈ തടവുകാർ— മോശപ്പെട്ട പെരുമാററമായിരുന്നു. വിമോചന സേനയിൽ നിലവിലുണ്ടായിരുന്ന പഴയ പതിവ് മിക്കപ്പോഴും വിസ്മരിക്കപ്പെട്ടു. തടവുകാരെ വിട്ടയക്കുകയും അവർക്ക് വീട്ടിലെത്തിച്ചേരാനുള്ള യാത്രച്ചെലവ് കൂടി നൽകുകയും ആയിരുന്നു പതിവ്. ഇതിന്റെ ഫലമായി ശത്രുസൈനികരിൽ പലരും സ്വയമേവ വിമോചന സേനാ അണികളിൽ ചേരുകയുണ്ടായി. തടവുകാരോടുള്ള ഈ മോശപ്പെട്ട പെരുമാററം പാർട്ടിയുടെ പുനർ നിർമാണ, പരിവർത്തന പ്രവർത്തനങ്ങളെ തണുപ്പിച്ചിരിക്കുന്നു.

മാവോ ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു: സത്യം പറയാത്ത ഒരാൾക്ക് എങ്ങിനെയാണ് മററുള്ളവരുടെ വിശ്വാസം പിടിച്ചു പററാൻ കഴിയുക? അത്തരം ഒരാളെ ആരാണ് വിശ്വസിക്കുക? ഇപ്പറഞ്ഞത് സുഹൃത്തുക്കൾക്കും ബാധകമാണ്

'റഷ്യക്കാർക്ക് ചൈനയെ ഭയമാണോ?' ഞാൻ ചോദിച്ചു.

ചിലർ അങ്ങനെ പറയുന്നുണ്ട്. പക്ഷെ അവരെന്തിനാണ് ഞങ്ങളെ ഭയപ്പെടുന്നത്? ചൈനയുടെ ആററം ബോംബിന് ഈ വലുപ്പമുള്ളപ്പോൾ (മാവോ തൻെറ ചെറുവിരൽ ഉയർത്തിക്കാണിച്ചു) റഷ്യക്കാരുടെതിന് ഈ വലുപ്പമുണ്ട് (അദ്ദേഹം തള്ള വിരൽ ഉയർത്തി.) റഷ്യാക്കാരുടെയും അമേരിക്കക്കാരുടെയും ബോംബുകൾ ഒന്നിച്ചു ചേർത്താൽ ഈ വലുപ്പം വരും (അദ്ദേഹം തൻെറ രണ്ടുകയ്യുകളിലേയും തള്ളവിരലുകൾ കൂട്ടിവെച്ചു കാണിച്ചു.) ഒരു ചെറു വിരലിന് രണ്ടു തള്ള വിരലുകളെ എന്തു ചെയ്യാൻ കഴിയും?

'പക്ഷെ ദീർഘകാലാടിസ്ഥാനത്തിൽ നോക്കുമ്പോൾ, റഷ്യാക്കാർക്ക് ചൈനയെ ഭയമാണോ?'

അവർക്ക് ഒരല്പം ഭയമുണ്ടെന്നാണ് പറയപ്പെടുന്നത്, അദ്ദേഹം പറഞ്ഞു. മുറിയ്ക്കകത്തുള്ള ഒന്നരണ്ട് എലികളെപ്പോലും ചിലപ്പോൾ താമസക്കാരന് ഭയപ്പെടാറുണ്ടല്ലോ. അയാളുടെ മധുരപലഹാരങ്ങൾ അവ അടിച്ചുകളയും എന്നായിരിക്കും ഭയം. ഉദാഹരണമായി ചൈന വ്യോമാക്രമണ പ്രതിരോധ ഷെൽട്ടറുകൾ നിർമിക്കാനാരംഭിച്ചപ്പോൾ റഷ്യക്കാർ പരിഭ്രമിച്ചു. പക്ഷെ ഷെൽട്ടറുകൾക്കകത്തിരിക്കുന്ന ചൈനാക്കാർ എങ്ങനെയാണ് മററുള്ളവരെ ആക്രമിക്കുക.

ആശയതലത്തിൽ, ആരാണ് ആദ്യത്തെ വെടിപൊട്ടിച്ചത്? റഷ്യാക്കാർ ചൈനാക്കാരെ വരട്ടതത്വവാദക്കാരെന്നു വിളിച്ചു, ചൈനാക്കാർ തിരിച്ച് റിവിഷനിസ്ററുകളെന്നും. റഷ്യയുടെ വിമർശനങ്ങൾ ചൈന പ്രസിദ്ധീകരിച്ചു. പക്ഷെ റഷ്യാക്കാർ ചൈനയുടെ വിമർശനങ്ങൾ പ്രസിദ്ധീകരിക്കാൻ തയ്യാറായില്ല. പിന്നീട്, റഷ്യ ആദ്യം ക്യൂബക്കാരെയും പിന്നെ റുമേനിയക്കാരെയും വിട്ട്, ചൈനയോട് പരസ്യമായ പ്രത്യയ ശാസ്ത്രതർക്കം നിറുത്താനാവശ്യപ്പെട്ടു. അതു പററില്ല, മാവോ പറഞ്ഞു. ആവശ്യമെങ്കിൽ 10,000 വർഷത്തേക്ക് ഈ തർക്കം നടത്തേണ്ടിവരും. പിന്നെ കൊസ്സിഗിൻ സ്വയം രംഗത്തു വന്നു. കൊസ്സിഗിനുമായുള്ള സംഭാഷണത്തിനുശേഷം, താൻ നേരത്തെ പറഞ്ഞതിൽ 1000 വർഷം കരുവെയ്ക്കാൻ സന്നദ്ധനാണെന്നും അതിൽകൂടുതൽ കുറയ്ക്കാനാവില്ലെന്നും മാവോ പ്രഖ്യാപിച്ചു.

റഷ്യാക്കാർ ചൈനയേയും മററു പല രാഷ്ട്രങ്ങളെയും തരംതാണവരായാണ് കരുതുന്നത്, മാവോ പറഞ്ഞു. തങ്ങൾ പറയുന്നതൊക്കെ മററുള്ളവർ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുമെന്നാണ് അവരുടെ വിചാരം. അങ്ങനെ ചെയ്യാത്തവരുണ്ടെന്നും അച്ചടത്തിൽ പെടുന്നഒരാളാണ് ഈ ഏളിയ താനെന്നും അവർ മനസ്സിലാക്കുന്നില്ല. ഇപ്പോൾ ചൈനയും റഷ്യയും തമ്മിലുള്ള ആശയ വൈരുധ്യങ്ങൾ പരിഹരിക്കാനാവാത്തവിധമായിക്കഴിഞ്ഞിരിക്കുന്നുവെങ്കിലും—ഇരുകൂട്ടരും കംബോഡിയയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള പരസ്പര വിരുദ്ധവമായ നയങ്ങൾ വ്യക്തമാക്കുന്നതുപോലെ, ആത്യന്തികമായി അവക്ക് രണ്ട് രാഷ്ട്രങ്ങളെന്ന നിലയ്ക്കുള്ള തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും.

അദ്ദേഹം ഒരിക്കൽ കൂടി അമേരിക്കയുടെ കാര്യം സൂചിപ്പിച്ചു. സമ്പത്ത് അമ്പതു സ്റ്റേററുകൾക്കായി വീതിച്ചുകൊണ്ടും അധികാരവികേന്ദ്രീകരണം നടത്തിക്കൊണ്ടും അമേരിക്ക വികാസം പ്രാപിച്ച രീതി ചൈനയ്ക്ക് മാതൃകയായിത്തീരേണ്ടതാണ്, ചെയർമാൻ പറഞ്ഞു. ചൈന, മേഖലാ, പ്രാദേശിക ഘടകങ്ങളെ കൂടുതൽ ആശ്രയിച്ചു തുടങ്ങണം. എല്ലാ കാര്യങ്ങളും തന്നെയേല്പിച്ചാൽ (അദ്ദേഹം കൈ വിടർത്തിക്കാണിച്ചു) ശരിയാവില്ല.

അദ്ദേഹം ആദരപൂർവം എന്നെ വാതിൽക്കൽവരെ അനുഗമിച്ചു. യഥാർഥത്തിൽ യാതൊരു സങ്കീർണതകളുമില്ലാത്ത വളരെ സാധാരണനായ ഒരു വ്യക്തിയാണ് താൻ—നടന്നു കൊണ്ടിരിക്കെ അദ്ദേഹം പറഞ്ഞു: ''ചോരുന്ന ഒരു ശീലക്കുടയുമേന്തി ലോകം ചുററുന്ന ഒരേകാന്ത സന്യാസിയാണ് ഞാൻ''

ഈ സംഭാഷണത്തിൻെറയും മററു പല അനൗപചാരിക സംഭാഷണങ്ങളുടെയും വെളിച്ചത്തിൽ, ഒരു കാര്യം എനിക്കു വ്യക്തമായി. ഭാവിയിൽ നടക്കാനിരിക്കുന്ന ചൈനാ—അമേരിക്കൻ സംഭാഷണങ്ങളിലെല്ലാം, ചെയർമാൻ മാവോ, ചൈനയുടെ എല്ലാ വിദേശനയങ്ങളേയും നയിച്ചു വരുന്ന അടിസ്ഥാനതത്വങ്ങളിൽ ഉറച്ചു നിൽക്കുകതന്നെ ചെയ്യും. മറിച്ച്, അന്താരാഷ്ട്രീയ ബന്ധങ്ങളിൽ അയവുണ്ടാവുകയാണെങ്കിൽ, ലോക കാ

ര്യങ്ങളിലുള്ള ചൈനയുടെ പങ്കാളിത്തത്തെ പൂർണ്ണമായി സ്വാഗതം ചെയ്യുന്നെങ്കിൽ, എല്ലാ സുഹൃൽ രാഷ്ട്രങ്ങളുമായും ശത്രുരാജ്യങ്ങളിലെ സുഹൃൽ ജനതകളുമായും സഹകരിച്ചു പ്രവർത്തിക്കാൻ ചൈന സന്നദ്ധമാവാതിരിക്കില്ല എന്നും എനിക്ക് വിശ്വാസമുണ്ട്.

ഭാഗം എട്ട്

നിക്സൺ നിരോധിത നഗരത്തിലേക്ക്

25

പ്രബല സ്ഥാനത്തു നിന്നു കൊണ്ട്

പ്രസിഡന്റ് നിക്സൺ ചൈന സന്ദർശിക്കാൻ താത്പര്യം പ്രകടിപ്പിച്ചതും, പെക്കിങ്ങിൽ നിന്നു ലഭിച്ച ക്ഷണം സ്വീകരിക്കാൻ തയ്യാറായതും എന്തുകൊണ്ടാണ്? ഈ ചോദ്യത്തിന് പല ഉത്തരങ്ങളും ഊഹാപോഹങ്ങളുമുണ്ട്. പക്ഷെ, ഇത്തരമൊരു ക്ഷണം നടത്താൻ ചൈനക്കാർ തയ്യാറായതോ? നിക്സന്റെ ആദ്യകാലത്തെ ഉയർച്ചക്കു മുഴുവൻ നിദാനം അദ്ദേഹത്തിന്റെ ചൈനാ വിരോധവും കമ്യൂണിസ്റ്റ് വിരോധവും ആയിരുന്നു എന്നതും ചൈനയെ റഷ്യക്കു വിററ ''സ്റ്റേററ്ഡിപ്പാർട്ട്മെൻറിലെ കമ്യൂണിസ്റ്റ് പ്രീണത'' ക്കാരെ എതിർത്തുകൊണ്ടാണ് അദ്ദേഹം സെനററ് അംഗത്വത്തിലേക്കും വൈസ്പ്രസിഡൻറ് സ്ഥാനത്തേക്കും ഉയർന്നതെന്നും ഉള്ള വസ്തുത പെക്കിങ്ങിലുള്ളവർ മറന്നു പോയതാണോ? മാവോ സെ തുങ്ങിന്റെ കാര്യത്തിലാണെങ്കിൽ തീവ്രമായ ഒരു ആഭ്യന്തര ശുദ്ധീകരണം കഴിഞ്ഞ് എല്ലാം ഭദ്രമായിരിക്കയാണ്. അമേരിക്കയുടെ വിയററ്നാമിലെ പരിശ്രമങ്ങളെല്ലാം തകർന്ന് തരിപ്പണമാവുന്നത് അദ്ദേഹം കണ്ടതാണ്. മാത്രമല്ല, വിദേശ രംഗത്തും ആഭ്യന്തരരംഗത്തും അമേരിക്കയുടെ സാമ്പത്തിക രാഷ്ട്രീയസ്ഥതി വഷളായി കൊണ്ടിരിക്കയാണ് എന്ന് മാവോ വിശ്വസിക്കുകയും ചെയ്തിരുന്നു. എന്നിട്ടും ഇത്രയും വൈകി നീട്ടിയ സമാധാനഹസ്തം ഗ്രഹിക്കുവാൻ അദ്ദേഹം തയ്യാറാവുന്നതെന്തുകൊണ്ടാണ്? നിക്സന്റെ വെറും 'സ്രാവുമുള്ള' തിന്നാൻ മാത്രമായല്ല ചൈന സന്ദർശിക്കുന്നത് എങ്കിൽ, അദ്ദേഹത്തിന്റെ ആതിഥേയന്മാർ ഉപദംശകങ്ങളായി മറെറന്തെല്ലാം കൂടി നൽകും? തിരിച്ച് എന്തെല്ലാമാണ് അവർ പ്രതീക്ഷിച്ചിരിക്കുക?

നിക്സനെക്കുറിച്ചുള്ള പ്രശ്നത്തിന് മാവോ സെതുങ്ങ് തന്നെ ഭാഗികമായി ഉത്തരം പറഞ്ഞു കഴിഞ്ഞിരിക്കുന്നു. [1] 'നിക്സൺ കുത്തക മുതലാളിമാരുടെ പ്രതിനിധിയാണ് എന്നതു് വസ്തുതയാണെങ്കിലും ഈ ഘട്ടത്തിൽ ചൈനയും അമേരിക്കയും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദ്ദേഹം കൂടിയേ തീരൂ എന്ന വളരെ ലളിതമായ കാരണത്താലാണ്" തങ്ങൾ നിക്സനെ ക്ഷണിക്കാൻ നിശ്ചയിച്ചതു് എന്ന് മാവോ എന്നോട് പറയുകയുണ്ടായി. മാവോ തന്റെ പ്രത്യേകമായ വൈദ്ധ്യാധിഷ്ഠിത ശൈലിയിൽ എപ്പോഴും പറയുന്ന ഒരു കാര്യമുണ്ട്: ചീത്തയിൽനിന്ന് നന്മ ആവിർഭവിച്ചെന്നു വരും. അനുഭവങ്ങളും ശരിയായ രീതിയിലുള്ള അധ്യാപനവും വഴി ചീത്തമനുഷ്യരെപ്പോലും നന്നാക്കിയെടുക്കാൻ കഴിയും. ഒരു തരത്തിൽ പറയുകയും അധികാരത്തിലേറിക്കഴിഞ്ഞാൽ തികച്ചും വ്യത്യസ്തമായ രീതിയിൽ പെരുമാറുകയും ചെയ്യുന്ന സോഷ്യൽ ഡെമോക്രാററുകളേയും റിവിഷനിസ്ററുകളേയുംകാൾ നിക്സനെപ്പോലുള്ള ആളുകളെയാണ് താൻ ഇഷ്ടപ്പെടുന്നതു് എന്നും ചെയർമാൻ എന്നോട് പറയുകയുണ്ടായി.

നിക്സൺ വഞ്ചകനായിരിക്കാം. പക്ഷെ മററു പലരെക്കാളും ഭേദമാണ്, ചെയർമാൻ തുടർന്നു. നിക്സൺ കഠിനമായ തന്ത്രങ്ങൾ പലതും ഉപയോഗിക്കാറുണ്ട്. പക്ഷെ, അതേ സമയം മൃദുവായ തന്ത്രങ്ങളും അദ്ദേഹം പ്രയോഗിക്കാതില്ല. ഏതായാലും നിക്സൺ ഒരു വിമാനത്തിലേറി ഇങ്ങ് പോരട്ടെ. സംഭാഷണങ്ങൾ വിജയിക്കുമോ ഇല്ലയോ എന്നതു് വലിയ പ്രശ്നമൊന്നുമല്ല. നിക്സൺ ഇങ്ങോട്ടു വരുന്നതിൽ തൽപ്പരനാണെങ്കിൽ, ചെയർമാൻ അദ്ദേഹത്തോട് സംസാരിക്കും. അതുറപ്പാണ്. അവർ കലഹിക്കുമോ ഇല്ലയോ 'എന്നതൊന്നും പ്രശ്നമല്ല. അതുപോലെ നിക്സൺ പ്രസിഡന്റെന്ന നിലയ്ക്കാണോ അതോ വെറുമൊരു സഞ്ചാരി എന്ന നിലയ്ക്കാണോ വരുന്നതു് എന്നതും പ്രശ്നമാക്കേണ്ടതില്ല. തങ്ങൾ തമ്മിൽ കലഹിക്കേണ്ടി വരില്ല എന്നാണ് ചെയർമാൻ കരുതുന്നതു്. പക്ഷെ താൻ നിക്സനെക്കുറിച്ചുള്ള വിമർശനങ്ങൾ ഉന്നയിക്കും. സ്വയം വിമർശനം നടത്തുകയും സ്വന്തം തെററുകളെ

---

1 അധ്യായം 24 നോക്കുക.

യും വീഴ്ചകളെയും കുറിച്ച് സംസാരിക്കുകയും ചെയ്യും. ഉദാഹരണമായി ചൈനയുടെ ഉത്പാദന നിലവാരം അമേരിക്കയുടേതിനെക്കാൾ കുറവാണ് എന്ന കാര്യം ചർച്ചാവിഷയമാവും.

1965 ജനുവരിക്കുശേഷം മാവോയുടെ ചിന്താഗതിയിൽ ഇത്തരമൊരു മാററമുണ്ടാകത്തക്കവണ്ണം എന്താണ് സംഭവിച്ചത്? അന്ന് പ്രസിഡൻറ് ജോൺസണ് എന്തെങ്കിലും സന്ദേശമെത്തിക്കേണ്ടതുണ്ടോ എന്ന് ഞാൻ അദ്ദേഹത്തോടന്വേഷിച്ചിരുന്നു. *വുഷി* (ഇല്ല) എന്നു മാത്രമായിരുന്നു ചെയർമാൻെറ ഉത്തരം. എങ്കിൽ പോലും യുദ്ധം അവസാനിപ്പിക്കാനും ഇന്തോചൈനയുടെ സ്വാതന്ത്ര്യം ഉറപ്പു വരുത്താനും അങ്ങനെ വിയത്നാമിലെ സംഘർഷാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്താനുള്ള ഒരു പോംവഴി പുതിയൊരു ജനീവാ സമ്മേളനം വിളിച്ചു കൂട്ടുക എന്നതാണെന്ന് മാവോ സൂചിപ്പിക്കാതിരുന്നില്ല.[2] ഈ സന്ദേശം സ്റ്റേററ് ഡിപ്പാർട്ട്മെൻറിലും എത്തുകയുണ്ടായെങ്കിലും വടക്കൻ വിയത്നാമിൽ ബോംബിടാനുള്ള പ്രസിഡൻറ് ജോൺസൻെറ തീരുമാനം ആ 'പോംവഴി' അടയ്ക്കുകയാണു ചെയ്തത്.

സായുധാക്രമണം വഴി വിപ്ലവ വിയത്നാമിനു മേൽ തങ്ങളുടെ രാഷ്ട്രീയാധികാരം വച്ചു കെട്ടാനാവില്ല എന്നകാര്യം കടുത്ത അനുഭവങ്ങളിൽ നിന്ന് നല്ലൊരു പാഠം പഠിക്കുന്നതു വരെ അമേരിക്കക്കാർക്ക് മനസ്സിലാവില്ല എന്നും 1965 ലെ അഭിമുഖസംഭാഷണത്തിനിടയ്ക്ക് മാവോ വ്യക്തമാക്കിയിരുന്നു.

വിയത്നാമിൻെറ അനുഭവ പാഠങ്ങളാണ്, അല്ലാതെ പ്രസിഡൻറുമാരുടെ മാററമൊന്നുമല്ല, 1970ൽ നിക്സണെപ്പററി വ്യത്യസ്തമായ രീതിയിൽ സംസാരിക്കാൻ മാവോയ്ക്ക് സാധ്യമാക്കിയതു് എന്നാണ് ചൈനാക്കാരുടെ വിശ്വാസം. 'അനുഭവം' നിക്സനെ താരതമ്യേന 'നല്ല'വനാക്കി തീർത്തിരുന്നു. അവരുടെ വീക്ഷണത്തിൽ വ്യത്യാസം വരാൻ ഇടയാക്കിയ മററു ചില പ്രധാന മാററങ്ങൾ കൂടിയുണ്ട്: വടക്കൻ വിയത്

2 അഭിമുഖ സംഭാഷണത്തിൻെറ പൂർണവിവരം അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. 'മലകൾക്കു തെക്ക്, കടലുകൾക്കു വടക്ക്' എന്ന ശീർഷകത്തിനു കീഴെനോക്കുക.

നാമിനേയും വിയത് കോങ്ങുകളെയും കംബോഡിയയിലേയും ലാവോസിലേയും പ്രതിരോധ ശക്തികളെയും കൂട്ടിയിണക്കി, പെക്കിങ്ങിന്റെ പരിപൂർണ്ണ പിൻതുണയോടെ ഒരു മുന്നണി രൂപം കൊണ്ടതായിരുന്നു ഇതിൽ ഏററവും പ്രധാനപ്പെട്ട മാററം. അതുപോലെ തന്നെ ചൈനയ്ക്കുത്തു സംഭവിച്ച മാററങ്ങളും—ഉദാഹരണമായി അണുവായുധ മിസൈലുകളുടെയും അണുവായുധ വിതരണ സമ്പ്രദായങ്ങളുടെയുംവികാസം.

സൈദ്ധാന്തികമായി നിക്സന്റെ മുന്നിൽ പല പോംവഴികളും തുറന്നുകിടപ്പുണ്ട് എന്ന് ചൈനാക്കാർ വിശ്വസിച്ചു. തന്ത്രപരമായ ഭീഷണികൾ എന്ന നിലയ്ക്ക് അദ്ദേഹം അവയൊക്കെ ഉപയോഗിക്കുകയും ചെയ്തിരുന്നു. കംബോഡിയയിലെയും ലാവോസിലെയും അമേരിക്കൻ ഇടപെടൽ ഇതിനു ദാഹരണമാണ്. പക്ഷെ, അന്ത്യം അടുത്തുകഴിഞ്ഞിരിക്കുന്നു. വിയത്നാമിൽനിന്നു പുറത്തു കടക്കാൻ അമേരിക്ക തീരുമാനിച്ചുകഴിഞ്ഞാൽ, ഒരു അമേരിക്ക—ചൈനാ ഒത്തുതീർപ്പ് ഉണ്ടായേ തീരൂ എന്നകാര്യം തീർച്ചയാണ്. കാരണം, അമേരിക്കൻ പ്രസിഡൻറിന്, തന്റെ അണികളെ, ചൈനയുടെ സഹായത്തോടെ വടക്കൻ വിയത്നാം നടത്തുന്ന ശക്തമായ ആക്രമണത്തിൽ നിന്ന് രക്ഷിക്കാനുള്ള ബാധ്യത മാത്രമല്ല ഉള്ളത്. വിയത്നാമിൽ നിന്നുള്ള പിൻവാങ്ങലിന്റെ ഫലമായി ആഭ്യന്തര—വിദേശരംഗങ്ങളിൽ ഉണ്ടായേക്കാവുന്ന തിരിച്ചടികളേയും അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടിവരും.

1970 ൽ സ്വർഗീയ സമാധാന കവാടത്തിൽ നിലനിന്നിരുന്ന പൊതു ധാരണ ഇതാണ്. എങ്കിലും ഏററവും വഷളായ സന്ദർഭത്തെപ്പോലും നേരിടാൻ തയ്യാറെടുപ്പ് നടന്നു കൊണ്ടിരുന്നു. (ചിലപ്പോഴൊക്കെ നല്ലതിൽ നിന്ന് ചീത്തയും ആവിർഭവിക്കാം.)

1969 ലെ വേനൽക്കാലത്ത്, ചൈനാ—അമേരിക്കൻ ബന്ധങ്ങളിൽ നിലവിലുണ്ടായിരുന്ന സംഘർഷാവസ്ഥയിൽ അയവു വരുത്താൻ നിക്സൻ ഭരണകൂടം പരസ്യമായി ആഹ്വാനം ചെയ്യുകയുണ്ടായി. അതേ വർഷത്തിന്റെ അവസാനത്തിൽ അവർ തായ്വാൻ ഉൾക്കടലിലെ സൈനിക റോന്തുചുററൽ അവസാനിപ്പിച്ചു. ചൈന ഇക്കാര്യം ശ്രദ്ധിക്കാതിരുന്നില്ല.

ഇരുകൂട്ടർക്കും യോജിക്കാവുന്ന ഒരു സ്ഥലവും സമയവും തിരഞ്ഞെടുത്തു് നിർത്തിവയ്ക്കപ്പെട്ടിരുന്ന വാഴ്സാ സംഭാഷണം പുനരാരംഭിക്കണമെന്ന നിർദ്ദേശവും നിക്സൺ ഭരണകൂടം മുന്നോട്ടു വയ്ക്കുകയുണ്ടായി. അങ്ങനെ 1970ൽ വാഴ്സയിൽ ചൈനയും അമേരിക്കയും തമ്മിലുള്ള പ്രാഥമിക ചർച്ചകൾ ആരംഭിച്ചു. പക്ഷെ കംബോഡിയയ്ക്കു നേരെയുണ്ടായ ആക്രമണത്തെ തുടർന്നു് ഈ സംഭാഷണം പെട്ടെന്നുതന്നെ നിർത്തിവയ്ക്കപ്പെടുകയാണുണ്ടായതു്. എങ്കിലും നിക്സൺ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. അദ്ദേഹം ഘട്ടം ഘട്ടമായി ചൈനയ്ക്കെതിരെയുള്ള വ്യാപാര, സഞ്ചാര നിരോധനങ്ങൾ ഒഴിവാക്കിക്കൊണ്ടിരുന്നു. അതേ വർഷത്തിലെ വസന്ത കാലത്തു് പ്രസിഡൻറ് നിയമിച്ച ഒരു കമ്മീഷൻ, ചൈനയ്ക്കു് ഐക്യരാഷ്ട്രസഭയിൽ അംഗത്വം നൽകേണ്ടതാണെന്നു് വാദിക്കുകയും ആദ്യമായി ചൈനയെ ഔദ്യോഗികമായി ജനകീയ റിപ്പബ്ലിക്കു് എന്നു വിശേഷിപ്പിക്കുകയും ചെയ്തു. പക്ഷെ, പെക്കിങ്ങിലെ നേതാക്കൾ ഇതെല്ലാം സംശയദൃഷ്ടിയോടെയാണു് വീക്ഷിച്ചതു്—മോസ്കോയും വാഷിങ്ടണും തമ്മിലുള്ള ഒരു ഒത്തുകളിയാണോ ഇതെന്നായിരുന്നു അവരുടെ സംശയം.

1970 ശരത്കാലത്ത്, താനോ തൻെറ പ്രതിനിധിയോ പെക്കിങ്ങിലേക്കു് സ്വാഗതം ചെയ്യപ്പെടുമോ എന്നറിയുന്നതിൽ നിക്സൺ വളരെയേറെ വ്യഗ്രത കാണിച്ചിരുന്നു എന്ന കാര്യം വ്യക്തമായിരുന്നു. അക്കാലത്ത് ചൈനയിലെത്തിക്കൊണ്ടിരുന്ന, അടിയന്തിര സ്വഭാവമുള്ളതും ആധികാരികവുമായ പല സന്ദേശങ്ങളും ഇതാണു് സൂചിപ്പിച്ചിരുന്നതു്. ചൂ എൻ ലായി നവംബറിൽ എനിക്കനുവദിച്ച ഒരഭിമുഖസംഭാഷണത്തിൽ, ഈ അന്വേഷണത്തിനുള്ള പരോക്ഷമായ മറുപടി അടങ്ങിയിരുന്നു. ചൈനാ—അമേരിക്കൻ സംഭാഷണങ്ങൾ ആരംഭിക്കാവുന്നതാണെന്നും പക്ഷെ ഇക്കാര്യത്തിൽ അമേരിക്ക ഗൗരവ പൂർണമായ താത്പര്യം പ്രകടിപ്പിച്ചാലേ അതു സാധ്യമാകൂ എന്നും അദ്ദേഹം പറഞ്ഞിരുന്നു.[3] 'ഗൗരവപൂർണം' എന്നതു കൊണ്ടു് അദ്ദേഹം അർത്ഥമാക്കിയിരുന്നതു്, തയ്വാൻ പ്രശ്നം കൈകാര്യം ചെയ്യുന്നതിനുള്ള യഥാതഥമായ ഒരു പരിശ്ര

[3] അധ്യായം 23 നോക്കുക.

മം നടത്തണം എന്നായിരുന്നു. മാവോയേയും ചൂ വിനേയും സംബന്ധിച്ചിടത്തോളം ഏഷ്യയിലെ മററു പ്രശ്നങ്ങളുടെയെല്ലാം തന്നെ പരിഹാരം ഇതിനെ അടിസ്ഥാനമാക്കിയാണിരിക്കുന്നതു്. ഇതേക്കുറിച്ച് വേണ്ടത്ര ഉറപ്പുകൾ കിട്ടിക്കൊണ്ടിരുന്നു എന്നതും വ്യക്തമാണു്. 1970—ലെ ഒക്ടോബർ ദിനാഘോഷവേളയിൽ ചൂ എൻ ലായ് എന്നെയും ഭാര്യയേയും മാവോയുടെ അടുത്തേക്ക് ആനയിക്കുകയും വാർഷിക പരേഡിൻെറ പശ്ചാത്തലത്തിൽ ഞങ്ങളുടെ ഫോട്ടോ എടുക്കുകയും ചെയ്തു. അന്നുവരെ ഒരമേരിക്കക്കാരനും അത്രമാത്രം ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. ചിന്തിക്കാൻ കഴിവുള്ളവർക്ക് പുതുതായി എന്തോ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ടു് എന്നു മനസ്സിലായി. അതേ തുടർന്നാണു് പിങ്ങ്പോങ്ങിൻെറ ആവിർഭാവമുണ്ടായതു്. ഡിസംബറിൽ ചെയർമാൻ മാവോ എന്നോടു് സംസാരിച്ചു. പിങ്ങ്പോങ്ങ് നടന്നതോടെ. നിക്സണോ അദ്ദേഹത്തിൻെറ പ്രതിനിധിയോ പെക്കിങ്ങിലേക്ക് സ്വാഗതം ചെയ്യപ്പെടും എന്നു് റിപ്പോർട്ട് ചെയ്യാനും എനിക്കു കഴിഞ്ഞു. പുതിയൊരു ചക്രവാളം ദൃശ്യമായിത്തുടങ്ങിയിരുന്നു.

ചെയർമാനുമായി നടത്തിയ സംഭാഷണങ്ങളെ പുരസ്കരിച്ച് *ലൈഫ്* മാസികയിൽ ഞാനെഴുതിയ റിപ്പോർട്ടിൻെറ തർജ്ജമയ്ക്കു് ചൈനയിലെ രാഷ്ട്രീയ,സായുധ നേതാക്കൾക്കിടയിൽ വിപുലമായ പ്രചാരമുണ്ടായി. തന്മൂലം പെക്കിങ്ങ്—വാഷിങ്ങ്ടൺ സംയുക്ത പ്രസ്താവന അവരെ വളരെയേറെയൊന്നും ആശ്ചര്യപ്പെടുത്തുകയുണ്ടായില്ല. ചൈനയിലെ പത്രങ്ങളിൽ ഇക്കാര്യത്തെക്കുറിച്ച് വളരെ ചുരുക്കം വരികളേ പ്രത്യക്ഷപ്പെടുകയുണ്ടായുള്ളവെങ്കിലും, ഏററവും താഴെയുള്ള കമ്യൂൺ തലം വരെ എല്ലാ മണ്ഡലങ്ങളിലും ഈ വിഷയം വളരെ ശ്രദ്ധാപൂർവ്വം ചർച്ച ചെയ്യപ്പെടുകയും വിശദീകരിക്കപ്പെടുകയും ചെയ്തിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. ഒരൊററകാര്യം മാത്രമേ ചൈനാക്കാരെ അമ്പരിപ്പിച്ചിരിക്കാനിടയുള്ളു. കീസിംഗർക്കു് തൻെറ സന്ദർശനം എങ്ങനെ രഹസ്യമായി സൂക്ഷിക്കാൻ കഴിഞ്ഞു എന്ന കാര്യം. രണ്ടാം ലോകമഹായുദ്ധകാലത്തു് അമേരിക്കൻ നയതന്ത്രജ്ഞന്മാരുമായി പരിചയപ്പെടാൻ കഴിഞ്ഞതിൽ നിന്നു്, അമേരിക്കക്കാർക്കു് രഹസ്യം

സൂക്ഷിക്കാനറിയില്ല എന്നാണ് ചൈനീസ് നേതാക്കൾ മനസ്സിലാക്കിയിരുന്നത്.

നിക്സൻെറ പരിപാടികളുടെ സാർവദേശീയ പ്രത്യാഘാതങ്ങളെക്കുറിച്ച മാത്രമല്ല, ആഭ്യന്തര രംഗത്ത് അതുണ്ടാക്കാൻ പോകുന്ന ഫലങ്ങളെക്കുറിച്ചും നിക്സൻെറ ഇപ്പോഴത്തേയും ഭാവിയിലേയും രാഷ്ട്രീയ പ്രവർത്തനങ്ങളിൽ അതുണ്ടാക്കാൻ പോകുന്ന നേട്ടങ്ങളെക്കുറിച്ചും ചൈനാക്കാർ ബോധവന്മാരായിരുന്നു. നിക്സൻെറ വരാനിരിക്കുന്ന സന്ദർശനത്തെക്കുറിച്ച സംസാരിക്കവെ, പ്രസിഡൻറ് തിരഞ്ഞെടുപ്പ് 1972 ലല്ലേ നടക്കുക എന്ന്, സാന്ദർഭികമായി, ചെയർമാൻ എന്നോട് ചോദിക്കുകയുണ്ടായി. 'അതിനാൽ ആദ്യം നിക്സൺ ഒരു പ്രതിനിധിയെ അയയ്ക്കുമായിരിക്കും. 1972 ആദ്യമാകുന്നതുവരെ നിക്സൺ സ്വയം ചൈന സന്ദർശിക്കാനിടയില്ല' ചെയർമാൻ കൂട്ടിച്ചേർത്തു.

1970 ആയപ്പോഴേക്കും ചൈന, ബൃഹത്തായ ശുദ്ധീകരണത്തിൻെറ വൈതരണി കടന്നു കഴിഞ്ഞിരുന്നു. ആഭ്യന്തര പുനർനിർമാണ പ്രവർത്തനങ്ങൾക്കായി വളരെയേറെ സമയം ചെലവഴിക്കേണ്ടി വന്നു. മാത്രമല്ല, അന്തർദേശീയ രംഗത്തെ ചൈനയുടെ ഒററപ്പെടലിന് അറുതി വരുത്തുന്നതിന് പല വേലിക്കെട്ടുകളും പുതുക്കിപ്പണിയുകയോ പുതുതായി നിർമിക്കുകയോ ചെയ്യേണ്ടതുമുണ്ടായിരുന്നു. ആഭ്യന്തര സംഘർഷങ്ങളുടെ കാലം ഏറെക്കുറെ പിന്നിട്ടുകഴിഞ്ഞിരുന്നു. ഈ ഘട്ടത്തിൽ തയ്വാൻ വീണ്ടെടുക്കാനും—ദേശീയ ഏകോപനത്തെ സംബന്ധിച്ചുള്ള മാവോയുടെ അവസാന ലക്ഷ്യം—ചൈനയ്ക്ക് അതിൻെറ മഹത്തായ നേട്ടങ്ങൾക്കും വലുപ്പത്തിനും കഴിവിനും അർഹമായ അംഗീകാരം ലഭിക്കത്തക്കവണ്ണം ലോകത്തെകൊണ്ട് സ്വീകരിപ്പിക്കാനും കഴിയുമെങ്കിൽ എന്തുകൊണ്ട് ആ വഴിക്കു പരിശ്രമിച്ചുകൂടാ? മാവോയുടെ ചിന്തകളിലോ പാഠങ്ങളിലോ ഒരിടത്തും അമേരിക്കയ്ക്കെതിരെ യുദ്ധം നടത്താനോ വിദേശാധിപത്യം സ്ഥാപിക്കാനോ ആഹ്വാനം ചെയ്തിട്ടില്ല. മാവോ സിദ്ധാന്തങ്ങൾ അണുവായുധങ്ങളിൽ ഒരു തരത്തിലും വിശ്വാസമർപ്പിക്കുന്നുമില്ല. ബോംബ് നിർമാണത്തിനും പ്രത്യാക്രമണ സംവിധാനങ്ങൾക്കുമായി ഭാരിച്ച തോതിൽ ചെലവു

ചെയ്യേണ്ടിവരുന്നുണ്ടായിരുന്നു. ആ ചെലവ് വർധിച്ചുകൊണ്ടിരിക്കുകയുമാണ്. ഒന്നിലേറെ തവണ അണുവായുധങ്ങൾ പൂർണമായി നിരോധിക്കാൻ ചൈന ആഹ്വാനം ചെയ്തുകഴിഞ്ഞിരുന്നു.

പക്ഷെ, ഒരു ചൈനാ—അമേരിക്കാ ഒത്തു തീർപ്പിന് ചൈനയെ പ്രേരിപ്പിച്ച ഘടകങ്ങളിൽ ഏററവും പ്രധാനം റഷ്യയുമായുള്ള ഇടപെടലുകളിൽ തങ്ങളുടെ തന്ത്രപരമായ സ്ഥാനം മെച്ചപ്പെടുത്താൻ കഴിയും എന്ന വിശ്വാസമായിരുന്നു അമേരിക്ക ഏഷ്യൻ വൻകരയിൽ നിന്ന് വിട്ടൊഴിയുകയും സോവിയററ് അമേരിക്കൻ ശാക്തിക കൂട്ടുകെട്ട് അവസാനിക്കുകയും ചൈനയ്ക്ക് ഐക്യരാഷ്ട്ര സഭയിൽ അംഗത്വം ലഭിക്കുകയും ചെയ്തു കഴിയുന്നതോടെ തങ്ങളുടെ സ്വാധീന ശക്തി ഗണ്യമായി വർധിക്കുമെന്ന് ചൈനീസ് നേതാക്കൾക്കറിയാമായിരുന്നു.

പക്ഷെ, ദുർബലമായ പരിതസ്ഥിതികളിൽ നിന്നുകൊണ്ടല്ല, മറിച്ച് തികച്ചും പ്രബലമായ ഒരു സ്ഥാനത്തു നിന്നുകൊണ്ടാണ് ചൈന സംഭാഷണത്തിനു മുതിരുന്നതെന്നകാര്യം കീസിംഗർക്ക് അറിയാമായിരുന്നോ? ചൈനീസ് നേതാക്കൾ കീസിംഗറെ ബഹുമാനിച്ചിരുന്നു. അവർ തങ്ങളുടെ രഹസ്യാന്വേഷണ വിഭാഗങ്ങൾ വഴിയും കീസിംഗർ എഴുതിയ ലേഖനങ്ങളിലൂടെയും അദ്ദേഹത്തെ മനസ്സിലാക്കിയിരുന്നു. പെക്കിങ്ങിൽ വച്ച് ഒരിക്കൽ എന്റെ ഒരു പഴയ സുഹൃത്തും പ്രധാനമന്ത്രി ചൂവിന്റെ വളരെ അടുത്ത രാഷ്ട്രീയ സഖാവുമായ ഒരാളോട് കീസിംഗറെക്കുറിച്ച് സംസാരിക്കാനിടയായത് ഞാനോർക്കുന്നു. കീസിംഗറെപ്പോലുള്ള ഒരാളുമായി വാക്കു തർക്കം നടത്താൻ കഴിയുന്നതിൽ അദ്ദേഹം തികച്ചും സന്തുഷ്ടനാണെന്നു തോന്നി. 'കീസിംഗറോ?' അദ്ദേഹം പറഞ്ഞു: 'രണ്ടു ലോകങ്ങളുടെയും—ഞങ്ങളുടെയും അദ്ദേഹത്തിന്റെയും—ഭാഷ മനസ്സിലാവുന്ന ഒരു വ്യക്തിയാണദ്ദേഹം. ആ സ്ഥാനത്ത് ഇതുപോലൊരു അമേരിക്കക്കാരൻ ഉണ്ടാവുന്നത് ആദ്യമായാണ്. അദ്ദേഹവുമായി സംഭാഷണം നടത്താൻ കഴിയേണ്ടതാണ്''.

ചൂവും കീസിംഗറും തമ്മിലുള്ള ചർച്ചയ്ക്ക്—പ്രസിഡൻറിന്റെ സംഭാഷണത്തിനുള്ള അജണ്ട—വിഷയീഭവിച്ചതെല്ലാം

വളരെ മൂർത്തമായ വിഷയങ്ങളായിരുന്നു. ഇരുകൂട്ടർക്കും തികച്ചും പുതുതെന്നവകാശപ്പെടാവുന്ന പ്രശ്നങ്ങളൊന്നും അക്കൂട്ടത്തിലില്ലായിരുന്നു. ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ നിക്സണെ, താഴെപ്പറയുന്ന നിർണ്ണായക തീരുമാനങ്ങളിലെത്തിക്കും. എന്നാണ് ചൈനാക്കാർ കരുതിയിരുന്നത് 1. ജനകീയ റിപ്പബ്ലിക്കിനെ ഐക്യരാഷ്ട്രസഭയിൽ അംഗമാക്കാനും തായ്‌വാനെ ചൈനയുടെ പരമാധികാരത്തിനു വിധേയമാക്കാനുമുള്ള തീരുമാനം. 2. വിയത്നാമിൽ നിന്ന് അമേരിക്കൻ ശക്തികളെ പിൻവലിക്കുന്നതിനും ഇന്തോ ചൈനയുടെ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനും വേണ്ടി ഒരു അന്തർദേശീയ സമ്മേളനം വിളിച്ചു കൂട്ടാനും ഹാനോയും സൈഗോണും തമ്മിലുള്ള പ്രശ്നങ്ങൾ ഒത്തുതീർപ്പിലെത്തിക്കാനും—ഇതിന്റെ ഫലമായി 'ചുരുങ്ങിയ ഒരിടവേളക്കാലത്തേയ്ക്കെങ്കിലും സൈഗോണിലെ അമേരിക്കൻ നിർമിത ഭരണകൂടത്തിന്റെ ചില അംശങ്ങളെങ്കിലും നിലനിൽക്കും—ഉള്ള തീരുമാനങ്ങൾ 3. യഥാവിധിയുള്ള ചൈനാ—അമേരിക്കൻ നയതന്ത്രബന്ധങ്ങൾ പുനഃസ്ഥാപിക്കാനുള്ള തീരുമാനം. ഈ പ്രശ്നങ്ങളിലെല്ലാം, ഒത്തുതീർപ്പിലെത്തിച്ചേരാൻ സഹായകമായ ഒരു കരടുരേഖ കീസിംഗർ നിക്സണ് എത്തിക്കേണ്ടതുണ്ടായിരുന്നു. എന്നിട്ടു വേണം നിക്സണ് പ്രധാനമന്ത്രിയുടെ ക്ഷണം സ്വീകരിക്കാൻ.

അമേരിക്കൻ നേതാക്കൾ യഥാർഥത്തിൽ ആഗ്രഹിച്ചിരുന്നുവെങ്കിൽ ഒത്തുതീർപ്പിലെത്തിച്ചേരാൻ സഹായകമായ വിധത്തിലുള്ള ഒരു ഫോർമുലയാണ് തയ്‌വാൻ പ്രശ്നത്തെക്കുറിച്ച് ചൈന എക്കാലവും ഉന്നയിച്ചിട്ടുള്ളത്. ആവർത്തിച്ചു വിശദീകരിക്കപ്പെട്ടിട്ടുള്ളതുപോലെ, രണ്ടു കാര്യങ്ങളാണിതിനു വേണ്ടത്. ഒന്നാമതായി, ചൈനയും അമേരിക്കയും തയ്‌വാൻ പ്രശ്നമടക്കം തങ്ങൾക്കിടയിലുള്ള എല്ലാ പ്രശ്നങ്ങളും സമാധാനപരമായ ഒത്തുതീർപ്പിലെത്തിക്കാൻ ആഗ്രഹമുണ്ടെന്ന് സംയുക്തമായി പ്രഖ്യാപിക്കണം. രണ്ടാമതായി, അമേരിക്ക തയ്‌വാൻ ജനകീയ റിപ്പബ്ലിക്കിന്റെ ഒരവിഭാജ്യഘടകമാണെന്ന് അംഗീകരിക്കുകയും തയ്‌വാനിൽ നിന്നും തയ്‌വാൻ ഉൾക്കടലിൽ നിന്നും തങ്ങളുടെ സായുധ സേനകളെ പിൻവലിക്കുകയും ചെയ്യണം. എപ്പോൾ എങ്ങനെ പിൻവലിക്കണം

തുടങ്ങി ഘട്ടം ഘട്ടമായി ചെയ്യേണ്ട കാര്യങ്ങൾ പിന്നീടുള്ള ചർച്ചകൾക്ക് വിഷയമാക്കാവുന്നതാണ്.

തങ്ങളും അമേരിക്കയും തമ്മിൽ തയ്വാൻ പ്രശ്നത്തെ ച്ചൊല്ലി നടന്നു വരുന്ന തർക്കങ്ങൾ ഒരു സാർവദേശീയ പ്രശ്നമാണെന്നും എന്നാൽ തങ്ങളും ചിയാങ്ങ്കൈഷേക്കും തമ്മിൽ ഇടവിട്ടിടവിട്ടു നടക്കുന്ന ആഭ്യന്തരയുദ്ധം തികച്ചും ഒരാഭ്യന്തരപ്രശ്നമാണെന്നുമായിരുന്നു ചൈനയുടെ നിലപാട്. അമേരിക്ക തയ്വാനിൽ നിന്നു് പിൻവാങ്ങുന്നതിനെക്കുറിച്ചുള്ള ഒത്തു തീർപ്പ് താത്കാലികമായി അംഗീകരിച്ചു കഴിഞ്ഞാൽ പല നിബന്ധനകളും വ്യക്തമായി നിർവചിക്കേണ്ടി വരും. അമേരിക്കയുടെ നിയന്ത്രണാധികാരങ്ങൾ അവസാനിപ്പിക്കുന്ന കാര്യത്തിലും, തയ്വാനുമായി ഇടപെടുന്ന കാര്യത്തിൽ പോലും ചൈന തികച്ചും യുക്തിസഹമായ നിലപാടുകൾ സ്വീകരിക്കുന്നാണ് സാധ്യത. ച്ചിയാങ്ങ് കൈഷേക്ക് തൻെറ മരണം വരെ തയ്വാനിൻെറ ഗവർണറോ മറേറാ ആയി തുടരാൻ ആഗ്രഹിക്കുകയാണെങ്കിൽ, തയ്വാനു് അല്പമൊക്കെ സ്വയം ഭരണാവകാശം അനുവദിച്ചു കൊടുക്കാൻ പോലും ചൈന തയ്യാറായെന്നിരിക്കും.

ആവശ്യമെങ്കിൽ ബലം പ്രയോഗിച്ചും തയ്വാനെ തിരിച്ചെടുക്കാനുള്ള തങ്ങളുടെ പരമാധികാരത്തെ ചൈന ഒരിക്കലും പരസ്യമായി തള്ളിപ്പറയുകയില്ല. പക്ഷെ, നാഷണലിസ്റ്റുകളും കമ്യൂണിസ്റ്റുകളും ചേർന്നു് പ്രശ്നത്തിനു് ഒരു സൈനികേതര പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി പരിശ്രമിക്കാനുള്ള സാധ്യതകൾ തെളിഞ്ഞിട്ടുണ്ട്. ചൈനയും അമേരിക്കയും തമ്മിൽ ഗൗരവതരമായ ചർച്ചകൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു എന്ന വസ്തുത, ഇതിനകം തന്നെ, പെക്കിങ്ങും തയ്വാനും തമ്മിൽ ലയന വ്യവസ്ഥകളെക്കുറിച്ച് രഹസ്യ സംഭാഷണങ്ങൾ നടക്കാൻ ഇടയാക്കിയിരിക്കാം. നിക്സൻെറ പ്രതീക്ഷകളിലൊന്നു് ഇതായിരുന്നു. സമാധാനപരമായ ലയനം തന്നെയാണ് തൻെറ ലക്ഷ്യമെന്നു് മാവോ എന്നോട് സൂചിപ്പിച്ചിരുന്നു. ആഭ്യന്തര യുദ്ധകാലത്തു് മററ് പ്രവിശ്യകളെല്ലാം സമാധാനപരമായി കീഴടങ്ങുകയുണ്ടായി എന്ന കാര്യവും അദ്ദേഹം എന്നെ ഓർമിപ്പിച്ചു.

പക്ഷെ തയ്‌വാൻ പ്രശ്നത്തിലുണ്ടാവുന്ന ഒത്തുതീർപ്പിനെ വിയത്നാമിലെ വെടിനിറുത്തൽ കരാറുമായും സൈനിക പിൻവാങ്ങലുമായും ബന്ധപ്പെടുത്താതെ വീക്ഷിക്കുക സാധ്യമല്ല. രണ്ടാമതു പറഞ്ഞ കാര്യങ്ങൾ നടപ്പിൽ വരുത്താൻ ആദ്യത്തേതുവരെ കാത്തിരിക്കാനുമാവില്ല. വിയത്നാമിലെ വിദേശസേനകൾ പൂർണമായും ഒഴിഞ്ഞു പോവുക എന്നതിൽ കുറഞ്ഞ യാതൊരൊത്തുതീർപ്പിനും പെക്കിങ്ങിന്റെ ഹാനോയ് സുഹൃത്തുക്കൾ തയ്യാറല്ല എന്ന കാര്യം അതിനകം തന്നെ ഹാനോയിയിൽ നിന്ന് നിക്സന്റെ പ്രലോഭനങ്ങൾക്കെതിരായി പെക്കിങ്ങിലെത്തിയിരുന്ന മുന്നറിയിപ്പുകളും പ്രതിഷേധങ്ങളും സൂചിപ്പിച്ചു കഴിഞ്ഞിരുന്നു. റഷ്യ ഇത്തരം അഭിപ്രായ വ്യത്യാസങ്ങളിൽ നിന്നു മുതലെടുപ്പു നടത്തുന്നതു് അനുവദിക്കാൻ പെക്കിങ്ങ് തയ്യാറായിരുന്നില്ല. തന്മൂലം ഹാനോയിയുടെയും ദേശീയ വിമോചന സേനയുടേയും പൂർണമായ പിന്തുണയില്ലാത്ത ഒത്തുതീർപ്പു നിർദേശങ്ങൾ ജനീവാ സമ്മേളനത്തിൽ വച്ച് എടുക്കാനാവില്ല എന്ന് പെക്കിങ്ങ് നേതാക്കൾ കീസിംഗറോട് വ്യക്തമാക്കിയിരുന്നു.

പൂർവേഷ്യയിലും ശാന്തസമുദ്രപ്രദേശത്താകെയും പൂർണമായ ''ദെത്താങ്ങ്'' നടപ്പാക്കുന്നതിനു മുൻപ് പരിഹരിക്കേണ്ടുന്ന പ്രാദേശിക പ്രശ്നങ്ങളാണ് മേൽപ്പറഞ്ഞവയെല്ലാം. അന്തർദേശീയ തലത്തിൽ ചൈനയ്ക്കുള്ള, അതു അടിയന്തിരസ്വഭാവമില്ലാത്തതും അതേ സമയം സമാന്തരവുമായ ലക്ഷ്യങ്ങളെക്കുറിച്ച് ഈ റിപ്പോർട്ടിൽ വിശദീകരിക്കാനുദ്ദേശിക്കുന്നില്ല. പക്ഷെ വിപ്ലവകരമായ സമരങ്ങൾക്ക് തുടർന്നും പിൻതുണ നൽകുക—ഒചൈനയുടെയും മുഴുവൻ ലോകത്തിന്റെയും താത്പര്യങ്ങൾ കണക്കിലെടുത്തു —എന്നതു് അവരുടെ ലക്ഷ്യമാണ്.

തന്റെ രാഷ്ട്രവുമായി യാതൊരു നയതന്ത്ര ബന്ധവും പുലർത്താത്ത ഒരു രാഷ്ട്രത്തിലേക്കാണ് പ്രസിഡന്റ് പ്രവേശിക്കുന്നതു്. ഈ രാഷ്ട്രത്തിന്റെ യഥാർഥ തലവനാകട്ടെ, യാതൊരു വിധഅധികാരസ്ഥാനങ്ങളും വഹിക്കാത്ത ഒരാളുമാണ്. നിക്സൻ പാർടി ചെയർമാനെ സന്ദർശിക്കുക എന്നതു് തീർച്ചയാണ്. പക്ഷെ ഒത്തുതീർപ്പു സംഭാഷണങ്ങളിൽ ഏറിയ പങ്കും നടത്തുന്നതു് ചൂ ആയിരിക്കും.

പ്രസിഡന്റ് കാണുന്ന ചൂ എൻ ലായ് ഏതു തരത്തിലുള്ള ആളായിരിക്കും? തീർച്ചയായും ലോകത്തിലെ ഏററവും കഴിവുററ നയതന്ത്രജ്ഞരിൽ ഒരാളാണ് ചൂ. പ്രസരിപ്പു തുടിക്കുന്ന, കോമളനായ ചൂ. എഴുപത്തിമൂന്നു വയസ്സായെങ്കിലും ഒരിക്കലും തളരാത്ത പ്രകൃതമാണ് അദ്ദേഹത്തിന്റേതു്. 1967 ആഗസ്റ്റിൽ, സംസ്കാരിക വിപ്ലവകാലത്തു് തന്റെ ജീവിതത്തിലെ ഏററവും അപകടകരമായ നിമിഷങ്ങളിൽ നിന്നു്, അനുരഞ്ജനങ്ങൾ വഴി അദ്ദേഹം പുറത്തു കടന്നു. യുവാക്കളുടെ ആരാധനാപാത്രമായിരുന്നു ചൂ. എന്നിട്ടുപോലും അദ്ദേഹത്തിനു് രണ്ടു ദിനരാത്രങ്ങൾ 'മഹത്തായ ഹാളിലെ തന്റെ ഓഫീസിനകത്തു്, അഞ്ചുലക്ഷത്തോളം ഇടതുപക്ഷ തീവ്രവാദികളായ റെഡ്ഗാർഡുകളാൽ വളയപ്പെട്ട നിലയിൽ കഴിച്ചുകൂട്ടേണ്ടി വന്നു. റെഡ്ഗാർഡ് നേതാക്കന്മാർ—ഇവരിൽ ചിലർ പിൽക്കാലത്തു് പ്രതിവിപ്ലവകാരികൾ എന്നു മുദ്രകുത്തപ്പെട്ടു് അറസ്ററു ചെയ്യപ്പെടുകയുണ്ടായി—ചൂ വിനെ തടവിലാക്കാനും കേന്ദ്രക്കമ്മററിയുടെ രേഖകൾ കൈവശപ്പെടുത്താനും ശ്രമിക്കുകയുണ്ടായി. മാവോയും ലിൻ പിയോവോയും അവിടെ ഉണ്ടായിരുന്നില്ല. ചൂ, രാവും പകലും ചെറിയ ചെറിയ ഗ്രൂപ്പുകളോട് തുടർച്ചയായി സംസാരിച്ചു്, ജനക്കൂട്ടത്തെ—എന്നോടു സംസാരിച്ചപ്പോൾ ചൂ അവരെ അങ്ങനെയാണ് വിശേഷിപ്പിച്ചതു്—പിരിഞ്ഞു പോകാൻ പ്രേരിപ്പിച്ചു. ഈ സംഭവത്തിനുശേഷമാണ് ലിൻ പിയാവോ ആയിരക്കണക്കിനു സൈനികരെ തലസ്ഥാനത്തെത്തിച്ചതും റെഡ്ഗാർഡുകളെ നിരായുധീകരിക്കാനും ശിഥിലീകരിക്കാനും—ഇതു കാരണം നിരവധി ആളപായങ്ങളുണ്ടായി—ഉള്ള ശ്രമമാരംഭിച്ചതും.

കീസിംഗർ പെക്കിങ്ങിൽ ചെലവഴിച്ച നാൽപത്തൊമ്പതു മണിക്കൂറിൽ ഇരുപതു മണിക്കൂറും ചൂവുമായി സംസാരിക്കാനാണ് വിനിയോഗിച്ചതു് എന്നു പറയപ്പെടുന്നു. ഇതൊരു സാധാരണ സംഭവമെന്നുമല്ല. ഞാൻ അദ്ദേഹവുമായി നടത്തിയ നിരവധി അഭിമുഖസംഭാഷണങ്ങളിൽ ഒന്നു് ഒരു ദിവസം, അത്താഴസമയത്തു് ആരംഭിച്ചു് പിറേറന്നു രാവിലെ ആറുമണിവരെ നീണ്ടു നിൽക്കുകയുണ്ടായി. ഞാൻ ക്ഷീണിച്ചു പോയി. അദ്ദേഹം എപ്പോഴത്തേയും പോലെ ഉന്മേഷവാനും. ''ഇ

നി നിങ്ങൾ അൽപം ഉറങ്ങണം'' ഞാൻ മന്ത്രിച്ചു. അദ്ദേഹം തല ചെരിച്ച് പൊട്ടിച്ചിരിച്ചു. 'എന്റെ ഉറക്കം കഴിഞ്ഞിരിക്കുന്നു; ഇനി ജോലി ചെയ്യാനാരംഭിക്കട്ടെ. അത്താഴത്തിനു മുൻപുള്ള അല്പനേരത്തെ മയക്കം—അതായിരുന്നദ്ദേഹത്തിന്റെ രാത്രിയുറക്കം.

കഴിഞ്ഞ പത്തു വർഷമായി താൻ ഒരിക്കൽ മാത്രമേ വിശ്രമമെടുക്കുകയുണ്ടായുള്ളവെന്ന്—ഒരാഴ്ച, അസുഖം പിടിപെട്ടപ്പോൾ—ചൂ എന്നോട് പറയുകയുണ്ടായി.

വ്യക്തിപരമായ രാഷ്ട്രീയ അധികാരങ്ങൾ പിടിച്ചു പററാനുള്ള ശ്രമങ്ങൾ ഒഴിവാക്കിക്കൊണ്ട്, ദേശീയവും വിപ്ലവപരവുമായ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ആവേശ പൂർവ്വം മുഴുകിയിട്ടുള്ള ഒരു പ്രവർത്തകനാണ് ചൂ. അദ്ദേഹത്തിന്റെ ശാന്തപ്രകൃതത്തിനു പിന്നിൽ ദൃഢചിത്തത ഒളിഞ്ഞു കിടപ്പുണ്ട്. നയങ്ങൾ നടപ്പാക്കുന്ന കാര്യത്തിലും വിശദാംശങ്ങളിൽ ശ്രദ്ധിക്കുന്ന കാര്യത്തിലും അസാധാരണമായ കഴിവു പ്രദർശിപ്പിക്കുന്നം ഒരാളാണ് ചൂ. അദ്ദേഹത്തിന്റെ വ്യക്തിബന്ധങ്ങളുടെ എണ്ണം നിരവധിയാണ്. വിട്ടുവീഴ്ചയില്ലാത്ത ഭരണശേഷിയും സർവവ്യാപിത്വവും അദ്ദേഹത്തിൽ സമന്വയിച്ചിട്ടുണ്ട്, സ്വയം മറന്നു കൊണ്ടുള്ള സമർപ്പണ മനോഭാവം, അദ്ദേഹത്തെ മാവോയുടെ 'രണ്ടാം വ്യക്തിത്വമാക്കി' മാററുന്നു.

മാവോയും ചൂവും തമ്മിലുള്ള ബന്ധത്തെ വിശേഷിപ്പിക്കാൻ ഏററവും അനുയോജ്യം സഹജീവിതം എന്ന പദമാണ്. തികച്ചും വ്യത്യസ്തമായ രണ്ടുപ്രവർത്തന ശൈലികളുടെയും വ്യക്തിത്വങ്ങളുടെയും ഉടമസ്ഥരാണ് ചൂവും മാവോയും. പക്ഷെ കഴിഞ്ഞ 37 വർഷത്തെ വിശ്വാസവും പരസ്പരാശ്രയത്വവും അവരെ പരസ്പരപൂരകങ്ങളാക്കിത്തീർത്തിരിക്കുന്നു. ചൂ ഒരിക്കലും ഒരു മാൻഡാരിൻ ആയിരുന്നില്ല. പക്ഷെ അദ്ദേഹത്തിന്റെ മുത്തശ്ശൻ ഒരു മാൻഡാരിനായിരുന്നു. 27 വർഷം ഒരു ഗറില്ലയായി കർഷക സാഹചര്യങ്ങളിൽ കഴിച്ചുകൂട്ടിയ ആളാണ് മാവോ. എങ്കിലും തന്റെ ഫ്യൂഡൽ പശ്ചാത്തലം തുറന്നു സമ്മതിക്കാൻ അദ്ദേഹത്തിന് യാതൊരു മടിയുമില്ല. കർഷക കുടുംബത്തിൽ ജനിച്ചുവളർന്ന പ്രതിഭാശാലിയായ ഒരു ബുദ്ധിജീവിയാണ് മാവോ. ജനങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ

പ്രജ്ഞാപരവും അനുഭവപരവുമായ അറിവിനെ ചൂ എപ്പോഴും ബഹുമാനിച്ചിരുന്നു, അംഗീകരിച്ചിരുന്നു.

മാവോ ഒരു ആക്റ്റിവിസ്റ്റാണ്. ചാലക ശക്തിയാണ് അപ്രതീക്ഷിതത്വവും പിരിമുറുക്കവും അയവും മാറിമാറി സൃഷ്ടിക്കുന്ന അതിവിദഗ്ധനായ ഒരു തന്ത്രജ്ഞനുമാണദ്ദേഹം. സുദീർഘമായ സ്ഥിരതയെക്കുറിച്ച് അദ്ദേഹത്തിന് സംശയമായിരുന്നു. മാറ്റത്തിന്റെ വേഗം അദ്ദേഹത്തെ ഒരിക്കലും തൃപ്തിപ്പെടുത്താറില്ല. എങ്കിലും ഏതെങ്കിലുമൊരു ലക്ഷ്യം ഘട്ടം ഘട്ടമായിപൂർത്തീകരിക്കാൻ വേണ്ടത്ര ക്ഷമാശക്തി അദ്ദേഹം പ്രദർശിപ്പിക്കും.

ഒരു പരിപാടി വളരെ വിശദമായി നടപ്പിലാക്കുന്നതിൽ ചൂസംതൃപ്തി കാണിക്കുന്നു;പക്ഷേ ഇതു മാവോയെ ബോറടിപ്പിക്കും. ചൂ വിനെ സംബന്ധിച്ചിടത്തോളം, പ്രശ്നം എത്ര കൂടുതൽ സങ്കീർണമാവുന്നുവോ അത്രയും സന്തോഷമാണ്. പ്രശ്നങ്ങളുടെ കാതൽ പെട്ടെന്നു കണ്ടെത്താനും അപ്രായോഗികമായ ഘടകങ്ങൾ വിട്ടുകളയാനും ആവശ്യമെങ്കിൽ ഘടകങ്ങൾ വിഘടിപ്പിക്കാനും ചൂവിനു കഴിയും. അദ്ദേഹം ആവശ്യമായ കരുക്കളെല്ലാം സജ്ജമാക്കിയല്ലാതെ ചൂതാടുകയില്ല. വിപ്ലവത്തിന്റെ പെൻഡുലം സ്ഥിരതയിലേക്ക് ആന്ദോളനം ചെയ്തു കഴിയുമ്പോഴാണ് ചൂ വിനു് ഏറ്റവും നന്നായി പ്രവർത്തിക്കാൻ കഴിയുക. അദ്ദേഹം ഒരു നിർമാതാവാണ്, കവിയല്ല.

ഈ രണ്ടു മഹാന്മാരുമായി സംഭാഷണം നടത്തിയപ്പോഴൊക്കെ എന്റെ പ്രധാന ചോദ്യങ്ങൾക്കെല്ലാം വളരെ സൂക്ഷ്മമായി മറുപടി പറഞ്ഞിരുന്നതു് ചൂ വാണ്. മാവോ പറയുന്നതെല്ലാം ശ്രദ്ധാപൂർവം കേൾക്കും. ഇടയ്ക്കൊക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചുരുക്കം ചില കാര്യങ്ങൾ പറയുകയോ വിശാലമായ വൈരുധ്യാത്മക വീക്ഷണത്തെക്കുറിച്ച് കൂടുതൽ വിശദീകരിച്ചു തരികയോ മാത്രം ചെയ്യും. ചൂ, നിരവധി സ്വീകരണസത്കാരങ്ങളിൽ താല്പര്യപൂർവം (എന്നു തോന്നും വിധം) പങ്കെടുക്കും. മാവോ സൽക്കാരങ്ങൾ വെറുക്കുന്നു. ചെറിയ ഗ്രൂപ്പുകളാണദ്ദേഹത്തിനിഷ്ടം. ചൂ ആഹാര പ്രിയനാണെങ്കിലും മിതമായി ക്ഷണം കഴിക്കുന്ന പ്രകൃതക്കാരനാണ്. ഏരുവുകൂട്ടി ഹുനാൻ രീതിയിൽ പാകം ചെയ്തിട്ടുള്ള സരളമായ ആഹാരപദാർഥങ്ങളാണ് മാവോയ്ക്കിഷ്ടം.

ഇരുവരും വളരെ മിതമായി മാത്രം മദ്യപിക്കുന്നു. രണ്ടുപേരും തങ്ങളുടെ പ്രത്യേക രീതികളിൽ അങ്ങേയററം അച്ചടക്കം പുലർത്തുന്നവരാണ്. നിക്സണുമായുള്ള ഒത്തുതീർപ്പു സംഭാഷണം നടക്കുമ്പോൾ കച്ചറ–പിച്ചറ കാര്യങ്ങളെല്ലാം ചൂ ആയിരിക്കും നിർവഹിക്കുക. മാവോ അരങ്ങിനു പിന്നിൽ ആയിരിക്കും പക്ഷെ അവസാന തീരുമാനങ്ങളെല്ലാം അദ്ദേഹത്തിൻെറതായിരിക്കും.

നിക്സൻെറ ഉദ്ദേശങ്ങളെപ്പററി ചൈനാക്കാർ ധരിച്ചിരുന്നതു് എന്തുതന്നെയായാലും, തങ്ങളെ വന്നു കാണാനുള്ള സൗമനസ്യം പ്രകടിപ്പിക്കുകയും അതുവഴി മാവോ സെ തുങ്ങിൻെറയും തങ്ങളുടെയും അന്തസ്സു വർധിപ്പിക്കുകയും ചെയ്തു ഒരാളെന്ന നിലയ്ക്കു് അദ്ദേഹത്തിനു് നേരിയ ഒരളവിലെങ്കിലും ചൈനീസ് ജനതയുടെ അഭിനന്ദനം പിടിച്ചുപററാൻ കഴിഞ്ഞിട്ടുണ്ടു്. മുൻകാലങ്ങളിൽ ആശ്രിത രാജാക്കന്മാർ പെക്കിങ്ങിനു് കപ്പം കൊടുത്തിട്ടുണ്ടു്. പക്ഷെ ലോകത്തിലെ ഏററവും പ്രബലമായ രാഷ്ട്രത്തിൻെറ തലവൻ പെക്കിങ്ങിൽ വരുന്നതു് ഇതാദ്യമായാണു്. ഇത്തരത്തിലുള്ള ഒരു നീക്കം തന്നെ, കഴിഞ്ഞ രണ്ടു ദശകങ്ങളായി ഇരുരാഷ്ട്രങ്ങൾക്കുമിടയിൽ കുമിഞ്ഞുകൂടിയിരുന്ന പരസ്പര വിദ്വേഷവും വൈരവും ശമിപ്പിക്കാൻ ഇടയാക്കിയെന്നു വരും. ഈ നീക്കം അമേരിക്കക്കാരുടെ ബലഹീനതയെയാണു് സൂചിപ്പിക്കുന്നതെന്നു് വ്യാഖ്യാനിക്കപ്പെട്ടേക്കാമെന്ന ഒരു ദൂഷ്യമുണ്ടു്. പക്ഷെ അതു് സൗമനസ്യത്തിൻെറ ലക്ഷണമായി അംഗീകരിക്കപ്പെടാനും സഹവർത്തിത്വത്തിനുള്ള സാധ്യതകൾക്കുമെച്ചപ്പെടുത്താനുമാണു് കൂടുതൽ സാധ്യത.

സുവർണകാലഘട്ടം ഇപ്പോഴും വളരെ അകലെയാണെന്നാണു് തോന്നുന്നതു്. ഏററവും രൂക്ഷമായ വിധത്തിലുള്ള സമരങ്ങളുടെയും നീക്കുപോക്കുകളുടെയും കാലമാണു് തൊട്ടു മുന്നിൽ കാണപ്പെടുന്നതു്. ചൈനക്കു് കൊറിയയെയും വിയത്നാമിനെയും തൃപ്തിപ്പെടുത്തിയേ തീരൂ. അമേരിക്കക്കാണെങ്കിൽ ജാപ്പാനെ വലിച്ചെറിയാൻ വയ്യ. ചൈനാക്കാർ കമ്യൂണിസവും മാവോയുടെ ലോകവീക്ഷണവും ഉപേക്ഷിച്ചു് നല്ലൊരു കാർഷിക ജനാധിപത്യ രാഷ്ട്രമാവാൻ പരിശ്രമിക്കുകയാണെന്നു് അമേരിക്കക്കാർ തെററിദ്ധരിക്കാൻ ഇടയുണ്ടു്. അതു് അപ

കടമാണ്. കൂടുതൽ യഥാർഥമായ ഒരു ലോകം നമ്മുടെ കാഴ്ച വട്ടത്തുണ്ട്. പക്ഷെ, അതു് പലവിധത്തിലുള്ള പ്രത്യയശാസ്ത്രങ്ങളുടെ ഒരു മധുര മിശ്രിതമായിരിക്കുമെന്നോ അല്ലെങ്കിൽ വിപ്ലവമാർഗത്തിലുള്ള ചൈനയുടെ വിശ്വാസത്തിനവുതി വരുത്തുമെന്നോ ഒക്കെയുള്ള ധാരണകൾ, നിരാശയ്ക്കിടവരുമ്പോൾ, വീണ്ടും വിടവുകളുടെ ആഴം വർധിപ്പിക്കാനേ ഉതകൂ. വിപ്ലവങ്ങൾ മൂലം മാററങ്ങൾക്കു വിധേയമാകാത്ത ഒരു ലോകം—ചൈനയുടെ ഏററവുമടുത്ത സുഹൃത്തുക്കൾ വിപ്ലവരാഷ്ട്രങ്ങളല്ലാത്ത ഒരു ലോകം—ചൈനയുടെ വീക്ഷണത്തിലില്ല. പക്ഷെ രാഷ്ട്രങ്ങൾക്കിടയിൽ താരതമ്യേന കൂടുതൽ സമാധാനം പുലരുന്ന ഒരു ലോകം, അമേരിക്കയുടേതെന്ന പോലെ, ചൈനയുടെയും ആവശ്യമാണ്. അതിൽ കൂടുതൽ മോഹിക്കുന്നതു് നിരാശയ്ക്കു് വിരുന്നൊരുക്കലാവും.

●

അനുബന്ധം

മലകൾക്കുതെക്ക്, കടലുകൾക്കു വടക്ക്.

1965 ജനുവരി ഒൻപതു്
ചെയർമാൻ മാവോയുമായി നടത്തിയ അഭിമുഖ സംഭാഷണം.

ചൈനയിൽ തിരിച്ചെത്തി രണ്ടുമാസം കഴിഞ്ഞു്, ഒരു ദിവസം, 1965 ജനുവരി ഒൻപതാം തീയതി, മാവോ സെതുങ്ങ് മൊത്തു് അത്താഴം കഴിക്കാൻ എനിക്കു് ക്ഷണം ലഭിച്ചു. അന്നു് എനിക്കു് പുറമെ അവിടെ ഉണ്ടായിരുന്ന ചൈനീസ് ഉദ്യോഗസ്ഥന്മാർ ഇരുവരും വിപ്ലവത്തിനു മുൻപുള്ള നാളുകൾ മുതലേ എന്റെ സുഹൃത്തുക്കളാണു്; മാഡം കങ്ങ്പെങ്ങും, അവരുടെ ഭർത്താവ് ചിയാവോ കുവാഹുവായും. കങ്ങ്പെങ്ങിനെയും അവരുടെ സഹോദരി കങ്ങ് പുഷെങ്ങിനെയും, അവർ സർവകലാശാലാവിദ്യാർഥികളായിരുന്ന കാലം മുതൽ എനിക്കു പരിചയമുണ്ടു്. ഒരു ക്രൈസ്തവ സർവകലാശാലയായിരുന്നുയെൻചിങ്ങ് (ഇപ്പോളത് സിങ്ങ്ഹാ സർവകലാശാലയുടെഭാഗമാണു്). യുദ്ധത്തിനു്മുൻപ് പെക്കിങ്ങിൽ താമസിച്ചുകൊണ്ടിരിക്കെ അല്പകാലം ഞാൻ അവിടെ ലക്ചറായിരുന്നിട്ടുണ്ടു്. പിന്നീട് നിരവധി വർഷങ്ങളോളം, കങ്ങ്പെങ്ങ്, ചൂ എൻ ലായുടെ പ്രൈവററ് സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. ഇപ്പോളവർ വിദേശകാര്യ മന്ത്രിയുടെ അസിസ്റ്റൻറാണു്; അവരുടെ ഭർത്താവ് ഒരു ഉപ വിദേശകാര്യമന്ത്രിയും.[1] ഇരുവർക്കും ഇംഗ്ലീഷ് നല്ലപോലെ അറിയാം.

---

[1] കുങ്ങ്പെങ്ങ്, അവരുടെ സഖാക്കളെയും അനേകമനേകം വിദേശ സുഹൃത്തുക്കളെയും ദുഃഖത്തിലാഴ്ത്തിക്കൊണ്ടു് 1970ൽ നിര്യാതയായി. അവർക്കു ബ്റെയിൻ ട്യൂമറായിരുന്നു. ചിയാവോ കുവാഹുവ, 1971 നവംബറിൽ ഐക്യരാഷ്ട്ര സമിതിയോഗത്തിൽ പങ്കെടുക്കാനെത്തിയ ആദ്യത്തെചൈനീസ് പ്രതിനിധി സംഘത്തിന്റെ തലവനായിരുന്നു.